# ആദർശപുരുഷന്മാർ

32361

3953

ഗ്രന്ഥകർത്താ:-

കെ. കേശവൻ നായർ.

തത്തമംഗലം.

പ്രസാധകന്മാർ:

പി. കെ. ബ്രദേഴ്സ്,

കോഴിക്കോട്.

NATIONAL BOOK S... SPCS LTD BR. KOTTA...

1953] [വില: 14 ണ.

*First Edition*
*Copy-right to Publishers*

Registered Publishers:

**P. K. BROTHERS, CALICUT.**

**Regd. No. 66.**

**PRINTED AT**

**THE PRAKASAKAUMUDI PRINTING WORKS, CALICUT.**

# ഉള്ളടക്കം


1. ശങ്കരാചാര്യർ. 1

2. ശ്രീ രാമാനുജാചാര്യർ. 40

3. ഖാൻസഹോദരന്മാർ. 67

# ആദർശപുരുഷന്മാർ.

## 1. ശങ്കരാചാര്യർ

**ജനനം:** – മനോമോഹനമായ മലനാടിൻെറ തെക്കെ അററത്തായി തിരുവിതാംകൂർ—കൊച്ചി സംസ്ഥാനം കിടക്കുന്നു. അവിടത്തെ ഒട്ടും അപ്രധാനമല്ലാത്ത ഒരു തീവണ്ടി ആപ്പീസ്സാണ് ആലുവായ്. ഈ ആപ്പീസ്സിനു കിഴക്കായി 'കാലടി' എന്ന ഒരു സ്ഥലം കാണാം. അവിടെയായിരുന്നു ശങ്കരൻ ജനിച്ചതു്.

ശങ്കരൻെറ ജനനസ്ഥലത്തെപ്പററി ഭിന്നാഭിപ്രായങ്ങൾ ഉണ്ടു്. അദ്ദേഹം ജനിച്ചതു് ചിതംബരത്തായിരുന്നുവെന്നു് ഒരു മഹാൻ അഭിപ്രായപ്പെടുന്നു. മണിമഞ്ജരിയുടെ ഗ്രന്ഥകാരൻ കാലടിതന്നെയാണു് അദ്ദേഹത്തിൻെറ പിറന്ന നാട്ടു് എന്നും സ്ഥാപിക്കുന്നു. തൃശ്ശൂരിന്നടുത്തു് പാഴൂർ പടിഞെ എന്ന ഒരു നമ്പൂതിരി ഇല്ലമുണ്ടായിരുന്നു. അവിടെയായിരുന്നു ശങ്കരൻെറ അമ്മയുടെ ജനനം. ഹിമാലയത്തിലെ ബദരികാശ്രമത്തിലുള്ള നാരായണക്ഷേത്രത്തിൽ പണ്ടു കാലംമുതൽക്കേ പൂജകവൃത്തി നടത്തിവന്നിരുന്നതു് മലബാറിലെ നമ്പൂതിരിമാരായിരുന്നു. ആ ക്ഷേത്രസ്ഥാപകനായിരുന്നു ശങ്കരൻ. അവിടെ നമ്പൂതിരിയുടെ സാന്നിദ്ധ്യം കൊണ്ടു് ശങ്കരൻെറ ജന്മദേശം മലയാളമാണെന്നും, അദ്ദേഹം ഒരു നമ്പൂതിരികുടുംബത്തിൽ പെട്ടവനാണെന്നും ഊഹിക്കാവുന്നതാണു്.

അക്കാലത്ത് കാലടിയിൽ രാജശേഖരൻ എന്ന ഒരു പ്രമാണിയുണ്ടായിരുന്നു. ഒരു ദിവസം രാത്രി അദ്ദേഹം ഒരു സ്വപ്നംകണ്ടു. തൻെറ തലസ്ഥാനനഗരിക്കു സമീപത്തായി ഒരു ദിക്കിൽ ശിവൻ ലിംഗരൂപത്തിൽ പ്രത്യക്ഷനായിരിക്കുന്നുവെന്നായിരുന്നു ആ സ്വപ്നം. ഭക്താഗ്രേസരനായ അദ്ദേഹം ആ പുണ്യസ്ഥലത്ത് ഒരു ക്ഷേത്രം നിമ്മിച്ചു പൂജാദികമ്മങ്ങൾ നടത്തുവാൻ അവിടെ ഒരു അഗ്രഹാരവും ഉണ്ടാക്കി ബ്രാഹ്മണരെ പാപ്പിക്കുകയും ചെയ്തു. ആ അന്തണന്മാരിൽ ഒരാളായിരുന്നു വിദ്യാധിരാജൻ. വിദ്യാനിപുണനായ അദ്ദേഹത്തിനു് ശിവഗുരു എന്ന ഒരു പുത്രൻ ജനിക്കുകയും ചെയ്തു.

കാലോചിതമായ വിദ്യകളെല്ലാം അഭ്യസിച്ചതിനുശേഷം പ്രായമായതോടുകൂടി ശിവഗുരു വേളികഴിച്ചു് യഥാക്രമം ഗാർഹസ്ഥ്യം സ്വീകരിച്ചു. എന്നാൽ അവരുടെ ദാമ്പത്യവല്ലി വളരെക്കാലം പുഷ്പിക്കുകയുണ്ടായില്ല. ഭാര്യാഭത്താക്കന്മാരുടെ നൈരാശ്യം മുഴുത്തുതുടങ്ങി. മുക്കണ്ണനെ അവർ പുത്രലാഭാത്ഥം പ്രാത്ഥിച്ചു ആ സമയത്തു് ശിവൻ ദേവന്മാരെയെല്ലാം ക്ഷണിച്ചുവരുത്തി ഹിന്ദുമതത്തെ പുനരുദ്ധരിപ്പിക്കുന്നതിനുള്ള വഴികളെപ്പററി ഗാഢമായി ചിന്തിക്കുകയായിരുന്നു. പ്രീതനായിത്തീന്ന നീലകണ്ഠൻ വിപ്രപത്നിയായ ശാരദാംബയെ അനുഗ്രഹിച്ചു. അന്നു രാത്രി ഉറക്കത്തിൽ ശിവൻ തന്നോടു് ഇങ്ങനെ ചോദിക്കുന്നപോലെ ആ സാധ്വിക്കു തോന്നി—"ഭവതിക്കു് ബുദ്ധിമന്ദന്മാരായ വളരെ മക്കൾ വേണോ, അല്ല അതിബുദ്ധിമാനായ ഒരു പുത്രൻ വേണോ? എന്നാൽ ആ സുതൻ യൗവനത്തിൽത്തന്നെ മരിക്കും. ഏതാ വേണ്ടതെന്നു് വേഗത്തിൽ പറയൂ."

ശാരദാംബ ധമ്മസങ്കടത്തിൽ പെട്ടു. കുറെനേരം ആ ലോചിച്ചതിൽപ്പിന്നെ ഇങ്ങനെ ഉണർത്തിച്ചു:—"പ്രഭോ! എൻെറ ഗർഭത്തിൽ മതിമാനായ മകൻ പ്രസവശിച്ചാൽ മതി."

ശങ്കരൻെറ ജനനത്തെപ്പററിയും ഭിന്നാഭിപ്രായങ്ങാം ഉണ്ട്. ചിതംബരത്തിലെ ഒരു ഭക്തബ്രാഹ്മണനൻ പത്നീസ മേതനായി കുറെ വഷങ്ങാം കഴിച്ചുകൂട്ടിയതിനുശേഷം സ ന്യാസം സ്വീകരിച്ച് അടുത്തുണ്ടായിരുന്ന ഒരു അടവിയിൽ ചെന്നു തപശ്ചര്യയിലേപ്പെട്ടു. സ്ത്രീയാവട്ടെ, നടരാജനെ സേവചെയ്യാനും തുടങ്ങി. കൊല്ലങ്ങാം കുറെ കഴിഞ്ഞു. അ വളുടെ ഭക്തികണ്ടു് സംതൃപ്തനായിത്തീന്ന ഭഗവാൻ വിസ്മ യാവഹമായ വിധത്തിൽ ഒരു പുത്രനെ പ്രസവിക്കുവാൻ അവാംക്ക് സംഗതി വരുത്തിക്കൊടുത്തു. ആ പുത്രനായിരു ന്നുവത്രെ ശങ്കരൻ.

കാലടിയിലെ യുവതിയായ ഒരു ബ്രാഹ്മണവിധവ സമവയസ്കകളായ കുറെ പെൺകുട്ടികളോടുകൂടി ശിവക്ഷേ ത്രത്തിലേയ്ക്കു പോയിയെന്നും, അവരിൽ ചിലർ പുത്രലാഭാ ത്ഥം പ്രാത്ഥിച്ചപ്പോാം കൂടെ അവളും പ്രാത്ഥിച്ചുവെന്നും, ശിവൻ സന്തുഷ്ടനായി അവാംക്ക് ഒരു പുത്രനെ പ്രദാനം ചെയ്തുവെന്നും, ആ കുട്ടിയാണു് ശങ്കരൻ എന്നും ആണു് മറെറാരഭിപ്രായം.

ഈ ഐതിഹ്യങ്ങളെ അന്നാട്ടുകാർ പൂണ്ണമായും വി ശ്വസിച്ചു. അതിൻെറ ഫലമായിട്ടായിരുന്നു മാതാവിൻെറ ശവസംസ്കാരവേളയിൽ ശങ്കരനു് പല വിഷമതകളും നേരി ട്ടതു്. എന്നാൽ ഇന്നത്തെ പണ്ഡിതന്മാർ അവയെ

ല്ലാം അടിസ്ഥാനരഹിതങ്ങളാണെന്ന് യുക്തിയുക്തം സ്ഥാപിച്ചിരിക്കുന്നു. സന്ന്യാസം സ്വീകരിക്കുന്ന കാലത്തും, ശവദാഹസമയത്തും ശങ്കരൻ ജനനിയുടെ നേരെ അതിരററ സ്നേഹവും ഭക്തിയും പ്രദശിപ്പിച്ചിട്ടുണ്ട്. അമ്മയുടെ അന്ത്യകാലത്തെ മോഹം സാധിപ്പിക്കുവാൻ ബ്രാഹ്മണർ ഇടവരുത്തിക്കൊടുക്കാതിരുന്നതിനാൽ അവരെ അദ്ദേഹം കലശലായി ആക്ഷേപിക്കുകയും ചെയ്തു. കുലടയായ മാതാവ്, ഋണബാദ്ധ്യസ്ഥനായ പിതാവ്, ബുദ്ധിമന്ദനായ പുത്രൻ എന്നിവരെ ഹിന്ദുക്കൾ പരമശത്രുക്കളായിട്ടാണ് പരിഗണിച്ചു വന്നിരുന്നത്. തൻെറ വാത്സല്യവും, ബഹുമതിയും സമ്പാദിക്കുവാൻ തക്ക യോഗ്യതകൾ ആ മഹതിക്കില്ലായിരുന്നുവെങ്കിൽ, ശങ്കരൻ പെററമ്മയ്ക്കുവേണ്ടി കഷ്ടപ്പാടുകൾ സഹിക്കുവാൻ ഒരുമ്പെടുകയില്ലായിരുന്നനേ. ഒരു സന്ന്യാസിക്ക് മാതൃകമ്മങ്ങൾ ചെയ്വാൻ അഹതയില്ലെന്ന ന്യായത്തിന്മേലായിരിക്കാം ബന്ധുജനങ്ങൾ അദ്ദേഹത്തെ ആക്ഷേപിച്ചതും, സഹായിക്കാതിരുന്നതും.

ശങ്കരൻെറ ജനനസ്ഥലത്തേയും, ജനനത്തേയും പററി നിണ്ണയിക്കുവാൻ എത്രത്തോളം ബുദ്ധിമുട്ടുകൾ ഉണ്ടോ അതിലേറെ ബുദ്ധിമുട്ടുകൾ അദ്ദേഹത്തിൻെറ ജനനകാലം നിണ്ണയിക്കുവാനും ഉണ്ടെന്നാണ് ചരിത്രകാരന്മാർ പറയുന്നത്. കൃത്യമായ ജനനകാലം ഇനിയും ലഭിച്ചിട്ടില്ല. ശങ്കരൻ സ്ഥാപിച്ച ശൃംഗേരിമഠത്തിൽ അദ്ദേഹത്തിൻെറ പിൻഗാമികളുടെ പേരുകൾ എഴുതിവെച്ചിട്ടുണ്ട്. എന്നാൽ നിർഭാഗ്യവശാൽ അത് ഒരു പൂണ്ണപട്ടിക ആയിട്ടില്ല. പല തെററുകളും അതിൽ കാണാം പുറമെ അതിൽ ശങ്കരൻെറ

അടുത്ത പിൻഗാമിയായ സുരേശ്വരാചാര്യരുടെ ജനനം എ. ഡി. 700ലോ അതിനുശേഷമോ ആണെന്നു കാണിച്ചിരിക്കുന്നു. വിക്രമകാലത്തിലെ എട്ടാംശതകത്തിൻെറ അവസാനകാലത്താണ് ഈ സന്യാസിയുടെ ജനനം എന്നും രേഖപ്പെടുത്തിട്ടുണ്ട്. മററുള്ളവരുടെ തെററിനു് കുറെ അരുവിട്ടുകൊടുത്താലും, ആലോചിച്ചുനോക്കിയാൽ ശങ്കരൻ ജനിച്ചതു് എ. ഡി. 788-ലായിരുന്നു എന്നു തീർച്ചപ്പെടുത്താം.

വേറെയും രണ്ടു കാരണങ്ങളെ അടിസ്ഥാനപ്പെടുത്തി ചരിത്രകാരന്മാർ ശങ്കരൻെറ ജനനകാലം ഇതുതന്നെയെന്നു സ്ഥാപിച്ചിരിക്കുന്നു. മാധവൻെറ ഗ്രന്ഥത്തിൽ ബുദ്ധമതക്കാർ കാശ്മീരിലോ, ഹിമവൽപ്രദേശങ്ങളിലോ ആയിരുന്നു അധിവസിച്ചിരുന്നതെന്നു കാണുന്നു. ശങ്കരൻെറ കാലത്തു് മഗധ ബുദ്ധമതത്തിൻെറ കേന്ദ്രസ്ഥാനമായിരുന്നുവെന്നോ, ബുദ്ധന്മാർ അധികം പാർത്തിരുന്ന രാജ്യമായിരുന്നുവെന്നോ പറയുന്നില്ല. എന്നാൽ ഏതാനും ചില ബൗദ്ധന്മാർ അവിടെ ഉണ്ടായിട്ടുണ്ട്. ഏഴാം നൂററാണ്ടിൻെറ മദ്ധ്യത്തിൽ ശിലാദിത്യൻദ്വിതീയൻെറ കാലത്തു് മഗധ ബുദ്ധമതപ്രാധാന്യമുള്ള ഒരു സംസ്ഥാനമായിരുന്നുവെന്നു് ഹ്യൂയൻഷാങ്ങ് അഭിപ്രായപ്പെട്ടിരിക്കുന്നു. അതിനാൽ ഈ സംസ്ഥാനത്തിൽ ബുദ്ധമതം ക്ഷയിച്ചുവരുവാൻ 150 സംവത്സരങ്ങൾ ഒരു ദീർഘകാലമല്ല. സംബന്ധൻ എന്ന തമിഴസന്യാസിയെപ്പററി ശങ്കരൻ ഭക്തിപരമായ ചില ഗാനങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ അദ്ദേഹത്തിൻെറ ശരിയായ വിവരണം അടങ്ങിയിരിക്കുന്നു. പരേതനായ പ്രൊഫസർ സുന്ദരംപിള്ള സംബന്ധൻെറ കാലം നിർണ്ണയിച്ചിട്ടുള്ളതു്

കൃത്യമാകയാൽ, നാം നിശ്ചയിച്ച ശങ്കരാചാര്യരുടെ ജനനകാലവും ശരിയായിത്തന്നെയിരിക്കണം.

**ബാല്യകാലവും വിദ്യാഭ്യാസവും:**—ശങ്കരൻെറ ബാല്യകാലത്തെ ജീവിതരീതിയിൽ പറയത്തക്ക പ്രത്യേകതകളൊന്നും ഉണ്ടായിരുന്നില്ല ചെറുപ്പത്തിൽ വിദ്യ അഭ്യസിക്കുവാൻ ആരംഭിച്ചു. കുട്ടിയുടെ അസാധാരണബുദ്ധിസാമത്ഥ്യം ഗുരുവിനെക്കൂടി വിസ്മയിപ്പിക്കയുണ്ടായത്രെ.

കുമാരൻെറ ഉപനയനം ഏഴാമത്തെ വയസ്സിൽ നടത്തി. എന്നാൽ പിതാവിന്ന് ആ കമ്മം നടത്തുവാനോ അതു കാണ്മാനോ യോഗമുണ്ടായില്ല. അദ്ദേഹം നിര്യാതനായിരിക്കുന്നു. അതിനാൽ മാതാവിൻെറ ഭാരമായിത്തീൎന്നു ആ കമ്മം നിർവ്വഹിക്കുന്നതു്. വിധിയാംവണ്ണം അതു നടത്തിയതിന്നുശേഷം, അന്നത്തെ ആചാരപ്രകാരം വേദങ്ങളും വേദാംഗങ്ങളും പഠിപ്പിക്കുവാൻ വേണ്ട ഏപ്പ്പാടുകൾ ചെയ്തു. ആരായിരുന്നു ശങ്കരൻെറ ആചാര്യൻ എന്നു് അറിവാൻ കഴിഞ്ഞിട്ടില്ല. രണ്ടുമൂന്നു കൊല്ലംകൊണ്ടു് എല്ലാ വേദങ്ങളും, ശാസ്ത്രങ്ങളും പഠിച്ചു. എട്ടാമത്തെ വയസ്സോടുകൂടി വിദ്യാഭ്യാസം അവസാനിക്കുകയും ചെയ്തു.

വിദ്യാഭ്യാസം പൂത്തിയായതിന്നുശേഷം ശങ്കരൻ ഗുരുവിൻെറ ഗൃഹത്തിൽ നിന്നു് സ്വഗൃഹത്തിലേയ്ക്കു മടങ്ങി. അപ്പോഴെയ്ക്കും അവൻെറ ജ്ഞാനസുഗന്ധം നാട്ടിലെങ്ങും പരന്നു. "ശങ്കരൻ ബുദ്ധിമാനാണു്; സൽസ്വഭാവിയാണു്; ശോഭനമായ ഭാവി അവന്നുണ്ടു്" എന്നെല്ലാം ഓരോരുത്തർ പറഞ്ഞു നടക്കയായി. അതോടുകൂടി ശങ്കരൻെറ വിവാഹാലോചനയും ആരംഭിച്ചു. കന്യകമാരുള്ള പിതാക്കൾ ഓ

രോരുത്തരായി ഇല്ലത്തു വന്നുതുടങ്ങി. പുത്രിക്ക് വിദ്യാസമ്പന്നനായ വരനെ ലഭിക്കുവാനാണല്ലോ പിതാവ് ആഗ്രഹിക്കുക.

അക്കാലത്ത് നമ്പൂതിരിമാരുടെ ഇടയിൽ എട്ടു വയസ്സുമാത്രം പ്രായമുള്ള ഒരു ബാലൻ വിവാഹം കഴിക്കുക എന്നത് നടപ്പില്ലാത്ത സംഭവമായിരുന്നു. എന്നാലും യോഗ്യന്മാരായ പല നമ്പൂതിരിമാരുടേയും അപേക്ഷ നിരസിക്കുവാൻ ശങ്കരൻെറ മാതാവിന് ധൈര്യം വന്നില്ല അവർ ജാതകപ്പൊരുത്തം നോക്കുകയായി.

ഇതിലിടയ്ക്ക് മറെറാരു സംഭവം നടന്നു. ഒരു ദിവസം അഗസ്ത്യമഹർഷി മററു മഹർഷിമാരോടൊരുമിച്ച് ശങ്കരൻെറ ഗൃഹത്തിൽ ആഗതനായി. ഗൃഹനായികയും മഹർഷിയും തമ്മിൽ ഓരോന്നു സംസാരിച്ചക്കൂട്ടത്തിൽ ശങ്കരൻെറ ആയുസ്സിനെപ്പററിയും സംസാരിച്ചു. അഗസ്ത്യൻ പറഞ്ഞു:— "പുണ്യവതീ! നിങ്ങൾ മുമ്പ് ശിവനോട് അല്പായുസ്സുള്ളവനാണെങ്കിലും, അതിബുദ്ധിമാനായ പുത്രനെ തന്നാൽ മതി എന്നല്ലേ പറഞ്ഞത്? അതിനാൽ ശങ്കരൻ യൗവ്വനത്തിൽ മരിക്കുന്നതിൽ അത്ഭുതമില്ലല്ലോ."

ശങ്കരൻ ഈ വാക്കുകൾ കേട്ടു. അവ അദ്ദേഹത്തിൻെറ ജീവിതത്തിന് പെട്ടെന്ന് ഒരു മാററം ഉണ്ടാക്കിക്കൊടുത്തു. ലോകത്തെ പരിത്യജിച്ച് സന്ന്യാസം സ്വീകരിക്കുവാൻ അദ്ദേഹം ഉറച്ചു അങ്ങനെ വിവാഹാലോചന സമാപ്തമാകയും ചെയ്തു.

പുത്രൻെറ വൈരാഗ്യം മാതാവിനെ എത്രത്തോളം ഖേദിപ്പിച്ചുവെന്നു പറയേണ്ടതില്ലല്ലോ. തൻെറ അനാഥ

സ്ഥിതിയോർത്ത് അവരം കരഞ്ഞുതുടങ്ങി. മരണാശേഷം ശേഷക്രിയചെയ്യാൻ ആരുമില്ലല്ലോ എന്നോർത്ത് അവരം മൂർച്ഛിച്ചു വീണു. ഒരു സന്യാസിക്ക് ഒരു കർമ്മത്തിനും അവകാശമില്ല; മാതാപിതാക്കന്മാരുടെ ഉദകക്രിയയ്ക്കുപോലും അവകാശമില്ല. അമ്മയുടെ പരിതാപകരമായ അവസ്ഥ കണ്ടു് ശങ്കരൻ വ്യസനിച്ചു. എങ്കിലും അവരെ ഇങ്ങനെ പറഞ്ഞു സമാധാനപ്പെടുത്തി:—"അമ്മേ! എന്തിന്ന സങ്കടപ്പെടുന്നു? ഞാൻ സന്യാസിയായാലും, ആയില്ലെങ്കിലും നിങ്ങളുടെ അന്ത്യകാലത്ത് അടുത്തെത്തിക്കൊള്ളാം. ശേഷക്രിയകളെല്ലാം തീർച്ചയായും ചെയ്യാം. അമ്മയാണെ ഇതു് സത്യംതന്നെ!

ഈ വാക്കുകളുണ്ടോ അനാഥയായ ആ മാതാവിൻെറ ഹൃദയത്തിന് ആശ്വാസം നൽകുന്നു! ശങ്കരൻ ഒരു അവസരം കാത്തുകൊണ്ടിരിപ്പായി. ദൈവമതം നോക്കുക! ഏറെത്താമസിയാതെതന്നെ ഒരു സംഭവം നടക്കയും ചെയ്തു.

ഒരു ദിവസം അമ്മയും മകനുംകൂടി പുഴയിൽ കുളിക്കുവാൻ ചെന്നു. ശങ്കരൻ വെള്ളത്തിൽ ഇറങ്ങി ഒന്നു മുങ്ങി. അപ്പോൾ അവൻെറ കാലിൽ ഒരു മുതല പിടികൂടി. ഉടനെതന്നെ ബാലൻ അമ്മയോടു് ഇങ്ങനെ ഉറക്കെ പറഞ്ഞു:—"അമ്മേ! ഞാൻ ഇതാ മരിക്കാറായി. ഒരു മുതല എന്നെ ഇതാ വലിച്ചുകൊണ്ടുപോകുന്നു. ഒരു സന്യാസിയായി മരിക്കാനുള്ള മോഹം നിറവേററിത്തന്നാലും. അതിന് എന്നെ അനുവദിച്ചാലും. എന്നാൽ എനിക്ക് മനസ്സമാധാനത്തിൽ മരിക്കാം."

ഈ ഘട്ടത്തിൽ ആ സാധ്വസ്ത്രീ എന്തുചെയ്യും? താമസം കൂടാതെ പുത്രനു സന്യസിക്കുവാൻ പൂർണ്ണസമ്മതം നൽകി. വെള്ളത്തിൽനിന്ന് ശങ്കരൻ കയറുന്നതു് സന്യാസിയായിട്ടാണ്! അമ്മയോട്ട് തൻെറ വാഗ്ദാനം വീണ്ടും ആവർത്തിച്ചുപറഞ്ഞു് ഉറപ്പുകൊടുത്തു. അവരെ ബന്ധുജനങ്ങളുടെ സംരക്ഷണയിൽ ഇരുത്തി; തൻെറ സ്വത്തു മുഴുവനും അവക്കു കൊടുത്തു. അനന്തരം സന്യാസം നൽകുവാൻ തക്ക യോഗ്യതയുള്ള ഒരു ഗുരുവിനെ അന്വേഷിച്ചുംകൊണ്ടു് ശങ്കരൻ ഗൃഹം വിട്ടിറങ്ങി.

ത്യാഗം:—ഭാരതത്തിൽ വിശിഷ്ടാചാര്യന്മാരുള്ള മതസ്ഥാപനങ്ങൾ മിക്ക സ്ഥലങ്ങളിലും കാണാവുന്നതാണ്. വിവിധവിജ്ഞാനശാഖകളിൽ പ്രത്യേകപ്രാവീണ്യം സിദ്ധിച്ച പാരമ്പര്യനേതാക്കന്മാരും ഉണ്ടായിട്ടുണ്ടു്. ബാദരായണൻെറ വേദാന്തസൂത്രം, ജൈമിനിയുടെ കർമ്മസൂത്രം മുതലായ ഗ്രന്ഥങ്ങൾ രാജ്യത്തിലെ വിവിധഭാഗങ്ങളിലെ ചില പ്രത്യേകവിദ്യാലയങ്ങളിൽ പഠിപ്പിച്ചുവന്നിരുന്നു. അവയെ ശിഷ്യഗണങ്ങൾ വിശ്വാസത്തോടുകൂടി വാഗ്രൂപേണയാണ് പഠിച്ചുവന്നതു്. അത്തരം വിദ്യാസ്ഥാപനങ്ങളിൽ ഒന്നായിരുന്നു നർമ്മദാതീരത്തിലെ സ്ഥാപനം. ശങ്കരൻ അതിനെയാണ് തിരഞ്ഞെടുത്തതു്.

കേവലം ഒരു് ആശ്രമം മാത്രമായിരുന്ന ഈ സ്ഥാപനത്തിൻെറ അധിപൻ ഗോവിന്ദൻ എന്ന മഹാസന്യാസിയായിരുന്നു. പ്രഖ്യാതനായ ഗൗഡപാദനായിരുന്നു അദ്ദേഹത്തിൻെറ ഗുരുവും, മുൻഗാമിയും. ഗോവിന്ദസ്വാമിയിൽനിന്നാണു് ശങ്കരനു് വേദാന്തം പഠിക്കുവാൻ സാധിച്ചതു്.

അദ്ദേഹത്തിൻെറ പേരിൽ ശിഷ്യൻ അപാരമായ ഭക്തി പ്രദർശിപ്പിച്ചിരുന്നു. ശങ്കരകൃതികൾ എടുത്തുനോക്കിയാലും ഈ സംഗതി കാണാവുന്നതാണ്. ഗൗഡപാദൻെറ പേരിലും അദ്ദേഹത്തിന് അതിരററ ഭക്തിയും ബഹുമാനവും ഉണ്ടായിരുന്നു.

ശങ്കരനും ഗുരുവും തമ്മിലുണ്ടായ ആദ്യസന്ദർശനത്തെപ്പററി മാധവൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"ശങ്കരൻ ആശ്രമത്തിൽ ചെന്നു് ഗുരുപാദങ്ങളിൽ വീണു നമസ്കരിച്ചു. ആരാണെന്നു് ഗുരു ചോദിച്ചപ്പോൾ ഇങ്ങനെ പറഞ്ഞു:—ഞാൻ അഗ്നിയല്ല; വായുവല്ല; ഭൂമിയല്ല; ജലമല്ല. എന്നാൽ എല്ലാം ശക്തികളിലും അന്തർലീനമായി കിടക്കുന്ന പരമമായ ശക്തിയാണ്. അദ്വൈതം പഠിക്കുന്നതിന്നു മുമ്പു തന്നെ ശങ്കരൻ അദ്വൈതം പ്രസംഗിക്കുവാൻ തുടങ്ങിയെന്നാണ് ഇതിൽനിന്നു് അദ്ദേഹം ഊഹിക്കുന്നതു്.

മറെറാരു പണ്ഡിതൻ പറയുന്നതു നോക്കുക. "ഹിമാലയത്തിലായിരുന്നു ആശ്രമം. ശങ്കരൻ അവിടെച്ചെന്നു് ഗോവിന്ദഗുരുവിനെ കണ്ടു് നമസ്കരിച്ചു. താൻ ആരാണെന്നു ചോദിച്ചപ്പോൾ ഇങ്ങനെ പറഞ്ഞു:—ഞാൻ കേരളത്തിലെ ഒരു സാധുബ്രാഹ്മണനായ ശിവഗുരുവിൻെറ പുത്രനാണ്. ബാല്യത്തിൽത്തന്നെ പിതാവു് മരിച്ചുപോയി. മാതാവിൻെറ സംരക്ഷണയിൽ വളൎന്നുവന്നു. എനിക്കു് നല്ലപോലെ ശാസ്ത്രപഠനം സിദ്ധിച്ചിട്ടുണ്ടു്. സന്യാസിയുടെ കാഷായവസ്ത്രം എനിക്കു തന്നാലും.

അക്കാലത്തു് ഒരുപക്ഷെ ശങ്കരൻ കെട്ടിയതായിരിക്കാം ബദരീനാഥക്ഷേത്രം എന്നു് ആ പണ്ഡിതൻ ഊഹിക്കുന്നു.

3953

ഇതെല്ലാം കേട്ട് ഗോവിന്ദഗുരു സന്തോഷിച്ചു. അനന്തരം പ്രാഥമികചടങ്ങുകൾ നിർവ്വഹിച്ചതിനുശേഷം ശങ്കരന് പൂർണ്ണസന്യാസം നൽകുകയും, ഗൗഡപാദനിൽനിന്ന് താൻ പഠിച്ച വേദാന്തം പഠിപ്പിക്കുകയും ചെയ്തു. എത്ര കാലം ശിഷ്യത്വം സ്വീകരിച്ചിരുന്നുവെന്നും, എത്രകാലം പഠിച്ചുവെന്നും നമുക്ക് അറിവാൻ സാധിച്ചിട്ടില്ല. എന്നാൽ ഗണ്യമായ ഒരു ദീർഘകാലം എടുത്തിട്ടുണ്ടായിരിക്കണം എന്ന് ചരിത്രകാരന്മാർ പറയുന്നു. അതിന്നു മതിയായ തെളിവ് ഇതാണ്. പഠിപ്പു കഴിഞ്ഞ ഉടൻ ശങ്കരൻ ആശ്രമം വിട്ട് കാശിക്കു ചെന്ന്, ശിഷ്യന്മാരെ സ്വീകരിച്ച്, കൃതികൾ രചിച്ച്, വേദാന്തം പ്രസംഗിക്കുവാനും, പ്രചരിപ്പിക്കുവാനും ഉദ്യമിക്കയാണുണ്ടായത്. ഗുരുതന്നെയായിരുന്നു അദ്ദേഹത്തെ അയച്ചതും.

**കാശിയിലെ ജീവിതം:**—അക്കാലത്ത് കാശി വിദ്വൽസംഘങ്ങളുടെ കേന്ദ്രമായിരുന്നു. അവിടെവെച്ച് ശങ്കരൻ പല വേദാന്തവിഷയങ്ങളും പ്രസംഗിക്കുവാൻ തുടങ്ങി. അനേകംപേർ ശിഷ്യന്മാരായിത്തീരുവാൻ ഏറെ താമസം വേണ്ടിവന്നില്ല. ആ ശിഷ്യന്മാരിൽ ഒരാൾ ചിതംബരത്തുകാരനായിരുന്നു. ബ്രാഹ്മണയുവാവായിരുന്ന അദ്ദേഹമായിരുന്നു പിന്നീട് ശങ്കരാചാര്യരുടെ ഉത്തമശിഷ്യനായ പത്മപാദനായിത്തീർന്നത്.

പത്മപാദന് ഗുരുവിന്റെ പേരിൽ അളവററ ഭക്തിയുണ്ടായിരുന്നു. ശങ്കരന് അയാളുടെ പേരിൽ പ്രത്യേക വാത്സല്യം തോന്നുവാനുണ്ടായ കാരണം അതായിരിക്കണം. ഇതു് മററുശിഷ്യന്മാർക്ക് രസിച്ചില്ല. താൻ പത്മപാദനെ

പ്രത്യേകം സ്നേഹിക്കുവാൻ കാരണമെന്തെന്നു് ഒരു ദിവസം ഗുരു അവരെ മനസ്സിലാക്കിക്കൊടുത്തു. അവരുടെ മുമ്പിൽ വെച്ചു് ഗുരുവിൻെറ ആജ്ഞപ്രകാരം പത്മപാദൻ ഗംഗാജലത്തിൻെറ മീതെക്കൂടി നടന്നു് അക്കരെച്ചെന്നു. മററുള്ളവർക്കു് അതു സാധിച്ചില്ല. അപ്പോൾ ശങ്കരൻ പറഞ്ഞതു് ഇതായിരുന്നു:—"എൻെറ പേരിൽ പത്മപാദനു് ഉത്തമവിശ്വാസമുണ്ടു്. അതുകൊണ്ടാണു് ഈ ദുഷ്കരകർമ്മം ചെയ്യാൻ സാധിച്ചതു്. അത്തരം ദൃഢവിശ്വാസമുള്ളവനു് മലകൂടെ മറിച്ചിടുവാൻ കഴിയും. അവൻെറ പേരിൽ പ്രത്യേകവാത്സല്യം പ്രദർശിപ്പിക്കുവാനുള്ള കാരണം അതുതന്നെ."

ശങ്കരാചാര്യർ തൻെറ ഗ്രന്ഥങ്ങൾ ഏതു ക്രമത്തിലായിരുന്നു എഴുതിയതെന്നു പറവാൻ പ്രയാസം. എന്നാൽ ചെറിയചെറിയവയായിരുന്നു ആദ്യമാദ്യം എഴുതിയവയെന്നു് ഊഹിക്കുവാൻ വഴിയുണ്ടു്. വിഷ്ണുസഹസ്രനാമമാണു് അദ്ദേഹം ആദ്യമായി ആരംഭിച്ചതെന്നു പറയുന്നു. പ്രധാനപ്പെട്ട ഉപനിഷത്തുക്കൾക്കും, ഗീതയ്ക്കും, വേദാന്തസൂത്രത്തിനും വ്യാഖ്യാനങ്ങൾ എഴുതുന്നതിനുമുമ്പു് അദ്ദേഹം പല വിഷയങ്ങളെപ്പററിയും അനേകം ചെറിയ ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. അവിവാഹിതനായ യുവാവു് സന്യസിക്കുന്നതിനെപ്പററി പലരും ആക്ഷേപിച്ചിരുന്നു. അത്തരം ആക്ഷേപങ്ങൾക്കു് ഒരു മറുപടിയാണത്രെ ഗീതയുടെ വ്യാഖ്യാനം.

ആചാര്യസ്വാമികൾ പല അവസരങ്ങളിലും ഏകവിഷയപ്രബന്ധങ്ങൾ പലതും എഴുതീട്ടുണ്ടു്. ഒരു് അവസ

രം പ്രത്യേകം പ്രസ്താവ്യമാണത്രെ. ഒരു ദിവസം മദ്ധ്യാഹ്ന ത്തിൽ ശങ്കരൻ ഗംഗാസ്നാനത്തിന് ശിഷ്യന്മാരോടുകൂടി തെരുവിൽകൂടി പോകയായിരുന്നു. ആ സമയത്ത് ഒരു ചണ്ഡാളൻ നായ്ക്കളേയുംകൊണ്ട് അവരുടെ അടുത്തുകൂടെ പോയി. ശിഷ്യന്മാർ അതുകണ്ട് അവനോട് വഴിമാറുവാൻ ഉറക്കെ പറഞ്ഞു. എന്നാൽ ആ ചണ്ഡാളൻ സ്വാമികളോട് ഇങ്ങനെ സൈര്യം പറഞ്ഞു:—നിങ്ങൾ അദ്വൈതം പഠിപ്പിക്കുന്ന ഗുരുവാണത്രെ! ഇങ്ങനെ വ്യത്യാസത്തിൽ പെരുമാറുവാനാണോ പഠിപ്പിക്കുന്നത്?"

സ്വാമികൾക്ക് ചണ്ഡാളന്റെ ആ ചോദ്യം ഉള്ളിൽ തറച്ചു. ഉടനെതന്നെ അദ്ദേഹം 'മനീഷാപഞ്ചകം' എന്ന അഞ്ചു ഭംഗിയേറിയ ശ്ലോകങ്ങൾ നിർമ്മിച്ചു. ഓരോ ശ്ലോകവും ഇങ്ങനെയാണ് അവസാനിച്ചതു്:—"വിശേഷകാഴ്ചകളെ ഈ അദ്വൈതപ്രഭയിൽ എവൻ വീക്ഷിക്കുവാൻ പഠിച്ചിട്ടുണ്ടോ അവനാണ് എന്റെ യഥാർത്ഥഗുരു; അവൻ ഒരു ചണ്ഡാളനായാലുംശരി ഒരു ദ്വിജനായാലും ശരി. ഇതാണ് എന്റെ വിശ്വാസം"

ഗുരുവിന്റെ ചെറിയ പദ്യങ്ങളിൽ ഏററവും പ്രധാനപ്പെട്ടതിന്റെ ഉത്ഭവവും ഇതുപോലെയുണ്ടായ മറെറാരു സംഭവംകൊണ്ടാകുന്നു. പന്ത്രണ്ടു ശ്ലോകങ്ങൾ അടങ്ങിയ പദ്യമായിരുന്നു അതു്. അതിന്റെ അവസാനം, "അല്ലയോ വിഡ്ഢി! ഗോവിന്ദനെ പൂജിക്കുക, ഗോവിന്ദനെ പൂജിക്കുക, ഗോവിന്ദനെ പൂജിക്കുക. മരണകാലം അടുക്കുമ്പോൾ വ്യാകരണനിയമങ്ങൾ ആവർത്തിച്ചതുകൊണ്ട് നിനക്കു രക്ഷയില്ല," എന്നാകുന്നു. കാശിയിൽവെച്ച് ഒരു ശിഷ്യൻ സംസ്കൃ

തവ്യാകരണം അത്യാസക്തിയോടുകൂടി പഠിക്കുന്നതു് ശങ്കരൻ കണ്ടു. അത്തരം വിഷയങ്ങൾ ആത്മാവിന്റെ മോക്ഷപ്രാപ്തിക്കു് ഉതകണം എന്ന ഉദ്ദേശത്തോടുകൂടി അദ്ദേഹം ഗാനാലാപം തുടങ്ങുകയും, സംഗീതമാധുരിയോടുകൂടിയ ഒരു പദ്യം രചിക്കുകയും ചെയ്തു. ഭക്തിസമ്പൂർണ്ണമായ അതു് ഭാരതഭൂമി മുഴുവൻ പ്രസിദ്ധപ്പെടുകയുണ്ടായി.

ഈ വിധത്തിൽ ശങ്കരൻ കാശിയിൽ കുറെക്കാലം കഴിച്ചുകൂട്ടി. ജനോപദ്രവംകൂടാതെയിരിപ്പാൻ ചിലപ്പോഴൊക്കെ ബദരിയിലേക്കും പോകുക പതിവായിരുന്നു അവിടെവെച്ചു് പല ഗ്രന്ഥങ്ങളും എഴുതി, അവയെ വിദ്വാന്മാൎക്കു് കാണിച്ചുകൊടുത്തു് അവരുടെ ഉപദേശവും അഭിപ്രായവും അനുസരിച്ചു് പുതുക്കി എഴുതുകയും ചെയ്തിരുന്നു.

കാശിയിൽ താമസിക്കുന്നകാലത്തു് പ്രധാനപ്പെട്ട മറെറാരു സംഭവവും ഉണ്ടായതായി പറയുന്നു. ഒരു ദിവസം വേദാന്തസൂത്രനിൎമ്മാതാവായ വ്യാസമഹൎഷി ഒരു വൃദ്ധന്റെ വേഷത്തിൽ ശങ്കരവസതിയിൽ വരികയുണ്ടായി. വേദാന്തസൂത്രത്തിനു് ശങ്കരൻ വ്യാഖ്യാനമെഴുതിയ വിവരം ശിഷ്യന്മാരിൽനിന്നു് അദ്ദേഹം ഗ്രഹിച്ചു. ഒരു നിസ്സാരസംഗതിയെപ്പററി അവർതമ്മിൽ തൎക്കമായി. ആ വാദം ഒരാഴ്ചക്കാലം നീണ്ടുനിന്നു. രണ്ടുപേരും വഴിപ്പെടാഞ്ഞതു കണ്ടപ്പോൾ പത്മപാദൻ മാദ്ധ്യസ്ഥ്യംവഹിച്ചു്, ഇങ്ങനെ പ്രാൎത്ഥിച്ചു:—“വിഷ്ണുവിന്റേയും ശിവന്റേയും അവതാരങ്ങൾ തമ്മിൽ വാദം മതിയാക്കിയാലും! ലോകത്തിനു് സമാധാനം ഉളവാക്കിയാലും!”

മേൽപ്പറഞ്ഞ സംഭവത്തിൽനിന്ന് ശങ്കരൻ വേദാന്ത സൂത്രത്തിന് എഴുതീട്ടുള്ള വ്യാഖ്യാനത്തിൽ ചില ഭാഗങ്ങ ൾ തർക്കത്തിന് അവകാശമുള്ളവയാകുന്നു എന്ന് ഊഹി ക്കാം. അതിനാൽ പല കൂട്ടരോടും അദ്ദേഹത്തിനു തർക്കി ക്കേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ വൃദ്ധനെ എളുപ്പത്തി ൽ തൃപ്തിപ്പെടുത്തുവാൻ സാധിച്ചില്ല. ഈ വാദത്തോടുകൂടി ശങ്കരൻ ഏററവും പ്രഖ്യാതനായ അദ്വൈതാചാര്യനായി ത്തീരുകയും ചെയ്തു.

**പര്യടനാരംഭം:**—ആചാര്യസ്വാമികൾ മുഖ്യമായ ഗ്രന്ഥങ്ങൾ നിർമ്മിച്ചുകഴിഞ്ഞു് അവയെ പരിശോധിച്ചു് ത ൻെറ ശിഷ്യന്മാരെ പഠിപ്പിച്ചതിനുശേഷം അവരോടുകൂടി കാശിവിട്ടു. ആ സമയത്തു് ആ ദിക്കിലെ രത്നസിംഹൻ എ ന്നപ്രമാണി സ്വാമികളോടിങ്ങനെ പറഞ്ഞു:—"പ്രഭോ! ഒ രിക്കലും ഈ നഗരം വിട്ടുപോകരുതു്! ഇവിടെത്തന്നെയിരു ന്നു് ഞങ്ങൾക്കു ജ്ഞാനോദയം ഉണ്ടാക്കിത്തന്നാലും!" അതി ന്നു് ശങ്കരൻെറ മറുപടി ഇതായിരുന്നു:—"ഞാൻ ഒരു ദിക്കി ൽത്തന്നെ സ്ഥിരമായിരിക്കാതെ ഭാരതം മുഴുവനും ചുററിന ടന്നു പ്രസംഗിച്ചു് കാലം കഴിക്കണമെന്നാണു് എൻെറ ഗുരു കല്പിച്ചിട്ടുള്ളതു്. അതിനാൽ കാശിയിൽ താമസിക്കു വാൻ എന്നെ നിർബ്ബന്ധിക്കരുതു്." പണ്ടത്തെ രാജാക്ക ന്മാരും പ്രഭുക്കന്മാരും വിദ്വാന്മാരെ ബഹുമാനിക്കുന്നതിലും, മതം, ശാസ്ത്രം മുതലായവ നാട്ടിൽ പരത്തുവാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതിലും ബദ്ധശ്രദ്ധന്മാരായിരുന്നുവെന്നു് മേൽപ്പറഞ്ഞ സംഭവം തെളിയിക്കുന്നു. ശങ്കരൻ ചെന്നേ ടത്തെല്ലാം അവരുടെ ആനുകൂല്യങ്ങൾ ഉണ്ടായി. തൽഫ

ലമായിട്ടായിരുന്നു അദ്ദേഹത്തിൻെറ കീർത്തിയും സ്വാധീന ശക്തിയും സർവ്വത്ര പരന്നത്. അദ്ദേഹത്തിന് യഥാർത്ഥ യോഗ്യതയുണ്ടായിരുന്നു എന്ന സംഗതി നിസ്തർക്കമായരുന്നു തന്നെ.

നാട്ടിലെ പ്രമാണികളുടെ സഹായത്തോടുകൂടി ശങ്കരൻ പുറപ്പെട്ടു. ഇക്കാലത്ത് അദ്ദേഹത്തിന് വയസ്സ് 25-ൽ കവിഞ്ഞിരിക്കണം. അപ്പോഴാണ് സന്യാസം സ്വീകരിച്ചത്. ആദ്യം പ്രയാഗയിൽ ഇറങ്ങി ഗംഗയും യമുനയും ചേരുന്ന സ്ഥാനത്ത് സ്നാനംചെയ്തു. പ്രാർത്ഥനാസമയത്ത് അദ്ദേഹം മാതാപിതാക്കന്മാരെ സ്മരിച്ചു.

കുളികഴിഞ്ഞ് ഗുരുവും ശിഷ്യന്മാരുംകൂടി നദീതീരത്തുണ്ടായിരുന്ന വൃക്ഷങ്ങളുടെ തണലിൽ ഇരുന്നു വിശ്രമിച്ചു. ആ സമയത്ത് ഉത്തരേന്ത്യയിലെ ബുദ്ധമതത്തെ നിർമ്മൂലനാശംചെയ്ത കുമാരിലഭട്ടൻ അഗ്നിപ്രവേശനത്തിനൊരുമ്പെട്ടിരിക്കുന്ന വിവരം അദ്ദേഹത്തിനു ഗ്രഹിക്കുവാൻ സംഗതിയായി.

**കുമാരിലഭട്ടൻ:**— കുമാരിലഭട്ടൻ ആസ്സാമിലെ ഒരു ബ്രാഹ്മണകുടുംബത്തിലായിരുന്നു ജനിച്ചത്. കാലോചിതമായ വിദ്യകളെല്ലാം അഭ്യസിച്ചു. ബുദ്ധമതത്തോട് വലിയ പ്രതിപത്തിയുണ്ടായിരുന്നതിനാൽ അദ്ദേഹം ഒരു ബൗദ്ധൻെറ വേഷം ധരിച്ച്, ഒരു ബൗദ്ധഗുരുവിൽനിന്ന് ആ മതതത്വങ്ങളെല്ലാം പഠിച്ചു. അങ്ങനെയിരിക്കെ, ഒരു ദിവസം അദ്ദേഹത്തിൻെറ ഗുരു വേദങ്ങളെ ആക്ഷേപിക്കയുണ്ടായി. അതു കേട്ടപ്പോൾ ഭട്ടൻെറ കണ്ണുകളിൽനിന്ന് അശ്രുകണങ്ങൾ വീണുതുടങ്ങി. സഹപാഠികളായ ബൗദ്ധബാല

ന്മാർ അതുകണ്ടു. അദ്ദേഹം ഇതരമതസ്ഥനാണെന്ന് ഉടനെതന്നെ അവർ ഊഹിച്ചു. അഹിംസയാണല്ലോ ബുദ്ധമതസിദ്ധാന്തം! എന്നിട്ടും, ആ തത്വങ്ങളെ സൂത്രത്തിൽ കൊണ്ടുപോവാനാണ് ഭട്ടൻ വന്നിരിക്കുന്നതെന്നു തീർച്ചപ്പെടുത്തി, അവർ അദ്ദേഹത്തെ വധിക്കുവാനുറച്ചു.

ഒരു ദിവസം ഭട്ടനും, ഗുരുവും, ശിഷ്യന്മാരും മുകളിലെ വ്രാന്തയിൽ ഇരിക്കുകയായിരുന്നു. ആ സമയത്തു് ശിഷ്യന്മാർ ഭട്ടനെ ചുവട്ടിലേയ്ക്കു തള്ളിയിട്ടു. അദ്ദേഹം താഴെ വീണു. വീഴുമ്പോഠം അത്യുച്ചത്തിൽ ഇങ്ങനെ പറഞ്ഞു:—
"വേദങ്ങഠം സത്യമാണെന്നു പറയുന്നതു് പരമാൎത്ഥമാണെങ്കിൽ അവ എന്നെ രക്ഷിക്കട്ടെ."

ആശ്ചര്യം! അതാ ഭട്ടൻ നിലത്തു നില്ക്കുന്നു! എന്നാൽ ഒരു കണ്ണു മാത്രം പൊട്ടിയിരിക്കുന്നു. 'പരമാൎത്ഥമാണെങ്കിൽ' എന്ന സംശയപദം ഉപയോഗിച്ചതാണത്രെ ആ ആപത്തിനു കാരണം. അദ്ദേഹം ജീവനോടുകൂടി രക്ഷപ്പെട്ടു. അന്നുമുതൽ ബുദ്ധമതത്തിൻെറ പരമശത്രുവായിത്തീൎന്നു. ബുദ്ധൻെറ അനുയായികളോടു് ഘോരസമരംതന്നെ ചെയ്യാൻ ശപഥം ചെയ്തു. പിന്നീടു് പല രാജാക്കന്മാരേയും മുഖം കാണിച്ചു്, ഒടുവിൽ സുധന്വാൻ എന്ന ബൗദ്ധരാജാവിൻെറ കൊട്ടാരത്തിൽ എത്തിച്ചേൎന്നു. രാജസദസ്സിൽ ഉണ്ടായിരുന്ന ബുദ്ധമതാചാര്യന്മാരും ഭട്ടനും തമ്മിൽ വലിയ വാദപ്രതിവാദം നടന്നു. അന്നുണ്ടായ ബഹളം ലോകപ്രസിദ്ധമായിത്തീൎന്നു. ബുദ്ധമതത്തിലെ അനാചാരങ്ങളേയും, വഷളത്തങ്ങളേയും എടുത്തു കാണിക്കാനും ബൗദ്ധന്മാരെ മനുഷ്യദൃഷ്ടിയിൽ താണവരാക്കിത്തീ

പ്പ്രാനും ഭട്ടനു സാധിച്ചു. പിന്നീട് രാജാവിനോട് ഹിന്ദുമതതത്വങ്ങളെ പറഞ്ഞു മനസ്സിലാക്കി. "വേദങ്ങൾ ഈശ്വരന്മാരാണ്; അവ യഥാർത്ഥങ്ങളാണ്; സ്മൃതി, പുരാണങ്ങൾ മുതലായവയുടെ അടിസ്ഥാനം അവയാണ്," എന്ന തത്വങ്ങൾ ഗ്രഹിച്ചതോടുകൂടി സുധന്വാൻ, "ഹിമാലയം മുതൽ സേതുവരെയുള്ള ബൗദ്ധന്മാരെ മുഴുവനും ഹനിക്കുവാൻ സാദ്ധ്യപ്പെടാതെ മടങ്ങുന്ന എന്റെ പ്രജകളെല്ലാം കൊല്ലപ്പെടട്ടെ" എന്ന ശാസനം വിളംബരപ്പെടുത്തുകയും ചെയ്തു.

ഈ സംഭവം, അക്കാലത്ത് ഭാരതത്തിൽ മതസ്പർദ്ധകൾ മൂർദ്ധന്യദശയിൽ എത്തിയിരുന്നുവെന്നു കാണിക്കുന്നു. ആദ്യകാലത്ത് ബുദ്ധമതപ്രോത്സാഹകന്മാരായിരുന്ന ഭരണാധികാരികൾ പിന്നീട് ഹിന്ദുമതത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ വേണ്ട ശ്രമങ്ങൾ എടുത്തു വന്നിരുന്നുവെന്നും തെളിയിക്കുന്നുണ്ട്.

എന്തായാലും കുമാരിലഭട്ടൻ ഭാരതത്തിലെ പല രാജ്യങ്ങളേയും ബുദ്ധമതത്തിന്റെ പിടിയിൽനിന്നു വേർപെടുത്തി ഹിന്ദുമതത്തിലേയ്ക്കു കൊണ്ടുവരികയുണ്ടായി. തന്റെ കൃത്യം നിർവ്വഹിച്ചതിനുശേഷം അദ്ദേഹം അഗ്നിപ്രവേശനത്തിനു് ഒരുമ്പെട്ടു. ആ സംഗതിയാണ് ശങ്കരൻ പ്രയാഗയിൽ വെച്ച് അറിഞ്ഞത്.

**ശങ്കരനും ഭട്ടനും:—** ശങ്കരൻ പ്രയാഗയിലേയ്ക്കു പുറപ്പെട്ടു. ഭട്ടന്റെ ശരീരം ചിതയിൽ കിടന്നു ദഹിക്കുന്നതായി കണ്ടു. അപ്പോൾ ശങ്കരൻ ചോദിച്ചു:—"ഈ കഠോരകൃത്യത്തിനു കാരണമെന്താണു്?" ഭട്ടന്റെ മറുപടി ഇതായി

ത്തു:—"എൻെറ ജീവിതകാലത്തു് ഞാൻ രണ്ടു മഹാപാപങ്ങൾ ചെയ്തിട്ടുണ്ടു്. ഒന്നാമത്തേതു ഗുരുവധം. അദ്ദേഹം ബൗദ്ധനാണെങ്കിലും, ഞാൻ ലഹളക്കാരെ ഇളക്കിവിട്ടതുകൊണ്ടാണു് അദ്ദേഹം വധിക്കപ്പെട്ടതു്. വേദങ്ങളുടെ യഥാൎത്ഥരൂപം തെളിയിച്ചുകൊടുക്കുന്നതിൽ എനിക്കു നേരിട്ട ബുദ്ധിമുട്ടുകളും, മനുഷ്യരെ രക്ഷപ്പെടുത്തുവാൻ അവയ്ക്കു ശക്തിയില്ലാതെ വന്നതും—ഇതാണു് രണ്ടാമത്തേതു്. ഇപ്രകാരമുള്ള സന്ദൎഭങ്ങളിൽ ആത്മശുദ്ധീകരണത്തിനുള്ള മാൎഗ്ഗം ഇതാണെന്നാണു് സ്മൃതികൾ പറയുന്നതു്. എൻെറ ബുദ്ധിശക്തിയെ മാത്രം ഗണിക്കുന്ന ആളല്ല ഞാൻ എന്നു് ലോകം മനസ്സിലാക്കട്ടെ."

ശങ്കരനു് ഭട്ടനോടു തൎക്കിക്കുവാൻ മോഹമുണ്ടായിരുന്നു. ആ സംഗതി അദ്ദേഹത്തെ അറിയിച്ചു. ഇതിലിടയ്ക്കു് ഭട്ടു് പകുതി ദഹിച്ചു കഴിഞ്ഞിരിക്കുന്നു. അദ്ദേഹം പറഞ്ഞു:—"എനിക്കു് ഓൎമ്മശക്തി കുറഞ്ഞിരിക്കുന്നു. കൎമ്മമാൎഗ്ഗത്തിൻെറ പ്രോത്സാഹകനാണു് മണ്ഡനമിശ്രൻ. അദ്ദേഹത്തിൻെറ അടുക്കൽ ചെന്നാലും."

**മണ്ഡനമിശ്രൻ:**—ഭട്ടൻെറ സഹോദരീഭൎത്താവായിരുന്നു മണ്ഡനമിശ്രൻ. മഗധയുടെ പണ്ടത്തെ തലസ്ഥാനമായിരുന്ന മാഹിഷ്മതിയിലായിരുന്നു അദ്ദേഹം പാൎത്തിരുന്നതു്. പ്രയാഗയിൽനിന്നു് ശങ്കരൻ മാഹിഷ്മതിയിലെത്തി. കൊട്ടാരംപോലെയുള്ള ഗൃഹത്തിൽ ഭൃത്യജനങ്ങളാൽ പരിസേവിതനായി അദ്ദേഹം ഇരിക്കുന്നു. അവിടെ തത്തകൾ വരിവരിയായിരുന്നു് വേദമന്ത്രങ്ങൾ ഉച്ചരിക്കുന്നു; ശങ്കരൻ ഭവനത്തിനുള്ളിൽ പ്രവേശിച്ചു്, വാദപ്രതിവാദം ആരംഭിച്ചു.

കർമ്മമീമാംസയിൽ വിശ്വാസമുള്ള മണ്ഡനന്ന് സന്യാസിമാരിൽ വലിയ വെറുപ്പായിരുന്നു. ജീവിതത്തിലെ നിശ്ചിതചടങ്ങുകളെ പരിത്യജിച്ച ഒരു കൂട്ടം വൃത്തിഹീനരും, സമുദായത്തിന്ന് അയോഗ്യരുമായ ഒരു വർഗ്ഗക്കാരാണ് സന്യാസിമാർ എന്നായിരുന്നു അവരെപ്പററി അദ്ദേഹം കരുതിവന്നതു്. ശങ്കരൻ ചെന്ന സമയത്തു് അദ്ദേഹം ശ്രാദ്ധം നടത്തുകയായിരുന്നു. അദ്ദേഹത്തിന്നു ദ്വേഷ്യം വന്നു. രണ്ടുപേരും തമ്മിൽ ബലമായ തർക്കമായി. മണ്ഡനൻ ചോദിച്ചു:—മുണ്ഡിതശിരസ്സോടുകൂടിയ നിങ്ങൾ എവിടെനിന്നാണു്?

ശങ്കരൻ:—കഴുത്തിൽനിന്നു മേല്പ്പോട്ടേയ്ക്കു്.

മണ്ഡനൻ:—നിങ്ങൾ ഏതുവഴിക്കാണ് വന്നുചേർന്നതെന്നാണ് ഞാൻ ചോദിക്കുന്നതു്.

ശങ്കരൻ:—നിങ്ങളോടു് വഴി എന്തു മറുപടി പറഞ്ഞു?

മണ്ഡനൻ:—നിങ്ങളുടെ മാതാവു് ഒരു വിധവയാണെന്ന് എന്നോടു പറഞ്ഞു.

ശങ്കരൻ:—അങ്ങിനെയോ? നിങ്ങളുടെ അമ്മയും ഒരു വിധവയല്ലേ?

തർക്കം ഇങ്ങനെ തുടർന്നുപോയി. ലഹള പുറത്തുതുടങ്ങി. ഒടുവിൽ ശ്രാദ്ധം ഭുജിക്കാൻ വന്നിരുന്ന ബ്രാഹ്മണർക്ക് അവരെ സമാധാനിപ്പിക്കേണ്ടതായി വന്നു.

ആരംഭം വളരെ കേമംതന്നെ, ശങ്കരന്ന് മണ്ഡനമിത്രനോടു് തർക്കിക്കുകതന്നെ വേണം. ആ സംഗതി അദ്ദേഹത്തെ അറിയിച്ചു. മണ്ഡനൻ അതിന്നു സമ്മതിച്ചു. അവർ ഒരു മദ്ധ്യസ്ഥനെ അന്വേഷിക്കലായി.

ഭാരതി:—മണ്ഡനമിശ്രൻെറ ഭാര്യയായിരുന്നു ഭാരതി. വലിയ വിദുഷിയായിരുന്ന ആ മഹതിയെ മദ്ധ്യസ്ഥയാക്കി ബഹുമാനിക്കുവാൻ അവർ തീച്ച്പ്പെടുത്തി. തോററവൻ ജയിച്ചവൻെറ ജീവിതരീതി സ്വീകരിക്കണം എന്നായിരുന്നു അവരുടെ നിശ്ചയം. ശങ്കരൻ പരാജിതനായാൽ കല്യാണംചെയ്തു് ഗൃഹസ്ഥാശ്രമം സ്വീകരിക്കണം. സന്യാസിക്കു് ഒരിക്കലും പാടില്ലാത്ത കർമ്മമാണതു്. മണ്ഡനൻ തോററാൽ ഒരു സന്യാസിയും ആവണം. തൻെറ കാന്തയുടെ കരങ്ങളിൽനിന്നുതന്നെ കാഷായവസ്ത്രങ്ങൾ സ്വീകരിക്കണം.

തർക്കം ഏററിയനാൾ നീണ്ടുനിന്നു. യാതൊരു പ്രതിബന്ധങ്ങളും നേരിട്ടില്ല. ഭാരതി അവരുടെ കൂടെയിരുന്നു് വാദം ശ്രദ്ധിച്ചില്ല. ഗൃഹകൃത്യങ്ങൾ നടത്തിക്കൊണ്ടേയിരുന്നു. ആദ്യംതന്നെ ആ മഹതി ഓരോരുത്തരുടെ കഴുത്തിലും ഓരോ മാലയിട്ടു് പറഞ്ഞു: "ആരുടെമാല ആദ്യമായി വാടുവാൻ തുടങ്ങുന്നുവോ അവൻ തോററവനായി കരുതപ്പെടണം."

വളരെ ദിവസങ്ങൾക്കുശേഷം മണ്ഡനമിശ്രൻെറ മാല വാടിത്തുടങ്ങി. അദ്ദേഹം പരാജയം സമ്മതിച്ചു. മനോമാന്ദ്യത്തോടുകൂടിയായിരുന്നു അതു സമ്മതിച്ചതു്. ഭാരതി ഭവനം വിട്ടുപോവാൻ ഭാവിച്ചു. ഇപ്പോൾ അവക്കു് ഭത്താവു് മരിച്ചപോലെയായിത്തീൎന്നുവല്ലോ.

വിദ്യാകാരിണിയായ സരസ്വതീദേവിയുടെ അവതാരമാണു് ഭാരതിയെന്നും, അവർ ഏതോ ഒരു നിസ്സാരകുററത്തിനു ശിക്ഷയായി ഭൂമിയിൽവന്നു പിറന്നതാണെന്നും പറ

ഞ്ഞുവരുന്നു. ഒരിക്കൽ ബ്രഹ്മസദസ്സിൽവെച്ച് ദുർവാസസ്സമഹൎഷി വേദങ്ങൾ ചൊല്ലുകയായിരുന്നു. അപ്പോൾ അദ്ദേഹം ചിലതെല്ലാം തെററിപ്പറഞ്ഞു. അതുകേട്ട് ഭാരതി അദ്ദേഹത്തെ പരിഹസിച്ചു. മഹൎഷി കോപിഷ്ഠനായിത്തീൎന്ന്, "നീ ഭൂമിയിൽ മനുഷ്യസ്ത്രീയായി പിറക്കും," എന്നു ശപിച്ചു. ഭാരതി ക്ഷമായാചനം ചെയ്തു, മഹൎഷിക്ക് അവളുടെ പേരിൽ അനുകമ്പതോന്നി ഇങ്ങനെ പറഞ്ഞു:—"എന്റെ ശാപം അനുഭവിക്കതന്നെ വേണം. പക്ഷെ കാലാവധി ഞാൻ ചുരുക്കിത്തരാം."

ശാപകാലം അവസാനിച്ചു. ഭാരതി സ്വൎഗ്ഗവാസിനിയാകുവാൻതന്നെ ആഗ്രഹിച്ചു. ലോകത്തിന് ശങ്കരന്റെ സൎവ്വജ്ഞത്വം കാണിച്ചുകൊടുക്കുവാൻ തന്റെ മാദ്ധ്യസ്ഥ്യം മൂലം അവൾ സാധിച്ചു. യാത്രയ്ക്കുള്ള പ്രതിബന്ധങ്ങളെല്ലാം നീങ്ങി. അപ്പോൾ ശങ്കരൻ അവരെ തടുത്തുനിൎത്തി പറഞ്ഞു:—"ഭവതി ഇപ്പോൾ പോകരുത്. എനിക്ക് ഭവതിയോടും ഒരു വാദപരീക്ഷണം നടത്തണമെന്നു മോഹമുണ്ട്. അതിനെ ഞാൻ ഒരു വലിയ ബഹുമാനമായി കരുതുന്നു. ഞാൻ അനുവദിക്കുമ്പോൾ മാത്രമേ ഭവതി യാത്രയ്ക്കൊരുമ്പെടുവാൻ പാടുള്ളു."

ഭാരതി ശങ്കരന്റെ ആ അപേക്ഷകൾ സ്വീകരിച്ചു.

മണ്ഡനമിശ്രൻ വ്യാകുലചിത്തനായിത്തന്നെ നില്ക്കുന്നു. ശങ്കരൻ അദ്ദേഹത്തെ സമാധാനപ്പെടുത്തുവാൻ പുറപ്പെട്ടു' ഇങ്ങനെ പറഞ്ഞു:—"അവനവന്റെ വിധിപോലെ കാൎയ്യങ്ങൾ വന്നുചേരും. അതിനെ ഓൎത്ത് സമാധാനപ്പെ

ട്ടാലും. കർമ്മസൂത്രങ്ങളുടെ ഗ്രന്ഥകർത്താവായ ജൈമിനിതന്നെ എൻെറ സൂത്രങ്ങൾക്കുള്ള വ്യാഖ്യാനത്തെ സമ്മതിച്ചിരിക്കുന്നു."

ശങ്കരൻെറ വാക്കുകൾ മണ്ഡനനു സമാധാനം നൽകി. ഉടനെതന്നെ അദ്ദേഹം ഒരു സന്ന്യാസിയായിത്തീൎന്നു് ശങ്കരൻെറ ശിഷ്യത്വം സ്വീകരിച്ചു. അനന്തരം ഭാരതിയും ശങ്കരനും തമ്മിലുള്ള തൎക്കം ആരംഭിച്ചു. 17 ദിവസം നീണ്ടുനിന്നു ആ വാദം. ഭാരതി ശങ്കരനെ തോല്പിക്കുവാനുള്ള ശ്രമത്തിൽ ഒരു ശാസ്ത്രത്തിൽനിന്നു മറെറാന്നിലേയ്ക്കു കടക്കുകയായി. ഒരു ശാസ്ത്രത്തിലും അദ്ദേഹത്തെ തോല്പിക്കുവാൻ സാധിക്കുന്നതല്ലെന്നു കണ്ടു്, ഒടുവിൽ കാമസൂത്രത്തിനെ സംബന്ധിച്ചു തൎക്കിച്ചു പരാജയപ്പെടുത്തുവാൻ തീൎച്ചപ്പെടുത്തി.

**യോഗാഭ്യാസങ്ങൾ:**—ശങ്കരനു് കാമസൂത്രത്തെ സംബന്ധിച്ച ചോദ്യങ്ങൾക്കു് ഉത്തരം പറവാൻതക്ക പരിജ്ഞാനമില്ലല്ലോ. അതിനാൽ അജയ്യനെന്ന തൻെറ ഖ്യാതി നശിച്ചുപോകുമെന്നു ഭയപ്പെട്ടു. ഉടനെതന്നെ ഭാരതിയോടു് ഒരു മാസത്തെ ഇടവാങ്ങി നൎമ്മദാതീരത്തുചെന്നു്, ഒരു വൃക്ഷത്തിൻെറ കോടരത്തിൽ തൻെറ സ്ഥൂലശരീരത്തെ ഒളിച്ചുവെച്ചു്, ചില ശിഷ്യന്മാരെ കാവലിരുത്തി. യോഗാഭ്യാസംകൊണ്ടു് അതിൽനിന്നു് ആത്മാവിനെ വേർപെടുത്തി അദ്ദേഹം അമരുകൻ എന്ന രാജാവിൻെറ ശവശരീരത്തിൽ പ്രവേശിക്കുകയും ചെയ്തു. രാജാവു് ജീവിച്ചെഴുന്നേററതുകണ്ടു് പ്രജകളെല്ലാം ആഹ്ലാദഭരിതരായിത്തീൎന്നു.

അധികകാലം കഴിഞ്ഞില്ല, അപ്പോഴേയ്ക്കും മന്ത്രിമാൎക്കും, രാജ്ഞിമാൎക്കും മററും പുനൎജ്ജീവിച്ച മന്നവനിൽ

ചില പ്രത്യേകതകൾ ഉള്ളതായി അനുഭവപ്പെട്ടു. വല്ല മഹാൻേറയും ആത്മാവു് ആ ശരീരത്തിൽ പ്രവേശിച്ചിരിക്കണമെന്നു് അവർ നിർണ്ണയിച്ചു. അതിനാൽ വല്ല കാട്ടിലോ, വൃക്ഷത്തിലോ, വിജനപ്രദേശത്തോ മാനുഷികശരീരം വല്ലതും ഒളിച്ചുവെച്ചിട്ടുണ്ടെങ്കിൽ, അതിനെ കണ്ടുപിടിച്ചു ചുട്ടെരിച്ചു കളയുവാൻ ദൂതന്മാരെ നാനാദിക്കിലേയ്ക്കും അയച്ചു. ആ മഹാത്മാവു് അവരുടെകൂടെ വളരെക്കാലം ഇരിക്കുവാൻ വേണ്ടിയായിരുന്നു അവർ ആ സൂത്രം എടുത്തതും.

ഇതിലിടയ്ക്കു് രാജാവിൻേറ ശരീരത്തിലുള്ള ശങ്കരൻ കാമശാസ്ത്രത്തെപ്പററി പലതും രാജ്ഞിമാരിൽനിന്നു മനസ്സിലാക്കി അതിനെപ്പററി ഒരു ഉപന്യാസമെഴുതി. അതാണു് അമരുകശതകം. ഈ ലീലകൾക്കിടയിൽ, താൻ വേഗത്തിൽ മടങ്ങിപ്പോകാമെന്നു ശിഷ്യന്മാരോടു ചെയ്തിരുന്ന ശപഥം ശങ്കരൻ മറന്നുകളഞ്ഞു.

പറഞ്ഞുവെച്ച മാസം കഴിഞ്ഞു. ശിഷ്യന്മാർ ശങ്കരനെ അന്വേഷിച്ചുതുടങ്ങി. അപ്പോഴാണു് അമരുകൻ പുനർജ്ജീവിച്ച വൃത്താന്തം അവർ കേട്ടതു്. ഉടനെതന്നെ അവർ ആ നഗരത്തിലേയ്ക്കുചെന്നു്, രാജാവിനെ മുഖം കാണിച്ചു്, വേദാന്തപരമായ ചില ഗാനങ്ങൾ ആലാപിച്ചു അതു കേട്ട ഉടൻ ശങ്കരൻേറ മനസ്സൊന്നുണർന്നു. അനന്തരം അവർ സ്ഥൂലശരീരം സൂക്ഷിച്ചുവെച്ച സ്ഥലത്തേയ്ക്കുചെന്നു രാജാവിൻേറ ദൂതന്മാർ ഇതിലിടയ്ക്കു് ആ ശരീരം കണ്ടുപിടിച്ചു്, അതിനെ ദഹിപ്പിക്കുവാൻ ഉത്സാഹിക്കുകയായിരുന്നു. ശങ്കരൻേറ ബന്ധമററ ആത്മാവു് വേഗത്തിൽ ആ കായത്തിൽ പ്രവേശിച്ചു്, സഹായാർത്ഥം വിഷ്ണുവിനെ പ്രാർത്ഥിച്ചു. പെ

3953

ട്ടെന്നു് മഴ കൊട്ടിച്ചൊരിഞ്ഞു ചിതയിലെ തീയെല്ലാം കെട്ടു. ശങ്കരൻ വീണ്ടും പൂർവ്വസ്ഥിതിപ്രാപിക്കുകയും ചെയ്തു.

ഈ സംഭവങ്ങൾക്കുശേഷം ശങ്കരൻ മണ്ഡനമിശ്രൻെറ മന്ദിരത്തിൽചെന്നു്, ഭാരതിയുമായുള്ള തർക്കം വീണ്ടും ആരംഭിച്ചു. ആ മഹതി പ്രസ്താവിച്ച എല്ലാ സംഗതികൾക്കും തക്ക സമാധാനം പറഞ്ഞു തൃപ്തയാക്കി, താൻ സർവ്വജ്ഞത്വം സിദ്ധിച്ച ആളാണെന്നു സ്ഥാപിക്കുകയും ചെയ്തു. ഭാരതി പിന്നീടു് സ്വർഗ്ഗത്തിലേയ്ക്കുപോയിയെന്നു് ഒരു പണ്ഡിതൻ പറയുന്നു. അതല്ല, ശങ്കരൻ ആ മഹതിയെ ശൃംഗേരിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി ഒരു ക്ഷേത്രം പണിതു് അതിൽ പ്രതിഷ്ഠിച്ചു എന്നാകുന്നു മറെറാരു പണ്ഡിതൻെറ അഭിപ്രായം. ഇപ്പോഴും അനേകം ഭക്തന്മാർ ഭാരതിയെ ശൃംഗേരിയിൽ പൂജിക്കുന്നുണ്ടു്. മണ്ഡനമിശ്രനാവട്ടെ, തൻെറ സ്വത്തുമുഴുവനും ശങ്കരനുകൊടുത്തു. എന്നാൽ സ്വാമികൾ അതിനെ സാധുക്കൾക്കു് ദാനംചെയ്കയാണുണ്ടായതു്. പിന്നീടു് മണ്ഡനമിശ്രനെ തൻെറ ശിഷ്യനാക്കി വേദാന്തസാരം പഠിപ്പിക്കുകയും, സുരേശ്വരാചാര്യർ എന്ന പുതിയ പേരിടുകയുംചെയ്തു.

**യഥാർത്ഥഭാരതി:**—ഭാരതി ഒരു വിദുഷിയായിരുന്നു. ശാസ്ത്രങ്ങളിൽ വലിയ പാണ്ഡിത്യമുണ്ടായിരുന്ന അവർ മണ്ഡനമിശ്രനു യോജിച്ച പത്നിതന്നെ. ഭാരതത്തിലെ ഭാവിജനങ്ങൾ ആ മഹതിയെ ബഹുമാനിക്കുവാൻവേണ്ടിയായിരുന്നു അവരെ സരസ്വതിയുടെ അവതാരമെന്നു സങ്കല്പിച്ചതു്. ഭാരതി ജീവിച്ചിരുന്നതു് സ്ത്രീകളുടെ ഇടയിൽ വിദ്യാഭ്യാസം ധാരാളമുണ്ടായിരുന്ന കാലത്തായിരുന്നു. അക്കാല

ത്തു് അവർ സ്വാതന്ത്ര്യവും നല്ലപോലെ അനുഭവിച്ചിരുന്നു. സ്ത്രീകളെ വിദ്യ അഭ്യസിപ്പിച്ചു്, സന്ന്യാസിനികളാക്കി, പ്രസംഗങ്ങൾ ചെയ്വാൻ ഓരോ ദിക്കിലേയ്ക്കയച്ചിരുന്നതു് ബുദ്ധമതത്തിന്റെ ഒരു വലിയ നേട്ടമാണു്. അതുകൊണ്ടായിരുന്നു അക്കാലത്തെ ഭാരതീയകന്യകമാർ വിദുഷികളായിത്തീർന്നതു്. ഒമ്പതാം നൂററാണ്ടോടുകൂടി ഹൈന്ദവസ്ത്രീകളുടെ ഇടയിൽ, പ്രത്യേകിച്ചു് ഉന്നതസമുദായത്തിൽ പെട്ടവരുടെ ഇടയിൽ, വിദ്യാഭ്യാസം സർവ്വസാധാരണമായിത്തീർന്നു.

ശങ്കരനും മണ്ഡനനും തമ്മിൽ നടന്ന വാദപ്രതിവാദത്തിൽ താൻ തോററാൽ സന്ന്യാസിയായിത്തീരുന്നതാണെന്നുള്ള ഉഗ്രശപഥം മണ്ഡനൻ ചെയ്കയുണ്ടായല്ലൊ. തന്നെ ആർക്കും തോല്പിക്കുവാൻ കഴികയില്ലെന്ന ഉത്തമവിശ്വാസത്തോടുകൂടിയായിരുന്നു ആ ശപഥം ചെയ്തതു്. തന്റെ പതിയുടെ പരാജയത്തെപ്പററിയും, അതിന്മേൽ തനിക്കുള്ള ഫലത്തെപ്പററിയും ഭാരതി മനസ്സിലാക്കി. അതിനാൽ തന്നെപ്പോലെ പാണ്ഡിത്യവും, സ്വഭാവഗുണവുമുള്ള ഒരു സാധ്വി സ്വീകരിക്കേണ്ടതായ മാർഗ്ഗം ബുദ്ധിപൂർവ്വം കൈക്കൊള്ളുകമാത്രമാണു് ചെയ്തതു്. അവർ ലൗകികകാര്യങ്ങളെ വെടിഞ്ഞു് ഒരു യോഗിനിയായിത്തീർന്നു്, മതപരിവർത്തനംചെയ്ത തന്റെ ഭർത്താവോടൊരുമിച്ച സഞ്ചരിക്കുവാനാരംഭിച്ചു. ശൃംഗേരിമഠം സ്ഥാപിച്ചു് മണ്ഡനമിശ്രനെ തന്റെ കാലശേഷം ശങ്കരൻ മഠാധിപനായി വാഴിച്ചപ്പോൾ, ഭാരതി അവിടെ സ്ഥിരതാമസമാക്കി ഈശ്വരധ്യാനനിരതയായി കാലം കഴിച്ചിരിക്കണം. ശൃംഗേരിമഠത്തിൽ അവർ

കഴിച്ചുകൂട്ടിയ കാലവും, അവരുടെ നിര്യാണവും, അവരുടെ അസാധാരണമായ പാടവത്തിനും, സ്വഭാവഗുണത്തിനും മാററുകൂട്ടിക്കൊടുക്കയുണ്ടായി. ആ മഹതിക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ക്ഷേത്രത്തിൽ ഇന്നും ആ യോഗ്യതകളെപ്പററി പുകഴ്ത്താറുണ്ട്. ഹൈന്ദവവേദാന്തത്തെ പുനരുദ്ധാരണം ചെയ്യാൻ ശങ്കരനു കഴിവുണ്ടായതു് ഈ യോഗിനിയുടെ സഹായത്താലായിരുന്നുവെന്നു് നിസ്സംശയം പറയാം. ശങ്കരൻ ഭാരതിയെ പൂജനീയയാണെന്നു കരുതിവന്നതുതന്നെ അവരുടെ യോഗ്യതയ്ക്കുള്ള മതിയായ തെളിവാണു്.

**ഢക്കാൻ യാത്ര:**—ശങ്കരൻെറ യോഗാഭ്യാസത്തെപ്പററിയും, അമരുകൻെറ ശവശരീരത്തിൽ ആത്മാവു് പ്രവേശിച്ചതിനെപ്പററിയും പലരും വിശ്വസിക്കുന്നില്ല; എന്നാൽ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ വിശിഷ്ടങ്ങളാണെന്നു് നിസ്തക്കം സമ്മതിക്കുന്നുണ്ട്.

ശങ്കരൻ മാഹിഷ്മതിയിലേയ്ക്കു ചെന്നതിൻെറ ഫലമായി മണ്ഡനൻ മാത്രമല്ല, അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളും, പ്രജകളും ഹിന്ദുമതം അവലംബിക്കയുണ്ടായി. ജ്ഞാനസമ്പാദനമാണു് ലോകത്തിൽ മനുഷ്യർ ലഭിക്കേണ്ടതായ ഏററവും മഹത്തായ കാര്യം എന്നു് അദ്ദേഹം അവരെ ഉൽബോധിപ്പിച്ചു.

മാഹിഷ്മതിയിൽ തൻെറ കൃത്യങ്ങളെല്ലാം നിർവ്വഹിച്ചതിനുശേഷം ശങ്കരൻ ശിഷ്യന്മാരോടുകൂടി മഹാരാഷ്ട്രം വഴിക്കു് ദക്ഷിണേന്ത്യയിലേയ്ക്കു പുറപ്പെട്ടു. ചെന്നസ്ഥലങ്ങളിലെല്ലാം അദ്ദേഹം തൻെറ മതതത്വങ്ങൾ പ്രസംഗിച്ചു. ദുരാചാരങ്ങളെയെല്ലാം നിന്ദ്യമായി കരുതി. തനിക്കു് ബോ

വാൻ സാധിക്കാത്ത ദിക്കുകളിൽ വേദാന്തദീപ്തി പരത്തു വാൻ ശിഷ്യന്മാരെ അയച്ചു.

അവിടെ ഒരു കൂട്ടം ബ്രാഹ്മണരുണ്ടായിരുന്നു. മല്ലാരി എന്ന പേരിൽ അവർ ശിവനെ പൂജിക്കുകയും, ആ ദേവന്റെ വാഹനമായി സങ്കല്പിച്ചുവന്ന ശ്വാവിനെ ശ്രേഷ്ഠമൃഗമായിക്കരുതിവരികയും ചെയ്തു. ശങ്കരൻ അവരുടെ അന്ധവിശ്വാസത്തെ എടുത്തുകാണിച്ചു. വൃത്തികെട്ട ഒരു മൃഗമാണ് ശുനകൻ എന്നും, അതിനാൽ യാതൊരു പൂജയ്ക്കും അതിന് അർഹതയില്ലെന്നും അദ്ദേഹം പറഞ്ഞു. പല മഹാരാഷ്ട്രബ്രാഹ്മണകുടുംബക്കാർ ഇന്നും മല്ലാരിയെ കുലദൈവമായി കരുതിവരുന്നുണ്ട്. നവരാത്രികാലങ്ങളിൽ ആ ദൈവത്തിനു പ്രത്യേക പൂജയും കഴിക്കാറുണ്ട്. എന്നാൽ ഇക്കാലത്ത് നായ്ക്കളെ അവിടെ പൂജിച്ചുകാണുന്നില്ല.

ശങ്കരന് കപാലികന്മാർ എന്ന മുറാളവർഗ്ഗക്കാരോടും നേരിടേണ്ടതായിവന്നു. ഈശ്വരാനുഗ്രഹത്താൽ ഒരുത്തന്റെ പിടിയിൽനിന്ന് അദ്ദേഹം രക്ഷപ്പെട്ടു. ഭൈരവനാണ് കപാലികന്മാരുടെ കുലദൈവം. വിദ്വാന്മാരായ ബ്രാഹ്മണരുടെ ശിരസ്സ് ആ ദൈവത്തിന് വളരെ പത്ഥ്യമാണത്രെ. അവരുടെ കഴുത്തറുത്ത് രക്തം ഹോമിച്ചാൽ വലിയ പ്രീതിയായി.

മഹാരാഷ്ട്രബ്രാഹ്മണരിൽ കരാടികൾ എന്ന ഒരു ശാഖയുണ്ട്. തെക്കെ ഇന്ത്യയിൽനിന്ന് ആരെങ്കിലും ഒററക്ക് കാശിക്കുപോകുന്നതു കണ്ടാൽ അവർ അവനെ പിടിച്ചു നല്ലവണ്ണം തീററിപ്പോററി നവരാത്രിപൂജയുടെ അവസാനത്തിൽ ദുർഗ്ഗയ്ക്കു ബലികൊടുക്കും. ഈ സമ്പ്രദായം വളരെ

ക്കാലം മുതൽക്കേ നടന്നുവന്നിരുന്നതായിരുന്നു. ഒരു കരാടി ബ്രാഹ്മണൻ കാളിക്കു ബലികൊടുക്കുവാനുള്ള ഉദ്ദേശത്തോടുകൂടി ശങ്കരനെ പിടികൂടുവാൻ വട്ടംകൂട്ടി.

ഒരിക്കൽ ഒരു കപാലികൻ ശങ്കരൻെറ അടുത്തുചെന്ന് ഇങ്ങിനെ അപേക്ഷിച്ചു:—"സ്വാമിൻ! അങ്ങയുടെ ശിരസ്സ് എനിക്കു ദാനം തന്നാലും! അതു പോയതുകൊണ്ട് അങ്ങയ്ക്കു യാതൊരു നഷ്ടവും വരുവാനില്ല. നേരെമറിച്ച് അതുകൊണ്ട് ഒരു വലിയകാര്യം എനിക്കു നേടുവാൻ കഴിയുന്നതും ആണ്." ശങ്കരൻ അതിനു സമ്മതിച്ചു. "ഞാൻ ഒററയ്ക്കിരുന്നു ധ്യാനിക്കുന്ന സമയംനോക്കി എൻെറ ശിരസ്സ് അറുത്തുകൊണ്ടുപോവാം," എന്ന് ആ ബ്രാഹ്മണനോട്ട് പറകയും ചെയ്തു.

ശങ്കരൻ ധ്യാനത്തിലേപ്പെട്ടു. കപാലികൻ അദ്ദേഹത്തിൻെറ കഴുത്തുവെട്ടുവാൻ വാൾ ഓങ്ങി. തൽസമയം അവിടെ എത്തിച്ചേന്ന പത്മപാദൻ കൊലയാളിയുടെ കൈയിൽനിന്നു ഖഡ്ഗം തട്ടിയിട്ട്, അവനെ അവിടെവെച്ചു തന്നെ കൊന്നു.

**ശൃംഗേരിമഠം:**—മഹാരാഷ്ട്രംവിട്ട് ശങ്കരൻ തെക്കോട്ട് യാത്രയായി. കുറെ ദിവസങ്ങൾക്കുശേഷം തുംഗഭദ്രയുടെ ഉത്ഭവസ്ഥാനത്തെത്തിച്ചേന്നു. അവിടെ ഒരു ക്ഷേത്രം പണിയിച്ച് വിദ്യാകാരിണിയായ സരസ്വതീദേവിയെ പ്രതിഷ്ഠിച്ചു. ശാരദ എന്ന നാമകരണമാണ് ആ ദേവിക്ക് അദ്ദേഹം ചെയ്തതു്. ഇന്നും ആ ക്ഷേത്രം അവിടെ പ്രശോഭിക്കുന്നുണ്ട്. ഈ കാര്യത്തിൽ ആ നാട്ടിലെ വീരസേനൻ എന്ന ഒരു പ്രമാണി അദ്ദേഹത്തെ സഹായിക്കയുണ്ടായി.

പിന്നീടു് ശങ്കരൻ ആ ക്ഷേത്രത്തിന്നു് ഒരു മഠം പണിയു്, അധിപനായി മണ്ഡനമിശ്രനെ നിയമിച്ചു. സുരേശ്വരാചാര്യർ എന്ന നാമധേയമാണു് മണ്ഡനനു നൽകിയതു്. ആ സ്ഥാപനമാകുന്നു ഇന്നത്തെ ശൃംഗേരിമഠം. തെക്കെ ഇന്ത്യയിലെ ഏററവും പരിപാവനവും, ആരാധനീയവുമായ മതസ്ഥാപനങ്ങളിൽ പ്രഥമസ്ഥാനം ഇതിന്നുതന്നെ. അവിടെ വേദാന്തവിഷയങ്ങളെപ്പററിയുള്ള ശരിയായ പഠനം നടന്നുവന്നിരുന്നു എന്നു് പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

പത്മപാദഭാഷ്യം:—ശൃംഗേരിയിൽ മതപരമായും വേദാന്തപരമായും ഉണ്ടായ പ്രവത്തനത്തിൽ ശിഷ്യന്മാർ തമ്മിൽ അസൂയ പ്രദശിപ്പിക്കയുണ്ടായി എന്നു കാണുന്നു. ഗുരുവിനുകൂടി തൻെറ സ്വന്തം കാര്യങ്ങൾ ഇഷ്ടപ്രകാരം ചെയ്യുന്നതിൽ പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നുവത്രെ.

ഇക്കാലത്തു് താൻ വേദാന്തസൂത്രത്തിനെഴുതിട്ടുള്ള വ്യാഖ്യാനത്തെ സംബന്ധിച്ച തെററിദ്ധാരണകൾ വല്ലതും ഉണ്ടെങ്കിൽ അതിനെ തീപ്പാനും വല്ലതും വിട്ടുപോയിട്ടുണ്ടെങ്കിൽ അതിനെ പൂരിപ്പിക്കുവാനുംവേണ്ടി ഒരു ഭാഷ്യവുംകൂടി അതിനോടു ചേക്കുന്നതു് അത്യാവശ്യമാണെന്നു ശങ്കരനു തോന്നി. കമ്മയോഗവും, തൻെറ അദ്വൈതവും നിശ്ചയമുള്ള മണ്ഡനനാണു് അതിനു പ്രാപ്തൻ എന്നു ബോദ്ധ്യപ്പെട്ടതിനാൽ ആ കാര്യം അദ്ദേഹത്തെ ഏല്പിച്ചു ഉടനെ തന്നെ മററു ശിഷ്യന്മാർ, ആദ്യത്തെ ശിഷ്യനായ പത്മപാദനെയും അതേജോലിക്കു് ഏപ്പെടുത്തി. ഉത്തമവിശ്വാസമുണ്ടായിട്ടല്ല മണ്ഡനൻ അദ്വൈതമതം സ്വീകരിച്ചതു്. എന്നാൽ വാദപരീക്ഷയിൽ തോററതുകൊണ്ടാണു് എന്നു്

അവർ കാര്യകാരണസഹിതം വാദിച്ചു. മണ്ഡനന്റെ ഭാഷ്യം ശങ്കരന്റെ സകലപ്രവൃത്തികൾക്കും ആപൽക്കരമായിത്തീരുന്നതാണെന്ന് അവർക്കു ഭയമായി. "മണ്ഡനൻ ബുദ്ധമതത്തിൽ പൂർണ്ണമായും വിശ്വസിച്ചവനല്ലേ? അറിഞ്ഞിട്ടോ, അറിയാതെയോ അയാളുടെ മനസ്സ് അതിലേയ്ക്കു ചരിഞ്ഞാലോ?" എന്നായി അവരുടെ വിചാരം. അതുകൊണ്ടായിരുന്നു അവർ പത്മപാദനെ ഏല്പിച്ചത്. ഗുരുവിന്റെ പേരിൽ പത്മപാദനുള്ള ഭക്തി നിഷ്കളങ്കമാണ്. ഗുരുതന്നെ ആ ശിഷ്യന് മൂന്നുപ്രാവശ്യം സകലവിദ്യകളും പറഞ്ഞുകൊടുത്തിട്ടും ഉണ്ട്.

ഗുരുവിന്റെ ദൃഷ്ടിയിൽ താൻ സ്വാർത്ഥിയാണെന്നു ബോദ്ധ്യപ്പെടാതിരിപ്പാൻ പത്മപാദൻ ശ്രദ്ധിച്ചു. ശങ്കരൻ മഹരാഷ്ട്രത്തിൽ സഞ്ചരിക്കുന്ന കാലത്ത് ആനന്ദഗിരിയെന്നും, ഹസ്തകമലനെന്നും രണ്ടുപേർ അദ്ദേഹത്തോടുകൂടി ചേർന്നിരുന്നു. പത്മപാദൻ അവരുടെ പേരുകൾ സൂചിപ്പിച്ചു. ശങ്കരന് പരിഭ്രമവും വ്യസനവും ഒരുപോലെയുണ്ടായി. കർമ്മമീമാംസയിലെ എല്ലാ ഭാഗങ്ങളും നല്ലവണ്ണം അറിയുന്ന മണ്ഡനനാണ് തന്റെ ശിഷ്യന്മാരിൽവെച്ച് ഏററവും യോഗ്യൻ എന്ന് അദ്ദേഹത്തിനറിയാം. എന്നാലും ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിനു വിപരീതമായി പ്രവർത്തിക്കാൻ തുനിഞ്ഞില്ല. അതിനാൽ അദ്ദേഹം പത്മപാദനു തന്നെ സമ്മതം നൽകി. അതേ സമയത്ത്, തന്റെ മഹാവ്യാഖ്യാനത്തിനു മണ്ഡനനെപ്പോലെയുള്ള ഒരു പണ്ഡിതന്റെ ഭാഷ്യം ലഭിക്കുക എന്ന മഹാഭാഗ്യം നഷ്ടമായിത്തീരുന്നുവല്ലോ എന്നു കരുതി ദുഃഖിക്കുകയും ചെയ്തു.

അനന്തരം ശങ്കരൻ മണ്ഡനനെ സമാധാനിപ്പിക്കു വാൻവേണ്ടി ഉപനിഷത്തുകൾക്ക് വ്യാഖ്യാനങ്ങൾ എഴുതു വാനും, ഒന്നോ രണ്ടോ മൂലകൃതികൾ രചിക്കുവാനും അനു വാദം നൽകി. ഈ കലഹം അക്കാലത്തു് ജനങ്ങളുടെ ഇട യിലുണ്ടായിരുന്ന മദമാത്സര്യാദികളെ കാണിക്കുന്നു. യോ ഗ്യന്മാരായ ആചാര്യന്മാരുടെ ശിഷ്യന്മാരിൽക്കൂടി കാണു ന്ന ഈ ദോഷഭാഗം ഒരു ശാപമായിട്ടേ കരുതേണ്ടതുള്ളു.

ഗുരു എഴുതിട്ടുള്ള വേദാന്തസൂത്രത്തിന്റെ വ്യാഖ്യാന ത്തിന് പത്മപാദൻ ഒരു ഭാഷ്യം തയ്യാറാക്കി അതിൽ പൂ ർവ്വമീമാംസയുടെ പ്രഭാകരപിരിവിലെ ന്യൂനതകളെ എടുത്തു കാണിച്ചു. അദ്ദേഹം ഈ ജോലിക്കുശേഷം ഒരു ഗർവ്വിഷ്ഠനെ പ്പോലെ കാണപ്പെട്ടു; രാമേശ്വരത്തേയ്ക്കുപോവാൻ ഗുരു വിന്റെ അനുവാദം ചോദിച്ചു. തന്റെ പാണ്ഡിത്യസുഗ ന്ധം തന്റെ ജന്മദേശത്തു പരത്തുവാനായിരിക്കാം ആ യാ ത്രയ്ക്കു പുറപ്പെട്ടതു്.

ശങ്കരൻ സമ്മതം നൽകി. പത്മപാദൻ ചിതംബര ത്തേയ്ക്കുചെന്നു് തന്റെ മാതുലന്റെകൂടെ പാർത്തു. അയാൾ പ്രഭാകരമതാനുയായിയായിരുന്നു. ശങ്കരന്റെ മഹാവ്യാ ഖ്യാനത്തിന് പത്മപാദൻ എഴുതിയ ഭാഷ്യം കണ്ടപ്പോൾ ക്രുദ്ധനായിത്തീർന്ന അയാൾ അതിനെ നശിപ്പിക്കാൻ ഉറച്ചു. ഭീരുവായ പത്മപാദൻ ആ ഗ്രന്ഥത്തിനെ അവിടെ വെച്ചു് രാമേശ്വരത്തേയ്ക്കു പുറപ്പെട്ടു. ആ ലാക്കുനോക്കി അമ്മാ മൻ കൈയെഴുത്തുകോപ്പി അഗ്നിക്കിരയാക്കാൻ തുനിഞ്ഞു. മരുമകൻ മടങ്ങിവന്നപ്പോൾ മാതുലൻ ആ അത്യാഹിത ത്തിൽ വ്യസനം നടിച്ചു. പത്മപാദൻ സങ്കടത്തിലായി.

അദ്ദേഹം എങ്ങനെ മടങ്ങും? ആ ജോലി വീണ്ടും ചെയ്തുതീർപ്പാൻ സാധിക്കുമോ എന്നു സംശയിച്ചു. മാതുലൻെറ വൈരാഗ്യം ഇതുകൊണ്ടും അവസാനിച്ചില്ല. മരുമകൻെറ ബുദ്ധി മന്ദിപ്പിക്കുവാൻവേണ്ടി ഒരു ഔഷധംകൂടി കൊടുക്കയുണ്ടായി എന്നു പറയപ്പെടുന്നു. ഭഗ്നഹൃദയനായിത്തീൎന്ന പത്മപാദൻ മടങ്ങിച്ചെന്നു് വീണ്ടും ഗുരുവിനെ സേവിച്ചുതുടങ്ങുകയും ചെയ്തു.

**മാതാവിൻെറ ശവസംസ്കാരം:**—പത്മപാദൻ രാമേശ്വരത്തേക്കു പുറപ്പെട്ടു് കുറെ ദിവസങ്ങൾ കഴിഞ്ഞു. അതിലിടയ്ക്കു് അമ്മയ്ക്കു് സുഖക്കേടാണെന്നറിഞ്ഞു്, ശങ്കരൻ ശൃംഗേരിയിൽനിന്നു് കാലടിയിലേയ്ക്കു് തനിയെ പുറപ്പെട്ടു. രോഗശയ്യയിൽ കിടന്നിരുന്ന മാതാവു് പുത്രദൎശനത്തിൽ അത്യന്തം സന്തോഷിച്ചു. ശങ്കരൻ ജനനിയുടെ പാദാരവിന്ദങ്ങളിൽ ഭക്ത്യാദരങ്ങളോടുകൂടി നമസ്കരിച്ചു. സന്യാസിക്കു് യോജ്യമല്ലാത്ത കൎമ്മമായിരുന്നു അതു്. ആ പുണ്യവതിയുടെ വിചാരം പരലോകത്തെപ്പററിയായിരുന്നു. തൻെറ മകൻെറ ഖ്യാതി അവരുടെ ആ ശക്തിയേറിയ ചെവികൾക്കു് കുളൎമ നൽകി അവർ പറഞ്ഞു:—"ഉണ്ണീ! അമ്മയ്ക്കു് ആത്മശാന്തിക്കുള്ള മോക്ഷമാൎഗ്ഗങ്ങൾ ഉപദേശിക്കൂ." സന്തോഷത്തോടുകൂടി ശങ്കരൻ വേദാന്തസാരം ഉപദേശിച്ചുതുടങ്ങി. അവൎക്കുണ്ടോ അതെല്ലാം തലയിൽകേറുന്നു! സുഗ്രാഹ്യമായ തത്വങ്ങൾ പറവാൻ അവർ ആവശ്യപ്പെട്ടു. ഉടനെതന്നെ ശിവൻെറ മാഹാത്മ്യങ്ങൾ വൎണ്ണിക്കുന്ന കൃതികൾ നിൎമ്മിച്ചു പാടിത്തുടങ്ങി. അപ്പോഴേയ്ക്കും പാൎവ്വതീവല്ലഭൻെറ ദൂതന്മാർ അവിടെ പ്രത്യക്ഷപ്പെട്ടു ഭയങ്കരാകാരന്മാ

രായ അവരുടെകൂടെ ശിവലോകത്തേയ്ക്കുപോവാൻ ആ വൃദ്ധയ്ക്കു് ഭയമായി. ശങ്കരൻ അപ്പോൾ വിഷ്ണുവിനെ സ്തുതിക്കുവാൻ തുടങ്ങി. സുന്ദരരൂപത്തിൽ വിഷ്ണുദൂതന്മാർ അവിടെ അപ്പോഴെയ്ക്കും ആഗതരായി. ആ പുണ്യവതി, പുത്രനെ അനുഗ്രഹിച്ചതിൽപ്പിന്നെ തൻെറ സ്ഥൂലശരീരത്തെ പരിത്യജിച്ചു്. അവരോടുകൂടി വൈകുണ്ഠത്തേയ്ക്കു ചെല്ലുകയും ചെയ്തു.

അമ്മ മരിച്ചു. അവരോടുചെയ്ത വാഗ്ദാനം ശങ്കരനു നിറവേററണം. അവരുടെ സംസ്കാരകർമ്മങ്ങൾക്കു് ഉദ്യമിച്ചു. അതു് അത്ര എളുപ്പമായ ഒന്നല്ല. സ്മൃതികൾക്കും, നാട്ടാചാരത്തിനും വിരുദ്ധമാണു് ആ പ്രവൃത്തി എന്നു പറഞ്ഞു് അഗ്രഹാരം മുഴുവൻ ശഠിച്ചുതുടങ്ങി. പൂർവ്വാചാരം തെററിനടക്കുന്നതിൽ നമ്പൂതിരിമാർക്കുള്ള സങ്കടം ലോകപ്രസിദ്ധമാണു്. "ശങ്കരൻ ഒരു സന്ന്യാസിയാണെന്നു് അഭിമാനിക്കുന്നു. ആ നിലയ്ക്കു് ശവസംസ്കാരത്തിനു് അധികാരമില്ല. അതു ചെയ്തേ കഴിയൂ എന്നു നിർബ്ബന്ധിക്കുന്നപക്ഷം, അദ്ദേഹം ഒരു കപടസന്ന്യാസിയായിരിക്കണം. അത്തരക്കാരനെ ഒരു പാപിയായി കരുതണം," എന്നെല്ലാംപറഞ്ഞു തക്കിച്ചു്, ശങ്കരൻെറ ബന്ധുജനങ്ങൾ ഒഴിഞ്ഞുമാറി. എത്രതന്നെ അപേക്ഷിച്ചിട്ടും ശവം നീക്കംചെയ്യാൻ അദ്ദേഹത്തെ സഹായിക്കയോ, അതിനെ ദഹിപ്പിക്കുവാൻ അഗ്നി കൊടുക്കയോ ചെയ്തില്ല. അവരുടെ കഠിനചിത്തത്തെ മൃദുലമാക്കിത്തീർക്കുവാൻ സാദ്ധ്യപ്പെടാതെ വന്നപ്പോൾ, ശങ്കരൻ യാതൊരുത്തൻേറയും സഹായം കൂടാതെതന്നെ ആ ക്രിയ നിർവ്വഹിക്കുവാൻ മുതിർന്നു.

ശങ്കരൻ കച്ചകെട്ടി പുറപ്പെട്ടു; ശവം വീട്ടിൻെറ വളപ്പിലേയ്ക്കു കൊണ്ടുപോയി; ഉണങ്ങിയ ചുള്ളിക്കൊമ്പുകൾ കൊണ്ടു് ചിതകൂട്ടി; അതിന്മേൽവെച്ചു തീ കൊളുത്തി. മൃതദേഹം ഒററയ്ക്കു കൊണ്ടുപോവാൻ കഴിയാതെ വന്നതിനാൽ അതിൻെറ ഓരോ അവയവങ്ങളെ മുറിച്ചിട്ടാണു് കൊണ്ടുപോയതെന്നും, വിറകു കിട്ടാതായപ്പോൾ പച്ചവാഴത്തണ്ടാണു് ഉപയോഗിച്ചതെന്നും, തീ കിട്ടാതെ വന്നപ്പോൾ ദിവ്യശക്തികൊണ്ടു് തീ ഉണ്ടാക്കുകയാണു ചെയ്തതെന്നും ഐതിഹ്യത്തിൽ കാണുന്നു.

**അഭിപ്രായം:**—ശവസംസ്കാരം കഴിഞ്ഞു. കഠോരഹൃദയന്മാരായ ബന്ധുജനങ്ങളെ പ്രതികാരം ചെയ്യാൻ ശങ്കരൻ നിശ്ചയിച്ചു. ആ നാട്ടിലെ ഭരണാധികാരിയെ സ്വാധീനിച്ചു് ആ കൂട്ടർ മന്ത്രം ചൊല്ലുവാൻ പാടില്ലെന്നു കല്പന പുറപ്പെടുവിച്ചു. അങ്ങനെ അവർ സന്ന്യാസിമാരെ ആദരിക്കുന്നതിനു് അനർഹരായി. പുറമെ ഓരോ ഇല്ലത്തും വളപ്പിൻെറ ഒരു ഭാഗം ശ്മശാനസ്ഥലമായി നീക്കിവെക്കേണ്ടതായും വന്നു. ശവം വെട്ടിമുറിച്ചാണു് ദഹിപ്പിക്കേണ്ടതും.

ഹൈന്ദവരാജാക്കന്മാർ സാമുദായികപരിഷ്കാരങ്ങൾ പലതും വരുത്തുക പതിവുണ്ടായിരുന്നു എന്നു് ഇതിൽനിന്നു് അനുമാനിക്കാം. നമ്പൂതിരിമാർ ഇന്നും മൃതദേഹം ദഹിപ്പിക്കുന്നതിനു മുമ്പായി, കീറുക എന്ന സങ്കല്പത്തിൽ, അതിൻെറ വിവിധഭാഗങ്ങളിൽ കത്തികൊണ്ടു തൊടുന്ന പതിവുണ്ടു്. മിക്ക ഇല്ലങ്ങളിലും വളപ്പിലെ ഒരു മൂല ശ്മശാനഭൂമിയായി വിട്ടിരിക്കുന്നതും കാണാം. ചില നമ്പൂതിരിമാക്കു് വേദം ഉച്ചരിക്കുവാൻ അറികയില്ല.

മാതാവിൻെറ ശവസംസ്കാരത്തിനുശേഷം ശങ്കരൻ തൻെറ നാട്ടിൽ ഒരു ദീർഘദർശിയായി പരിഗണിക്കപ്പെട്ടുവാൻതക്ക യോഗ്യനായിത്തീൎന്നു. ആ സംഭവം ഒരു ഉത്തമപുത്രനു് മാതാവോടുണ്ടായിരിക്കേണ്ട സ്നേഹം കടമ എന്നിവയ്ക്കു മകുടോദാഹരണമാണു്.

**പൂർവ്വതീരജില്ലകളിലെ സഞ്ചാരം:**—ശങ്കരൻ ശൃംഗേരിയിലേയ്ക്കു മടങ്ങി. ഏറെത്താമസിയാതെ വളരെ ശിഷ്യന്മാരോടുകൂടി കിഴക്കൻജില്ലകളിലേയ്ക്കു പുറപ്പെട്ടു. വഴിയിൽ രാജാക്കന്മാരുടെ തലസ്ഥാനങ്ങളിലും, പുണ്യസ്ഥലങ്ങളിലും, വിദ്യാകേന്ദ്രങ്ങളിലും തങ്ങി തൻെറ തത്വങ്ങൾ പ്രസംഗിക്കുകയും, അവിടങ്ങളിൽ നടമാടിയിരുന്ന അനാചാരങ്ങളെ ആക്ഷേപിക്കുകയും ചെയ്തു. പുരിയിൽ അദ്ദേഹം ഒരു മഠം സ്ഥാപിച്ചു. ഗോവർദ്ധനമഠം എന്ന പേരിനാൽ ഇന്നു് അതു് അറിയപ്പെടുന്നു.

അക്കാലത്തു് കാഞ്ചീപുരത്തിൽ ശാക്തന്മാർ എന്ന ഒരു സംഘക്കാർ അധിവസിച്ചിരുന്നു. ശങ്കരൻ അവരോടു തർക്കിച്ചു്, അവരുടെ ക്ഷേത്രങ്ങളെ ശുദ്ധീകരിച്ചു. കാഞ്ചിയിലെ കാമാക്ഷിക്ഷേത്രത്തിലും, മധുരയിലെ മീനാക്ഷിക്ഷേത്രത്തിലും ശാക്തേയപൂജ നടപ്പുണ്ടായിരുന്നുവെന്നു് ഈ സംഭവം കാണിക്കുന്നു. ഈ യാത്രയിൽ അദ്ദേഹം ചോളപാണ്ഡ്യരാജാക്കന്മാരേയും സ്വാധീനിക്കയുണ്ടായി. ദേശസഞ്ചാരത്തിൻെറ അനന്തരഫലമായി ശാക്തന്മാർ, ഗണപതിയന്മാർ, കപാലികന്മാർ എന്നീ വർഗ്ഗക്കാൎക്കു് വലിയൊരിടിവുണ്ടായി.

**ഹിന്ദുസ്ഥാനത്തെ അവസാനയാത്ര:**—തെക്കേ ഇന്ത്യയിൽ തന്റെ സന്ദേശം പരത്തുവാനുള്ള ഏർപ്പാടുകൾ ചെയ്കയും, ശൃംഗേരിമഠത്തിൽ യോഗ്യന്മാരായ ഭരണാധികാരികളെ നിയമിക്കുകയും ചെയ്തശേഷം ആചാര്യസ്വാമികൾ ഒരിയ്ക്കൽക്കൂടി ഉത്തരേന്ത്യ സന്ദർശിച്ചു. കാശിയിൽനിന്നു് ഉജ്ജയിനിയിലേയ്ക്കു ചെന്നു് കുറെ ദിവസം അവിടെ പാർത്തു. ശൈവപൂജ പ്രചാരത്തിലുണ്ടായിരുന്ന ആ സ്ഥലത്തു് ഭൈരവന്മാർ എന്ന ഒരു സംഘക്കാർ അവരുടെ ദേവന്റെ പ്രീതിയ്ക്കുവേണ്ടി ബലി കൊടുക്കുക പതിവായിരുന്നു. ആ വർഗ്ഗക്കാരോടു് ശങ്കരൻ തർക്കിച്ചു്, അവരുടെ ദുരാചാരങ്ങളെ ഉപേക്ഷിക്കുവാൻ പറഞ്ഞു. ആ ഉപദേശം നാട്ടുകാരെ ഇളക്കിവിട്ടു. അവരുടെ നേതാവായിരുന്നു ക്രകചൻ. ശങ്കരൻ സൂത്രത്തിൽ ആ നായകനെ സ്വാധീനിച്ചു. പിന്നീടു് അദ്ദേഹത്തിന്റെ സഹായത്തോടുകൂടി ഭൈരവന്മാരുടെ അക്രമങ്ങളെ ബലം പ്രയോഗിച്ചമർത്തി. ന്യായം കൊണ്ടു ഫലമില്ലാതായപ്പോഴായിരുന്നു ബലം പ്രയോഗിച്ചതു്.

ശങ്കരന്റെ പിന്നത്തെ യാത്ര ഗുജറാത്തിലേയ്ക്കായിരുന്നു. ദ്വാരകയിൽ അദ്ദേഹം ഒരു മഠം സ്ഥാപിച്ചു. അനന്തരം ഗംഗാതീരത്തുകൂടി സഞ്ചരിച്ചു് ഭാസ്കരൻ, ബാണൻ, ദണ്ഡി, മയൂരൻ മുതലായ മഹാന്മാരെ തർക്കപരീക്ഷയിൽ ജയിച്ചു. കാശ്മീരത്തിലേയ്ക്കാണു് പിന്നത്തെ പുറപ്പാടു്. സർവ്വജ്ഞപീഠം കരഗതമാക്കുവാനായിരുന്നു ആ യാത്ര. ഏററവും ബുദ്ധിമാനേ ആ സമ്മാനത്തിനർഹതയുള്ളു. ശങ്കരന്റെ

കാലത്തു് ഹിമാലയപ്രദേശങ്ങളിൽ ബുദ്ധമതക്കാർ ധാരാളം അധിവസിച്ചിരുന്നുവെന്നതിന്നു് മതിയായ തെളിവാണിതു്.

**സമാധി:**—കാമരൂപം, അഥവാ ഗൌഹാട്ടിയിൽ വെച്ചായിരുന്നു ശങ്കരാചാര്യർ അവസാനത്തെ വാദപ്രതിവാദം നടത്തിയതു്. ആ സ്ഥലം ആസ്സാമിൽ കിടക്കുന്നു. ശാക്തപ്രോത്സാഹകനായ അഭിനവഗുപ്തനെ ശങ്കരൻ കീഴടക്കി. പരാജയത്തിൽ കലശലായ രോഷമുണ്ടായ ഗുപ്തൻ സ്വാമികളെ വധിക്കുവാൻ ദുർമ്മന്ത്രങ്ങൾ പ്രയോഗിച്ചു. അതിന്റെ ഫലമായി അദ്ദേഹത്തിന്റെ ദേഹത്തിൽ വളരെ ആപൽക്കരമായ ഒരു രക്തസ്രാവമുണ്ടായി ആദ്യം അതിനെ സ്വാമികൾ അത്ര വകവെച്ചില്ല. എന്നാൽ അദ്ദേഹത്തെ ശുശ്രൂഷിച്ച ശിഷ്യന്മാർ വൈദ്യന്മാരെ കാണിച്ചു കൊടുത്തു് പല മരുന്നുകളും പ്രയോഗിച്ചു. എന്നിട്ടും യാതൊരു ഫലവും ഉണ്ടായില്ല. ഒടുവിൽ ഒരു ശിവദൂതൻ വന്നു് ഗോപ്യം പുറത്താക്കി. ഇതു കേട്ടഉടൻ പത്മപാദൻ കോപകലുഷിതനായിത്തീൎന്നു. അദ്ദേഹത്തിന്നും മന്ത്രവാദം നിശ്ചയമുണ്ടു്. ഉടനെ മറെറാരു പ്രയോഗംകൊണ്ടു് സ്വാമികളെ പൂർവ്വനിലയിലേയ്ക്കു കൊണ്ടുവരികയും ചെയ്തു.

ആചാര്യസ്വാമികളുടെ രോഗം തൽക്കാലം ശമിച്ചുവെങ്കിലും അധികനാൾ ചെല്ലുന്നതിന്നു മുമ്പുതന്നെ വീണ്ടും വിഷമിച്ചു തുടങ്ങി. ആ സമയത്തുപോലും അദ്ദേഹം ബദരിയിൽ ചെന്നു് ഒരു മഠം സ്ഥാപിച്ചു്, നാരായണക്ഷേത്രം പണിയിച്ചു. ഇതിന്നുശേഷം കേദാരനാഥത്തിലേയ്ക്കു വിശ്രമിക്കുവാൻ ചെന്നു. അവിടെവെച്ചു് അദ്വൈതമതസ്ഥാപ

കനായ ഈ മഹാൻ 32-ാമത്തെ വയസ്സിൽ എ. ഡി. 828-ൽ സമാധിയടയുകയും ചെയ്തു.

**അവസാനം:**—ആചാര്യസ്വാമികൾ നാലു മഠങ്ങൾ സ്ഥാപിക്കയുണ്ടായി എന്നു പറഞ്ഞുവല്ലൊ. പന്ത്രണ്ടു നൂററാണ്ടുകൾക്കിടയിൽ അവയ്ക്കു പല അഭിവൃദ്ധികളും, അധഃപതനങ്ങളും ഉണ്ടായിട്ടുണ്ടു്. എന്നാൽ ഇന്നും അവ നിലനിന്നു കാണുന്നു. വിജയനഗരസാമ്രാജ്യത്തിൻെറ പ്രാബല്യകാലങ്ങളിൽ ശൃംഗേരിമഠം അത്യുന്നതി പ്രാപിക്കയുണ്ടായി. ഒരേ ഉദ്ദേശത്തോടുകൂടി സ്ഥാപിതമായ ആ മഠങ്ങൾക്കു പരസ്പരം ബന്ധമുള്ളതായി കാണുന്നില്ല.

സർവ്വസ്വവും ഈശ്വരമതം എന്ന അദ്വൈതമതത്തെ ശങ്കരൻ സ്ഥാപിക്കുകയും, അതിനെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ട ശ്രമങ്ങൾ എടുക്കുകയും ചെയ്തു. "പരാശക്തിയൊഴികെ മററൊന്നും നില നില്ക്കുന്നില്ല. പ്രകൃതിയെന്നു പറയുന്നതു് വെറും മായയും, സ്വപ്നവും ആണു്. പരാശക്തിയെ ചുററിയിരിക്കുന്ന മൂഢത്വമാണു് മായക്കു കാരണം. ആ മൂഢത്വം നീക്കം ചെയ്യണം. അതാണു് നമ്മുടെ ജീവിതത്തിൻെറ മുഖ്യചുമതല. അതിന്നു് യഥാർത്ഥമായ ജ്ഞാനം സമ്പാദിക്കണം—അതായതു് വേദാന്തം പഠിക്കണം."—ഈ തത്വങ്ങളാണു് ശങ്കരൻ ചെന്നേടത്തെല്ലാം പ്രസംഗിച്ചു നടന്നതു്.

മോക്ഷപ്രാപ്തിക്കു് ആചാര്യർ എളുപ്പവഴികളും ഉപദേശിക്കയുണ്ടായി. സ്വാർത്ഥത്യാഗം മുതലായ സാന്മാർഗ്ഗികഗുണങ്ങൾ ശീലിക്കുക, ഈശ്വരനെ ഭക്തിയോടുകൂടി സ്മരിക്കുക, അവനവൻെറ മുറകൾ ശ്രദ്ധയോടുകൂടി ചെയ്യുക—

ഇവയെല്ലാം വേദാന്തപഠനത്തിനുള്ള സഹായികളാണു്. മനുഷ്യർ പ്രാപഞ്ചികവും, മതപരവുമായ കർത്തവ്യങ്ങൾ നിർവ്വഹിക്കണം; അവ ചെയ്തുതന്നെ തീരണം.

ഇന്നു് കൈരളീദേവി ശങ്കരമന്ത്രകാഹളം മുഴക്കിക്കൊണ്ടിരിക്കുന്നു. ആ ദേവിയുടെ ഉത്തമസന്താനം ഭാരതത്തിൽ ഒരു കെടാവിളക്കായി ആചന്ദ്രതാരം പ്രശോഭിക്കട്ടെ !

---

# 3. ശ്രീ രാമാനുജാചാര്യർ

**ജനനം:**—വൈഷ്ണവരുടെ ഇടയിൽ ആഴ്‌വാർമാർ എന്ന ചില ഭക്തന്മാർ ഉണ്ടായിരുന്നു. വിഷ്ണുസേവകന്മാരായ അവർ മോക്ഷപ്രാപ്തിയ്ക്കുള്ള മാർഗ്ഗം ഭക്തിയാണെന്നു വിശ്വസിച്ചുപോന്നു. പന്ത്രണ്ടു് ആഴ്‌വാർമാരുടെ പേരുകൾ വൈഷ്ണവർ പ്രസ്താവിച്ചു കാണുന്നുണ്ടു്. പ്രസിദ്ധപ്പെട്ട പല ഗ്രന്ഥങ്ങളും അവർ നിർമ്മിച്ചു. ലോകത്തെ അധഃപതനത്തിൽനിന്നു രക്ഷിക്കുവാൻവേണ്ടി എഴുതീട്ടുള്ളവയാണു് അവ.

ആഴ്‌വാർമാരെ തുടന്നു് ആചാര്യന്മാർ എന്ന ഒരു സംഘക്കാരും ഉണ്ടായതായി കാണുന്നു. ധർമ്മപരായണരായ അവരിൽ രാമാനുജനു മുമ്പു് ആറു പേർ ഉൾപ്പെട്ടിരുന്നു. നാതമുനിയും, പൗത്രൻ അലവന്തരുമായിരുന്നു അവരിൽ ഏറ്റവും യോഗ്യന്മാർ. അലവന്തരുടെ കുടുംബത്തിൽപെട്ട ആളായിരുന്നു രാമാനുജൻ.

ശ്രീരംഗത്തിൽ വൈഷ്ണവതത്വപ്രാസംഗികന്മാരിൽ അഗ്രിമസ്ഥാനം സ്വീകരിച്ചു് അലവന്തർ ഇരിയ്ക്കുന്ന കാല

ഞ്ഞു്, അദ്ദേഹത്തിൻെറ പൗത്രന്മാരിൽ ഒരാറം ഇങ്ങനെ അപേക്ഷിച്ചു:—"പിതാമഹാ! തിരുപ്പതിമലയിൽ ചെന്നു് ഭഗവാനെ സേവിച്ചു് കാലം കഴിക്കുവാൻ എന്നെ അനുവദിച്ചാലും!" സന്തോഷപുരസ്സരം അദ്ദേഹം അതിന്നു് സമ്മതം നൽകുകയും ചെയ്തു.

ആ യുവാവാകട്ടെ, ഉടനെതന്നെ ഭക്തനായ തൻെറ പിതാവിനോടും, രണ്ടു് ഇളയ സഹോദരിമാരോടുംകൂടി അവിടെ ചെന്നു് സ്ഥിരതാമസമാക്കി. മാസങ്ങറം കുറെ കഴിഞ്ഞു. അങ്ങനെയിരിക്കെ, ഒരുദിവസം അവിവാഹിതരായ രണ്ടുയുവാക്കറം ആ പുണ്യഗൃഹത്തിൽ ചെല്ലുവാൻ സംഗതിയായി. സുന്ദരിമാരായ ആ രണ്ടു സഹോദരിമാരെ അവർ കണ്ടു. പിതാവിൻെറ അനുമതിയോടുകൂടി അവർ ഓരോരുത്തിയെ പരിഗ്രഹിച്ചു. ജ്യേഷ്ഠത്തി ആസുരികേശവഭട്ടൻേറയും, അനുജത്തി കമലനയനഭട്ടൻേറയും പത്നിമാരായിത്തീൎന്നു. ഏറെത്താമസിയാതെതന്നെ, ആദ്യത്തെ ദമ്പതികറംക്കു് എ. ഡി 1017-ൽ ഒരു പുത്രൻ ജനിച്ചു. മുത്തച്ഛൻ ആ ബാലനു് ലക്ഷ്മണൻ എന്നു നാമകരണവും ചെയ്തു. ആ കുമാരൻതന്നെയാണു് രാമാനുജൻ എന്ന പേരിൽ അറിയപ്പെടുന്നതു്.

**ബാല്യകാലം:**—രാമാനുജൻെറ ബാല്യകാലത്തെപ്പററി ചരിത്രകാരന്മാൎക്കു് അധികമൊന്നും അറിവാൻ ഇടവന്നിട്ടില്ല. ജീവിതത്തിൽ പറയത്തക്ക പ്രത്യേകതകറം ഒന്നും ഇല്ല. ചെറുപ്പത്തിൽത്തന്നെ പിതാവു് മരിച്ചുപോയി. ഇളയമ്മയുടെ മകനായ ഗോവിന്ദഭട്ടൻെറകൂടെ രാമാനുജൻ സാധാരണവിദ്യാഭ്യാസം നേടി. അവർ വേഗത്തിൽ

പഠിക്കേണ്ടതെല്ലാം പഠിച്ചു തീർത്തു. പിന്നെ വേദാന്തം പഠിക്കുവാൻ ഒരു ഗുരുവിനെ അന്വേഷിച്ചു തുടങ്ങി. ഒടുവിൽ കാഞ്ചീപുരത്തിൽ ഒരു മഹാപണ്ഡിതനുണ്ടെന്നു കേട്ടു് അവിടെ ചെന്നു. രാമാനുജൻെറ ജീവിതത്തിനു് ഗണ്യമായ ഒരു പരിണാമമുണ്ടായതു് അവിടെവെച്ചായിരുന്നു.

**യാദവപ്രകാശൻ:**—യാദവപ്രകാശൻ എന്ന ഗുരുവിൻെറ കീഴിൽ സഹോദരന്മാർ വേദാന്തം ബുദ്ധിപൂർവ്വം പഠിച്ചു. രാമാനുജൻ വലിയ അഭിവൃദ്ധി കാണിക്കുന്നതായി ശ്രീരംഗത്തിലുണ്ടായിരുന്ന പ്രപിതാമഹൻകേട്ടു് വളരെ സന്തോഷിച്ചു. ഒരു ദിവസം ആരും അറിയാതെ അദ്ദേഹം അത്രയുംദൂരം നടന്നുചെന്നു്, അവനെകണ്ടു് സന്തുഷ്ടചിത്തനായി മടങ്ങി. രാമാനുജൻെറ ഭാവിജീവിതം ശോഭനമായിത്തീരുന്നതാണെന്നു പൂർണ്ണവിശ്വാസമുണ്ടായിരുന്ന ആ വൃദ്ധൻ, തൻെറ ഉദ്യോഗം അവനുതന്നെ കൊടുപ്പാൻ ആഗ്രഹിച്ചു. ആ സംഗതി രാമാനുജനെ അറിയിക്കയുണ്ടായില്ല. അങ്ങനെചെയ്താൽ അവൻെറ പഠിപ്പിനു് ഭംഗം നേരിടുവാൻ ഇടവന്നേയ്ക്കുമെന്നു ഭയപ്പെട്ടു.

രാമാനുജൻെറ പഠിത്തം മുറയ്ക്കു നടന്നു. ചില അവസരങ്ങളിൽ യാദവപ്രകാശൻ വേദാന്തസൂത്രങ്ങൾക്കു് വ്യാഖ്യാനം പറഞ്ഞുകൊടുക്കുന്നതു് ആ യുവാവിനു ബോദ്ധ്യമായില്ല. ഒരിക്കൽ ആ വിദ്യാർത്ഥി അവയ്ക്കു് സ്വന്തമായ അർത്ഥം പറഞ്ഞു വിവരിക്കയുണ്ടായി. അതു് മററു ശിഷ്യന്മാരെ അത്ഭുതസ്തിമിതരാക്കി. ആ സംഗതിയെപ്പററി

ഗുരുവും ശിഷ്യനും തമ്മിൽ വളരെ തർക്കിച്ചു. കാര്യങ്ങൾ കുറച്ചുകൂടി വൈഷമ്യത്തിലായി.

ഈ അവസരത്തിൽ ആ നാട്ടിലെ ഭരണാധികാരി യാദവപ്രകാശന് ആളയച്ചു. മന്ത്രവാദംകൂടി നിശ്ചയമുണ്ടായിരുന്ന അദ്ദേഹത്തിന് രാജകുമാരിയുടെ ദേഹത്തിൽ പിടികൂടിയിരുന്ന ദുർദ്ദേവതയെ ഓടിക്കുവാൻ സാധിക്കാതെ വന്നു. രാമാനുജൻ കല്പിക്കുകയാണെങ്കിൽ അതു് ഒഴിഞ്ഞുമാറുകയും ചെയ്യും. അദ്ദേഹം സന്തോഷത്തോടുകൂടി അങ്ങനെ ആജ്ഞാപിച്ചു. ഉടനെതന്നെ ദേവത രാജകുമാരിയുടെ ദേഹത്തിൽനിന്നു് വെളിക്കുചാടി.

ഈ സംഭവത്തിൻെറ ഫലമായി ഗുരുവിന്ന് ശിഷ്യൻെറ പേരിൽ അസൂയയും ഈൎഷ്യയും കുറെക്കൂടി വൎദ്ധിച്ചുവന്നു. വേറൊരുപനിഷത്തിന് അൎത്ഥം പറയുമ്പോൾ അവ മൂൎദ്ധന്യദശയിൽ എത്തുകയും ചെയ്തു. വളരെ നിസ്സാരമായ നിലയ്ക്കു് യാദവപ്രകാശൻ ശ്ലോകത്തിനെ വ്യാഖ്യാനിച്ചു. രാമാനുജൻ അതിനെ ഖണ്ഡിച്ചു. അപ്പോൾ ക്രുദ്ധനായിത്തീൎന്ന ഗുരു, ശിഷ്യനെ തൻെറ കലാസ്ഥാപനം വിട്ടുപോവാൻ കല്പിക്കയുണ്ടായി. എന്നുമാത്രമല്ല, അദ്ദേഹത്തെ ഗൂഢമായി വധിക്കുവാനുള്ള ഏൎപ്പാടുകൾ ചെയ്കയും ചെയ്തു.

**വധിക്കുവാനുള്ള ശ്രമവും അതിൽനിന്നു് രക്ഷപ്പെടലും:**—ചില ശിഷ്യന്മാരുടെ പ്രേരണമൂലം യാദവപ്രകാശൻ ഒരു തീൎത്ഥാടനസംഘം വിളിച്ചുകൂട്ടി. കാശിക്കു് പുറപ്പെട്ട ആ സമൂഹത്തിൽ രാമാനുജനും സഹോദരനും ഉണ്ടായിരുന്നു. പഠിപ്പിൽ അധികം സാമൎത്ഥ്യമില്ലാതിരുന്ന

ഗോവിന്ദഭട്ടൻെറനേരെ ഗുരു അധികം പ്രീതി കാണിക്കയു ണ്ടായി. രാമാനുജനെ വധിക്കുവാനുള്ള ഗൂഢാലോചനയിൽ ഒരു പങ്കുകാരനായിരുന്ന ഭട്ടനും. കാഞ്ചിയൽനിന്ന് അധി കം ദൂരെയല്ലാത്തതായ ഒരു വൻകാട്ടിനുള്ളിൽവെച്ച് രാമാ നുജനെ വധിക്കുവാനായിരുന്ന ഏപ്പാട്ടചെയ്തിരുന്നത്.

ഈ ഗൂഢാലോചനയെപ്പററി രാമാനുജൻെറ ഒരു ഗുണകാംക്ഷി അദ്ദേഹത്തെ അറിയിക്കയുണ്ടായി. അതി നാൽ അദ്ധരാത്രിയിൽ അവിടെനിന്ന രക്ഷപ്പെടുവാൻ സാ ധിച്ചു. ദയാലുവായ ഒരു വ്യാധൻെറയും പത്നിയുടേയും സഹായത്തോടുകൂടി കാഞ്ചിയിൽ എത്തിച്ചേന്നു. പ്രഭാ തത്തിൽ കിരാതസ്ത്രീ കുടിപ്പാൻ കുറെ വെള്ളം ആവ ശ്യപ്പെട്ടു. രാമാനുജൻ അതു കൊണ്ടുവരുമ്പോഴെയ്ക്കും ആ ദമ്പതികരം അപ്രത്യക്ഷമായിരിക്കുന്നു.

രാമാനുജന് അധികദൂരം നടക്കേണ്ടിവന്നില്ല, അ പ്പോഴെയ്ക്കും കാഞ്ചിയിലെ ഗോപുരങ്ങരം അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ പെട്ടു. ആ പട്ടണത്തിൽ എത്തിയതിനുശേഷം അമ്മയോടു് അതുവരെ നടന്ന സംഭവങ്ങളും, പ്രത്യേകിച്ച് ഈശ്വരസഹായത്താൽ മരണത്തിൽനിന്നു് രക്ഷപ്പെട്ട വഴി യും പറഞ്ഞു. അവക്ക് സന്തോഷവും, അത്ഭുതവും ഒരു പോലെയുണ്ടായി. രാമാനുജൻ പിന്നീട് മാതാവിൻെറ ഉ പദേശപ്രകാരം വിവാഹംചെയ്ത്, ഗൃഹസ്ഥാശ്രമം സ്വീക രിച്ച്, കാഞ്ചിയിലെ ദേവരാജനെ സേവിച്ചു് കാലംകഴിക്കു വാൻ ആരംഭിച്ചു.

ഇതിലിടയ്ക്കു് അലവന്തരുടെ അന്ത്യകാലം അടുത്തു തുടങ്ങി. അപ്പോരം അദ്ദേഹത്തിൻെറ ശിഷ്യന്മാരിൽ ഏ

3953

ററവും പ്രായംചെന്ന പെരിയ നമ്പി രാമാനുജനെ ശ്രീരംഗത്തേയ്ക്കു കൂട്ടിക്കൊണ്ടുവരുവാൻവേണ്ടി കാഞ്ചിയിലേയ്ക്കു ചെന്നു്, തൻെറ ഗുരു ഉണ്ടാക്കീട്ടുള്ള സ്തോത്രരത്നം എന്ന ദേവസ്തുതികൾ ഉറക്കെ ഉച്ചരിച്ചുതുടങ്ങി. രാമാനുജൻ ആ സമയത്തു് കാലത്തെ പൂജയ്ക്കുവേണ്ടുന്ന സാമഗ്രികൾ ശേഖരിക്കുകയായിരുന്നു. അക്കാൎയ്യത്തിൽ ജാഗരൂകനായിരുന്ന അദ്ദേഹത്തെ ഭക്തിപരമായ ആ സ്തോത്രങ്ങൾ ആകൎഷിച്ചു. ഉടനെതന്നെ ആഗതനോട്ട് ആ സ്തോത്രകൎത്താവാരാണെന്നു ചോദിക്കുകയും ചെയ്തു. തൻെറ ഉത്തമഗുരുവായ അലവന്തരുടെ കൃതിയാണു് അതെന്നു് പെരിയനമ്പി മറുപടി പറഞ്ഞു. രാമാനുജൻെറ അടുത്ത ചോദ്യം തനിക്ക് അദ്ദേഹത്തെ കാണാമോ എന്നായിരുന്നു. അതിനു് പെരിയനമ്പിയുടെ ഉത്തരം ഇതായിരുന്നു, "നിങ്ങൾ എൻെറ കൂടെ ഇപ്പോൾതന്നെ പുറപ്പെടുവിൻ. ഞാൻ നിങ്ങളെ ആ മഹാൻെറ അടുക്കൽ കൊണ്ടുപോയി വിടാമല്ലൊ."

രാമാനുജൻെറ ഹൃദയം സന്തോഷംകൊണ്ടു പുളച്ചുതുടങ്ങി. കാലത്തെ തൻെറ കൃത്യങ്ങളെല്ലാം വേഗത്തിൽ നിൎവ്വഹിച്ചു. അനന്തരം ദേവരാജൻെറ അനുമതിവാങ്ങി പെരിയനമ്പിയോടുകൂടി പുറപ്പെടുകയും ചെയ്തു.

**ശ്രീരംഗയാത്ര:**—രാമാനുജനും പെരിയനമ്പിയും കൂടി യാത്ര തുടൎന്നു. ഒടുവിൽ ശ്രീരംഗത്തിൻെറ ഉത്തരഭാഗത്തെത്തി. അപ്പോൾ കൊള്ളടംനദിയുടെ തെക്കെക്കരയിൽ അവർ ഒരു ജനക്കൂട്ടംകണ്ടു. കുറെക്കൂടി അടുത്തുചെന്നപ്പോൾ, അലവന്തർ കാലധൎമ്മം പ്രാപിച്ചശേഷം ശിഷ്യന്മാർ മൃതശരീരം ദഹിപ്പിക്കുവാൻ അവിടേയ്ക്കു കൊണ്ടുവന്നിരിക്കു

യാണെന്നു് അവക്കു മനസ്സിലായി. തൽക്ഷണം ആ മഹാ ഗുരുവിൻെറ അന്ത്യദശ്നം ഒന്നു ലഭിക്കുവാൻവേണ്ടി രാമാനുജൻ ചിതയ്ക്കുസമീപം ചെന്നു. അഹോ! അദ്ദേഹം കണ്ടതെന്തു്? വലംകൈയിലെ മൂന്നു വിരലുകൾ മടക്കിയിരിക്കുന്നു. അപ്പോൾ രാമാനുജൻ ചോദിച്ചു:—സ്വാതേ അദ്ദേഹത്തിൻെറ കൈവിരലുകൾ മടങ്ങിട്ടാണോ? നിങ്ങൾ അതു കണ്ടിട്ടുണ്ടോ?" "അല്ല; ഞങ്ങൾ മുമ്പു് ഒരിക്കലും കണ്ടിട്ടില്ല," എന്നായിരുന്നു മറുപടി.

ഈ ഉത്തരം രാമാനുജൻെറ ജിജ്ഞാസയെ അമത്തിയില്ല. വീണ്ടും അന്വേഷിച്ചപ്പോൾ, ഗുരു എത്രയും ആഗ്രഹിച്ചതായ മൂന്നു കാര്യങ്ങൾ നിറവേററാതെ കിടക്കുന്നുണ്ടെന്നു മനസ്സിലായി. വായിച്ചാൽ എളുപ്പത്തിൽ മനസ്സിലാകത്തക്കവിധത്തിൽ ഒരു വ്യാഖ്യാനം ബ്രഹ്മസൂത്രത്തിനെഴുതുക, പരാശരൻെറയും, ശടഗോപൻെറയും പേരുകൾ ലോകത്തിൽ നിലനിത്തുവാൻതക്ക യോഗ്യതയുള്ള ആളുകളെ കണ്ടുപിടിച്ചു് അവക്കു് ആ പേരുകൾ ഇടുക എന്നിവയായിരുന്നു ആ മൂന്നു മോഹങ്ങൾ. രാമാനുജൻ അവയെ നിറവേററാമെന്നു വാഗ്ദാനംചെയ്തു. തൽക്ഷണം വിരലുകൾ മൂന്നും നിവന്നു. ശവസംസ്കാരം കഴിയുന്നതുവരെ അദ്ദേഹം അവിടെത്തന്നെ നില്ക്കുകയും ചെയ്തു.

**മടക്കം:**—അലവന്തരുടെ ശവദാഹം കഴിഞ്ഞതിൽപ്പിന്നെ രാമാനുജൻ കാഞ്ചിയിലേയ്ക്കു മടങ്ങി പൂജാദികമ്മങ്ങളിൽ ഏപ്പെട്ടു. ദിവസങ്ങൾ കുറെ കഴിഞ്ഞു. ദിനകൃത്യങ്ങൾ ശരിക്കു നടന്നുകൊണ്ടേയിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അദ്ദേഹത്തിനു് ഇങ്ങനെ തോന്നി, "കഷ്ടം!

ഞാൻ ചില കാൎയ്യങ്ങൾ നിറവേററാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. എന്താണു് ഞാൻ വെറുതെയിരിക്കുന്നതു്? ദിവസങ്ങളാണെങ്കിൽ നീങ്ങിപ്പോകുന്നു."

ഈ ഘട്ടത്തിൽ എന്താണു് ചെയ്യേണ്ടതെന്നറിയാതെ രാമാനുജൻ വിഷമിച്ചു. ഒടുവിൽ ദേവരാജൻെറ പുരോഹിതൻെറ ഉപദേശം അഭ്യൎത്ഥിച്ചു. തിരുക്കച്ചിന്നമ്പി എന്ന ആ വൃദ്ധൻ അക്കാൎയ്യത്തിൽ ഈശ്വരസങ്കല്പം ഇന്നതാണെന്നു് പറഞ്ഞു മനസ്സിലാക്കി. "ഈശ്വരനിൽ പൂൎണ്ണമായി വിശ്വസിക്കണം. പെരിയനമ്പിയെ ഉപദേഷ്ടാവായി സ്വീകരിച്ചു്, ഭാരതീയവേദാന്തസമ്പ്രദായങ്ങൾ പ്രചാരപ്പെടുത്തുവാൻ പ്രയത്നിക്കണം. ജനങ്ങൾക്കു് ഈശ്വരഭക്തി ഉണ്ടാകുവാനുള്ള മാൎഗ്ഗങ്ങൾ ഉപദേശിക്കണം; എന്നാലേ അവൎക്കു് മോക്ഷപ്രാപ്തി ഉണ്ടാകയുള്ളു," ഇക്കാൎയ്യങ്ങൾ നിറവേററുവാൻ ദൈവം തന്നോടു കല്പിക്കുന്നതുപോലെ അദ്ദേഹത്തിന്നു തോന്നി. ഉടനെതന്നെ അദ്ദേഹം ദേവരാജൻെറ അനുമതിയോടുകൂടി ശ്രീരംഗത്തേയ്ക്കു പുറപ്പെടുകയും ചെയ്തു.

**ചെറിയനമ്പിയുടെ ഉപദേശവും രാമാനുജൻെറ ത്യാഗവും:**—രാമാനുജൻ മധുരാന്തകത്തിൽ താമസിച്ചു്, കുളക്കരയിലുള്ള ശ്രീരാമക്ഷേത്രത്തിൽച്ചെന്നു് ഭഗവാനെ നന്നായി ഭജിച്ചു. ആ അവസരത്തിൽ പെരിയനമ്പിയെ കണ്ടു. പെരിയനമ്പി കാഞ്ചിയിലേയ്ക്കുള്ള യാത്രയാണു്. അവർ പരസ്പരം യാത്രോദ്ദേശം മനസ്സിലാക്കി. താൻ അന്വേഷിച്ചുപോകുന്ന ഗുരുവിനെ രാമാനുജനു കാണ്മാൻ സാധിച്ചു. രാമാനുജനെ ശ്രീരംഗത്തേയ്ക്കു കൂട്ടിക്കൊണ്ടുപോക

ണമെന്നായിരുന്നു പെരിയനമ്പിയുടെ ഉദ്ദേശം. പരേതനായ അലവന്താചാര്യരുടെ പ്രമുഖശിഷ്യന്മാരായിരുന്നു അക്കാര്യത്തിനു് അദ്ദേഹത്തെ അയച്ചതു്. രാമാനുജൻെറ നിർബ്ബന്ധം മൂലം നമ്പി ശ്രീരാമസന്നിധിയിൽവെച്ചു് വേദാന്തത്തിലെ ഒളിഞ്ഞുകിടന്നിരുന്ന വിജ്ഞാനപ്രദങ്ങളായ ഭാഗങ്ങളെ പ്രസംഗിച്ചുതുടങ്ങി. അനന്തരം അവർ രണ്ടുപേരും കാഞ്ചിയിലേയ്ക്കു മടങ്ങി. ഗുരുവും ശിഷ്യനും ഒരുമിച്ചു് കുറെക്കാലം അവിടെ താമസിച്ചു. ഒടുവിൽ അവർ തമ്മിൽ പിരിഞ്ഞു. അതോടുകൂടി രാമാനുജൻെറ ജീവിതകാലത്തിനു് വലിയ മാററം സംഭവിക്കുകയും ചെയ്തു.

നമ്പിയും രാമാനുജനും ഒരുമിച്ചായിരുന്നു താമസിച്ചുവന്നിരുന്നതു്. രണ്ടു കുടുംബക്കാരും ഐകമത്യത്തോടുകൂടി കുറെക്കാലം പാർത്തുവന്നു. തൻെറ സഹധർമ്മിണിയെ സംബന്ധിച്ചു് ഒരു സമാധാനവും രാമാനുജനുണ്ടായിരുന്നില്ല. ഭർത്താവിൻെറ ആഗ്രഹങ്ങളും, കല്പനകളും നിറവേററിക്കൊടുക്കുന്നതിലും, അനുസരിക്കുന്നതിലും അവൾക്കു വൈമനസ്യമുള്ളതായി കണ്ടു.

ഒരവസരത്തിൽ രാമാനുജൻ തിരുക്കച്ചിനമ്പിയെ തൻെറ ഗൃഹത്തിലേയ്ക്കു ക്ഷണിക്കയുണ്ടായി. രണ്ടുപേരും കുറെനേരം സംസാരിച്ചുകൊണ്ടിരുന്നു. അതിഥി പോയതിനുശേഷം ഗൃഹനായിക അദ്ദേഹം ഇരുന്ന സ്ഥാനം ചാണകംകൊണ്ടു കഴുകി വൃത്തിയാക്കി. ക്ഷേത്രത്തിലെ പുരോഹിതന്മാർ ജാതിയിൽ അല്പം പതിതചമുള്ളവരാണ്. അതായിരുന്നു ആ സ്ത്രീയുടെ ആ പ്രവൃത്തിക്കു കാരണം.

ഈ സംഭവം രാമാനുജൻെറ ഹൃദയത്തിൽ തറച്ചു. അതിനെ അദ്ദേഹം നിന്ദ്യമായി വീക്ഷിക്കുകയും ചെയ്തു.

മറെറാരവസരത്തിൽ രാമാനുജൻ കിണററിൻകരയിൽ ഇരുന്നു് ക്ഷേത്രത്തിലെ കാലത്തെ പൂജയ്ക്കു വേണ്ടുന്നതെല്ലാം തയ്യാറാക്കുകയായിരുന്നു. ആ സമയത്തു് ഒരു സാധു വന്നു് കുറെ ഭക്ഷണം ആവശ്യപ്പെട്ടു. അതു് തൻെറ ഭാര്യയോടു വാങ്ങിക്കൊള്ളുവാൻ പറഞ്ഞു് അദ്ദേഹം അവനെ വീട്ടിലേയ്ക്കയച്ചു. അതേ സമയത്തു്, താനാണു് അവനെ അയച്ചിരിക്കുന്നതെന്നു് അവളോടു പ്രത്യേകം പറയണമെന്നും പറഞ്ഞു. യാചകൻ വീട്ടിൽ ചെന്നു. എന്നാൽ ഗൃഹനായികയുടെ വാക്കു്, “പോടാ, പോ, ഇവിടെ ഒന്നുമില്ല” എന്നായിരുന്നു. ഭിക്ഷക്കാരൻ മടങ്ങിച്ചെന്നു് തനിക്കു ലഭിച്ച സൽക്കാരം രാമാനുജനെ ബോധിപ്പിച്ചു.

തൻെറ ജോലികഴിഞ്ഞു് രാമാനുജൻ ഗൃഹത്തിലേയ്ക്കു മടങ്ങി അന്വേഷിച്ചപ്പോൾ അവിടെ ഭക്ഷണമുള്ളതായി കണ്ടു. അതു് ആ യാചകനു കൊടുക്കാമായിരുന്നു. വീണ്ടും അദ്ദേഹം അവൾക്കു് മാപ്പുകൊടുത്തു.

എന്നാൽ മൂന്നാമത്തെ കുററം രാമാനുജൻെറ ക്ഷമയെ ശിഥിലമാക്കി. ഏററവും കഠിനതരമായ ഒന്നായിരുന്നു അതു്. രാമാനുജൻെറ ഭാര്യയും, പെരിയനമ്പിയുടെ ഭാര്യയുംകൂടി ഒരു ദിവസം വെള്ളം കൊണ്ടുവരുവാൻ ഒരേ കിണററിലേയ്ക്കുപോയി. എങ്ങനെയോ രണ്ടാമത്തെ സ്ത്രീയുടെ പാത്രത്തിലെ ജലം ആദ്യത്തേവളുടെ പാത്രത്തിൽ വീണു. ഉടനെ അവർ തമ്മിൽ വാഗ്വാദമായി. ശണ്ഠ മൂത്തു. രാമാനുജൻെറ കളത്രം നമ്പിയുടെ കുടുംബക്കാരെപ്പററിയും പല

ദൃഷ്യങ്ങളും പ്രസ്താവിച്ചു. ഇനി അവിടെ നില്ക്കുന്നതു ശരിയല്ലെന്നു വിചാരിച്ച് നമ്പിയുടെ പത്നി മടങ്ങി ഭർത്താവിനെ നടന്ന സംഭവം മുഴുവൻ അറിയിച്ചു. അതു കേട്ടപ്പോൾ ആ മഹാൻ പരിഭവിക്കയല്ല ചെയ്തതു്. നേരെമറിച്ച് അവിടത്തെ താമസം മതിയാക്കി ശ്രീരംഗത്തേയ്ക്കു മടങ്ങിപ്പോകയാണുണ്ടായതു്.

നമ്പി മടങ്ങിപ്പോയതിനുള്ള കാരണം രാമാനുജൻ മനസ്സിലാക്കി. അദ്ദേഹം വളരെ വ്യസനിച്ചു. തൻെറ ഭാര്യയെ ഉപേക്ഷിക്കേണ്ടതായ കാലം ആസന്നമായി എന്നു കണ്ടു. അപ്പോഴെയ്ക്കും ജാമാതാവിൻെറ ഗൃഹത്തിൽനിന്ന് അവളെ കൂട്ടിക്കൊണ്ടുപോവാൻ ആൾ എത്തുകയും ചെയ്തു. അതിനെ സുവർണ്ണാവസരമായിക്കരുതി അദ്ദേഹം അവളെ അപ്പോൾത്തന്നെ പറഞ്ഞയച്ചു.

പിന്നെ രാമാനുജൻ ചെയ്തതെന്തായിരുന്നു? കാഷായവസ്ത്രം ധരിച്ച്, ലൗകികാര്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറി. സന്യാസിയായതോടുകൂടി അദ്ദേഹത്തിൻെറ ഖ്യാതി ഒന്നുകൂടി വലുതായി. ശിഷ്യഗണങ്ങൾ വർദ്ധിച്ചുവന്നതോടുകൂടി സന്യാസികളുടെ രാജാവ് എന്നർത്ഥമുള്ള 'യതിരാജ്' എന്ന ബിരുദം അദ്ദേഹത്തിനു ലഭിച്ചു. സന്യാസിമാർ ഏകദണ്ഡമോ, ത്രിദണ്ഡമോ ഏതാണ് അവരുടെ അടയാളമായി ഉപയോഗിക്കേണ്ടതെന്ന സംശയം അക്കാലത്തായിരുന്നു തലപൊക്കിയതു്. രാമാനുജൻെറ ഒടുവിലത്തെ ഗുരുവായ യാദവപ്രകാശൻ അദ്ദേഹത്തിൻെറ കീഴിൽ മതപരിവർത്തനംചെയ്തു് ഗോവിന്ദയോഗി എന്ന പേർ സ്വീകരിച്ചുവെന്നും, 'യതിധർമ്മസമുച്ചയം' എന്ന ഗ്രന്ഥം നിർമ്മിച്ചുവെന്നും വൈഷ്ണവരുടെ ഇടയിൽ ഒരു വിശ്വാസമുണ്ടു്.

**വാഗ്ദാനം നിറവേററുവാനുള്ള പരിശ്രമം:—**

രാമാനുജൻ സന്ന്യാസവൃത്തിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. അങ്ങനെയിരിക്കെ, ഒരു ദിവസം അലവന്തരുടെ തിരുവരങ്കപ്പെരുമാൾ അദ്ദേഹത്തിൻെറ അടുക്കലെത്തി ഇങ്ങനെ ഉണർത്തിച്ചു:—"സ്വാമിൻ! അലവന്തർ കാലധർമ്മം പ്രാപിച്ചതിനുശേഷം അദ്ദേഹത്തിൻെറ സ്ഥാനം ആരും ഏറെറടുക്കയുണ്ടായില്ല. അതു് ഇന്നും ഒഴിഞ്ഞുതന്നെ കിടക്കുന്നു. അങ്ങ് ശ്രീരംഗത്തുവന്നു്, ശിഷ്യന്മാരായ ഞങ്ങളുടെ കൂടെയിരുന്നു്, ആ സ്ഥാനം അലങ്കരിക്കണം."

തിരുവരങ്കപ്പെരുമാളുടെ അഭിലാഷം നിറവേററിക്കൊടുക്കാതിരിപ്പാൻ രാമാനുജാചാര്യനു് മനസ്സുവന്നില്ല. അദ്ദേഹം ശ്രീരംഗത്തുചെന്നു് സ്ഥിരതാമസമാക്കി. പൗരന്മാർ തന്നിൽ അവരോധിച്ചിരിക്കുന്ന ഉന്നതസ്ഥാനത്തിനു് താൻ അർഹനായിരിക്കണമെങ്കിൽ, തനിക്കു് ചില പ്രത്യേകഗുണങ്ങൾ സമ്പാദിക്കേണ്ടതുണ്ടെന്നു് അദ്ദേഹം നിശ്ചയിച്ചു. അതിനുള്ള വഴികളെപ്പററിയായി അദ്ദേഹത്തിൻെറ പിന്നത്തെ ആലോചന.

ഏറെത്താമസിയാതെതന്നെ, രാമാനുജൻ വൈഷ്ണവമതത്തിൽ അടങ്ങിയിരുന്ന എല്ലാ തത്വങ്ങളും പഠിക്കുവാൻ ആരംഭിച്ചു. ഒരു വിഭാഗം പഠിപ്പിച്ചതു് പെരിയനമ്പിയായിരുന്നു. മന്ത്രാർത്ഥം പഠിപ്പിക്കുവാൻ തിരുക്കൊട്ടിയൂർ നമ്പിയെയും അദ്ദേഹം സമീപിച്ചു മന്ത്രങ്ങൾ ആവൃപ്രാവശ്യം പറഞ്ഞുകൊടുത്തിട്ടും, ശിഷ്യൻെറ ആത്മാർത്ഥതയിൽ ഗുരുവിനു വിശ്വാസം വന്നില്ല. അതിനാൽ തൻെറ ഹൃദയം തുറന്നു കാണിക്കുവാൻ അദ്ദേഹം മടിച്ചു. നൈരാശ്യംകൊ

ണ്ടു് രാമാനുജൻ പഠിത്തം വേണ്ടെന്നുവെയ്ക്കാൻ തീർച്ചപ്പെടുത്തി. എന്നാൽ ഗുരുവിൻെറ ആവശ്യപ്രകാരം ഒരു പ്രാവശ്യംകൂടി ശ്രമിക്കയുണ്ടായി. അത്തവണ അദ്ദേഹത്തിന്നു് ഗുരുവിനെ പ്രീതിപ്പെടുത്താൻ സാധിച്ചു, അതോടുകൂടി ഗുരു, രാമാനുജന്നു് തൻെറ കൈയിരുപ്പു് മുഴുവനും തുറന്നുകാണിക്കാൻ ഉറച്ചു. "ഈ ഗോപ്യങ്ങളും പരീക്ഷണങ്ങളും നടത്തി അർഹനാണെന്നു ബോദ്ധ്യപ്പെട്ട ശിഷ്യനേ ഞാൻ പറഞ്ഞുകൊടുക്കയുള്ളു." എന്നു ശപഥം ചെയ്തതിന്നു ശേഷം മാത്രമാണു് തിരുക്കൊട്ടിയൂർ നമ്പി രാമാനുജന്നു് അവയെല്ലാം ഉപദേശിച്ചതു്.

ഗുരു ഉപദേശിച്ച തത്വങ്ങൾ മോക്ഷപ്രാപ്തിക്കു് എത്രയും പററിയതാണെന്നു രാമാനുജന്നു തോന്നി. അതിനാൽ അദ്ദേഹം അവയെ തൻെറ ചുററുമുള്ളവർക്കെല്ലാം ഉപദേശിച്ചുകൊടുത്തു. ഗുരു രാമാനുജനെ ആളയച്ചുവരുത്തി തൻെറ നിരോധാജ്ഞ യാതൊരു കൂസലുംകൂടാതെ അതിലംഘിച്ചതെന്തുകൊണ്ടാണെന്നു ചോദിച്ചു. രാമാനുജൻ പറഞ്ഞു:—"ഗുരോ! അതിന്നുള്ള ശിക്ഷ കല്പിച്ചാലും!"

ഗുരു:—ശാശ്വതമായ നരകമാണു് അതിന്നുള്ള ശിക്ഷ. എന്നാൽ ഒന്നും ഇവിടെവെച്ചല്ല.

രാമാനുജൻ:—ഞാൻ നരകദുഃഖം സന്തോഷത്തോടുകൂടി അനുഭവിക്കാം. എന്നാൽ കഷ്ടാരിഷ്ടങ്ങൾ അനുഭവിക്കുന്ന ജനസഞ്ചയങ്ങൾക്കു് മോക്ഷപ്രാപ്തിക്കു വേണ്ടവാക്കുകൾ ഉപദേശിച്ചുകൊടുക്കുവാൻ ഞാൻ കാരണഭൂതനാവണം.

ഗുരുവിന്നു് ശിഷ്യൻെറ അന്തർലീനമായ ആശയം മനസ്സിലായി. അദ്ദേഹം അതിനെ വളരെ അഭിനന്ദിക്കുകയും,

വേദാന്തത്തിലെ ഒരു ഭാഗമായ ആ പ്രത്യേകദർശനത്തിന്ന് 'രാമാനുജദർശനം' എന്നു പേരിടുകയും ചെയ്തു.

**യോഗ്യതകൾ പൂർത്തിയാക്കൽ:—**ഇക്കാലത്ത് രാമാനുജാചാര്യന്ന് തന്റെ സഹോദരനും സഹപാഠിയുമായ ഗോവിന്ദഭട്ടന്റെ കാര്യത്തിൽ പ്രവേശിക്കേണ്ടതായി വന്നു. ആ യുവാവ് യാദവപ്രകാശനോടുകൂടി ഗംഗയിൽ ഇറങ്ങി. പുണ്യജലത്തിൽ മുങ്ങിയപ്പോൾ തന്റെ ഉള്ളംകൈയിൽ പുരുഷലിംഗ അടയാളം കൊത്തിയിരിക്കുന്നതായി കണ്ടു. അതിനാൽ 'ഉള്ളംകൈ ഗോനാർ ധനയാർ' എന്ന പേരുണ്ടായി.

അതിനുശേഷം അയാൾ ഉറച്ച ശൈവമതക്കാരനായിത്തീർന്ന്, തിരുപ്പതിയിൽ മാതുലഗൃഹത്തിൽനിന്ന് അതിദൂരെ അല്ലാത്ത കാളഹസ്തിയിൽ താമസമാക്കി. രാമാനുജന്റെ അപേക്ഷപ്രകാരം അമ്മാമൻ മരുമകനെക്കണ്ടു് വൈഷ്ണവമതം സ്വീകരിപ്പിച്ചു. രാമാനുജന്റെ പേർ പലരേയും ആകർഷിക്കുവാൻ തുടങ്ങി. ഒരു 'ദർശനത്തിന്റെ തലവനായിത്തീരുന്നതിനു മുമ്പ് മററു യോഗ്യതകളും സമ്പാദിക്കേണമെന്ന് അദ്ദേഹം തീരുമാനിക്കുകയും ചെയ്തു.

ആദ്യം തിരുവരങ്കപ്പെരുമാളുടെ കീഴിലും പിന്നീടു് തിരുമലൈയാണ്ടന്റെ കീഴിലും രാമാനുജൻ തിരുവായ്മൊഴി പഠിച്ചു. തിരുമലൈയാണ്ടന്റെ കീഴിൽ അഭ്യസിക്കുന്ന കാലത്ത് പ്രധാനപ്പെട്ട പല ഗ്രന്ഥങ്ങൾക്കും പ്രത്യേകവിധത്തിൽ വ്യാഖ്യാനങ്ങൾ പറയുന്നതിലുള്ള പാടവം കാണിച്ചുകൊടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അവയെപ്പററി വീണ്ടും തർക്കിച്ചപ്പോൾ അലവന്തരുടെ അഭിപ്രായ

ത്തോട് അവ ശരിക്കു യോജിച്ചതായും കണ്ടു. ആ നൂതന പരിജ്ഞാനസമ്പാദനത്തോടുകൂടി രാമാനുജൻെറ യോഗ്യതകളെല്ലാം പൂർത്തിയായി. അദ്ദേഹം യഥാർത്ഥത്തിൽ എല്ലാ കാര്യങ്ങളിലും അലവന്തരുടെ പിൻഗാമിയായിത്തീരുകയും ചെയ്തു.

**രണ്ടാമത്തെ വധോദ്യമം:**—രാമാനുജൻെറ കീർത്തിധാവള്യം നാടുമുഴുവൻ പരന്നു. അതു കണ്ടപ്പോൾ തിരുപ്പതിയിലെ മാതുലൻെറ പുത്രന് അദ്ദേഹത്തിൻെറ സംഘത്തിൽ ചേരണമെന്ന് മോഹം ജനിച്ചു. വാസ്തവത്തിൽ അവന് അതിനു തക്ക പ്രായമായിട്ടില്ല. എന്നാലും പിതാവു് അവനെ സ്വന്തം മരുമകൻെറകൂടെ രാമാനുജൻെറ അടുക്കലേയ്ക്കയച്ചു.

ഏതോ ഒരു സ്ത്രീ രാമാനുജൻെറ ജീവനെ രക്ഷപ്പെടുത്തിയ അവസരത്തിലായിരുന്നു ആ ബാലന്മാർ രണ്ടുപേരും ശ്രീരംഗത്തെത്തിയതു്. രാമാനുജന്, ഒരു സന്യാസിയുടെ നിലയ്ക്കു് മദ്ധ്യാഹ്നത്തിൽ ഗൃഹംതോറും ഭിക്ഷയാചിച്ചുകൊണ്ടുപോകേണ്ടിയിരുന്നു. ആ അവസരത്തിൽ ഒരു വീട്ടിലെ ഗൃഹസ്ഥൻ തൻെറ ഭാര്യയോട് ചോറിൽ വിഷം കലർത്തി രാമാനുജനുകൊടുക്കുവാൻ ഏല്പിക്കയുണ്ടായി. മനസ്സില്ലെങ്കിലു, അവൾക്ക് ഭർത്തൃകല്പന അനുസരിക്കയല്ലാതെ തരമില്ലല്ലോ. അവൾ സന്യാസിയുടെ കൈയിൽ ചോറുകൊടുത്തു. അതു ഭക്ഷിച്ച ഉടൻ അദ്ദേഹം മരിച്ചുപോകുമല്ലോ എന്നോർത്തു് ആ ഗുണവതി വ്യസനിച്ചു ഉടനെതന്നെ അവൾ അദ്ദേഹത്തിൻെറ മുമ്പിൽ സാഷ്ടാംഗം നമസ്കരിച്ചു. ഒരു സന്യാസി ഭിക്ഷയ്ക്കുപോകുമ്പോൾ ആരും

പതിവുപോലുള്ള ആചാരങ്ങൾ അനുഷ്ഠിക്കുവാൻ പാടി ല്ലെന്നു നിശ്ചയമുണ്ട്. ആ സ്ത്രീയുടെ അത്തരം പ്രവൃത്തി കണ്ടപ്പോൾ രാമാനുജന് ചില സംശയങ്ങൾ ജനിക്കാതിരു ന്നില്ല. വല്ലവരും തന്നെ വധിക്കുവാൻ വല്ല വഴിയും എടു ത്തിട്ടുണ്ടായിരിക്കാമെന്ന് അദ്ദേഹം ഊഹിച്ചു. പരീക്ഷണം നടത്തിയപ്പോൾ ചോറിൽ വിഷം കലർത്തിയിരിക്കുന്നതായി കണ്ടു.

ഈ സംഭവത്തിനുശേഷം തിരുപ്പതിയിൽനിന്നു വന്ന രണ്ടുപേരിൽ മൂത്തവൻ സന്യാസിക്കുവേണ്ട ആഹാരം സ മ്പാദിച്ചുകൊടുക്കേണ്ടതാണെന്ന് നിശ്ചയിച്ചു. അദ്ദേഹ ത്തിൻെറ ജീവിതം ആപത്തുകൊണ്ടു നിറഞ്ഞതായി കണ്ട തിലാണ് മുൻകരുതലായി ആ ഏർപ്പാടുചെയ്തത്.

രാമാനുജാചാര്യൻെറ പേർ ദൂരദേശങ്ങളിൽക്കൂടി പര ന്നുതുടങ്ങി. പല പ്രമാണികളും വൈഷ്ണവമതം സ്വീകരിക്കു യുണ്ടായി. ഇതിലിടയ്ക്ക്, ഭാരതം മുഴുവൻ ചുററി തർക്കിച്ചു നടക്കുവാൻ പുറപ്പെട്ട യജ്ഞമൂർത്തി എന്ന ഒരു അദ്വൈത സന്യാസി രാമാനുജനോടും വാദപരീക്ഷ നടത്തുവാൻ എ ത്തിച്ചേർന്നു. അവരുടെ തർക്കം പതിനാറു ദിവസം നീണ്ടു നിന്നു. എന്നിട്ടും ഒരു തീരുമാനത്തിൽ എത്തിയില്ല. രാമാ നുജന് തൻെറ കാര്യം കുറെ പരുങ്ങലായിത്തോന്നി. അല വന്തരുടെ ഗ്രന്ഥങ്ങളിൽനിന്ന് ചില പ്രമാണങ്ങൾ സ്വീകരി ക്കണമെന്നു തീർച്ചപ്പെടുത്തി, അദ്ദേഹം ആ ഗുരുവിൻെറ മായാവടകാണ്ഡനം പരിശോധിച്ചു. അതിൽനിന്ന് ചില പ്രമാണങ്ങളെല്ലാം മനസ്സിലാക്കിയതിൽപ്പിന്നെ പതിനേഴാ മത്തെ ദിവസം തൻെറ എതിരാളിയെ തോല്പിക്കുവാൻ

അദ്ദേഹത്തിനു സാധിച്ചു. പരാജിതൻ ഉടനെതന്നെ രാമാനുജൻെറ ശിഷ്യനായിത്തീൎന്നു. 'അരുളലപ്പെരുമാൾ എമ്പെരുമനാർ' എന്ന വൈഷ്ണവസ്ഥാനം സ്വീകരിക്കയും ചെയ്തു.

**ആദ്യത്തെ വാഗ്ദാനം നിറവേററൽ:**—മാസങ്ങൾ കുറെ കഴിഞ്ഞു രാമാനുജന് അമ്മാമനെ കാണ്മാൻ മോഹമായി. അതിനാൽ തിരുപ്പതിക്കു പുറപ്പെട്ടു അവിടെ ഒരു വൎഷക്കാലം താമസിച്ച്, അദ്ദേഹത്തിൽനിന്ന് രാമായണത്തിലെ പല ഭാഗങ്ങളും മനസ്സിലാക്കി. അവിടെവെച്ച് മാതുലൻ രണ്ടുപുത്രന്മാരേയും രാമാനുജനെ ഏല്പിക്കയുണ്ടായി.

പ്രയം കൂടിക്കൂടി വന്നുതുടങ്ങിയതോടുകൂടി രാമാനുജൻ അലവന്തരോടു ചെയ്തിരുന്ന വാഗ്ദാനങ്ങൾ നിറവേററുവാൻ പുറപ്പെട്ടു. ബ്രഹ്മസൂത്രത്തിനു വ്യാഖ്യാനമെഴുതുകയായിരുന്നു ആദ്യത്തേതു്. അക്കാൎയ്യം ചെയ്യണമെങ്കിൽ മററു വ്യാഖ്യാനങ്ങൾ മനസ്സിലാക്കിയിരിക്കണം. 'ബോധായനവൃത്തി' പ്രത്യേകിച്ചും നോക്കിയിരിക്കണം. എളുപ്പത്തിൽ ലഭിക്കുന്ന കാൎയ്യമല്ല അതു്. ഉത്തരേന്ത്യയിലുള്ള ഒരു ഗ്രന്ഥശാലയിൽ ഒരു പുസ്തകമുണ്ടെന്നുകേട്ടു് അദ്ദേഹം അവിടെച്ചെന്നു. അതു മുഴുവൻ ഒരിക്കൽ വായിക്കുവാനേ അനുവാദം നൽകിയിരുന്നുള്ളു. അതിലിടയ്ക്കു് അദ്ദേഹത്തിൻെറ അനുയായികളിൽ ഒരാൾ വന്നു് താൻ ആ ഗ്രന്ഥം മുഴുവനും ഹൃദിസ്ഥമാക്കിട്ടുണ്ടെന്നും, എപ്പോൾ ചോദിച്ചാലും സംശയങ്ങൾ തീൎത്തുകൊടുക്കാമെന്നും പറഞ്ഞു് അദ്ദേഹത്തെ ധൎമ്മസങ്കടത്തിൽനിന്നു രക്ഷിക്കുവാൻ ശ്രമിച്ചു. കുരത്തൽവാർ എന്ന അയാൾ രാമാനുജൻെറ ആദ്യത്തെ

ശിഷ്യന്മാരിൽ ഒരാളായിരുന്നു. തൻെറ ഗുരുവിന് പല സഹായങ്ങളും അയാഠം ചെയ്തുകൊടുത്തിട്ടുണ്ട്. ആ ശിഷ്യൻെറ സഹായത്തോടുകൂടി രാമാനുജൻ വേദാന്തസാരം, വേദാന്തസംഗ്രഹം, വേദാന്തദീപം എന്ന മൂന്നു മഹാഗ്രന്ഥങ്ങഠം നിർമ്മിച്ചു. പുറമെ ബ്രഹ്മസൂത്രത്തിനും, ഭഗവത്ഗീതയ്ക്കും വ്യാഖ്യാനങ്ങളും എഴുതുകയുണ്ടായി. അതോടുകൂടി രാമാനുജൻെറ ആദ്യത്തെ വാഗ്ദാനം നിറവേറുകയും ചെയ്തു.

തൻെറ ഗുരുവിനോടുള്ള കടമ നിർവ്വഹിച്ചു എന്നു വരണമെങ്കിൽ രാമാനുജൻെറ ആ ഗ്രന്ഥങ്ങളെ മഹാന്മാർ സ്വീകരിക്കണം. അതിനാൽ അദ്ദേഹം പല വിദ്യാകേന്ദ്രങ്ങളും സന്ദർശിക്കയുണ്ടായി. അന്ന് ഏററവും പ്രധാനപ്പെട്ട കേന്ദ്രം കാശ്മീരമായിരുന്നു. അവിടത്തെ സരസ്വതീപീഠത്തിൽവെച്ച് അദ്ദേഹം ആ ഗ്രന്ഥങ്ങഠം വായിച്ച് മഹാപണ്ഡിതന്മാരെ കേഠപ്പിച്ചു. സരസ്വതിതന്നെ അവയ്ക്ക് ഒന്നാംസ്ഥാനം കല്പിച്ചുകൊടുത്ത്, അതിൻെറ അടയാളമായി രാമാനുജന് ഹയഗ്രീവൻെറ ഒരു പ്രതിമ സമ്മാനിക്കുകയും, ആ വ്യാഖ്യാനം ശ്രീഭാഷ്യം എന്ന പേരിൽ പ്രഖ്യാതമായിത്തീരുന്നതാണെന്നു പറയുകയും ചെയ്തു.

**രണ്ടാമത്തെ വാഗ്ദാനം നിറവേററൽ:**—ഉത്തരേന്ത്യയിൽനിന്നു മടങ്ങിവരുന്നവഴിക്ക് രാമാനുജൻ തിരുപ്പതിയിൽ തങ്ങി. അവിടത്തെ ബിംബത്തെ സംബന്ധിച്ച് രണ്ടുകക്ഷിക്കാർതമ്മിൽ തർക്കിക്കുന്ന സമയമായിരുന്നു അത്. വാദം മൂർദ്ധന്യദശയിൽ എത്തിക്കഴിഞ്ഞു. ശൈവന്മാർ ആ വിഗ്രഹം സുബ്രഹ്മണ്യസ്വാമിയാണെന്നു പറഞ്ഞു; വൈഷ്ണവന്മാരാകട്ടെ വിഷ്ണുവാണെന്നും തർക്കം എ

ങ്ങനെയെങ്കിലും അവസാനിപ്പിക്കണം. വിധി കല്പിക്കുവാനുള്ള ഭാരം അവർ ഈശ്വരനിൽത്തന്നെ സമർപ്പിച്ചു ക്ഷേത്രത്തിനുള്ളിൽ ഓരോ ദേവൻേറയും ആയുധം വൈകുന്നേരം വെച്ച്, പിറേറദിവസം കാലത്തു നോക്കുവാനുള്ള ഏർപ്പാടും ചെയ്തു. നേരം പുലൎന്നു. അവർ ക്ഷേത്രത്തിൽ ചെന്നുനോക്കി. അപ്പോഠം ശംഖചക്രധാരിയായ മഹാവിഷ്ണുവിൻെറ രൂപമാണ് അവിടെ കണ്ടതു്. അങ്ങനെ തൎക്കം തീൎന്നു കൊടുത്തതിൽപ്പിന്നെ രാമാനുജൻ ശ്രീരംഗത്തേയ്ക്കു മടങ്ങി മററു വാഗ്ദാനങ്ങഠം നിറവേററുവാൻവേണ്ട പരിശ്രമങ്ങഠം ചെയ്തുതുടങ്ങി.

രാമാനുജൻെറ പ്രഥമശിഷ്യനായിരുന്ന കുരത്തലവാർ മക്കളില്ലാതെ വളരെക്കാലം കഴിച്ചുകൂട്ടി. ഒരു രാത്രി അദ്ദേഹത്തിനു പട്ടിണികിടക്കേണ്ടതായിവന്നു. ചോറുവെയ്ക്കാൻ അന്നു് അരി കിട്ടിയില്ല. ആ സമയത്തു് ക്ഷേത്രത്തിൽ മണി അടിക്കുവാൻ തുടങ്ങി. അവിടെ അത്താഴപ്പൂജ നടക്കുകയായിരുന്നു. മണിനാദം കേട്ടപ്പോഠം അദ്ദേഹത്തിൻെറ പത്നി വിചാരിച്ചു:—"കഷ്ടം! ശ്രീരങ്കനാഥൻ ഇത്ര ദുഷ്ടനാണോ? അദ്ദേഹത്തിൻെറ പരമഭക്തന്മാർ പട്ടണികിടക്കുമ്പോഠം, അദ്ദേഹം പൂജാദികൎമ്മങ്ങഠം സ്വീകരിക്കുന്നു! ഇതു് എന്തൊരന്യായം."

ഏറെത്താമസിയാതെ ക്ഷേത്രത്തിൽനിന്നു് പൂജകൻ കുറെ ഭക്ഷണംകൊണ്ടുവന്നു് വാതിൽക്കൽ മുട്ടി. ഗൃഹനായിക വാതിൽ തുറന്നു. പൂജകൻെറ കൈയിൽ ഭക്ഷണം കണ്ടപ്പോഠം അവഠം വളരെ സന്തോഷിച്ചു, വിശന്നുവലയുന്ന ഭൎത്താവിനെ എഴുനേല്പിച്ചു്, ഊണുകഴിപ്പിച്ചു. ആ

ആ ദിവ്യശക്തിയുടെ അനന്തരഫലമായി ആ മഹതി ഗർഭം ധരിക്കുകയും, രണ്ടു പുത്രന്മാരെ പ്രസവിക്കുകയും ചെയ്തു. രാമാനുജൻെറ ഉപദേശപ്രകാരം ഒരു കുട്ടിക്കു് പരാശരൻ എന്നു നാമകരണംചെയ്തു.

പരാശരൻ ഒരു യുവാവായിത്തീൎന്നു. സഹസ്രനാമത്തിനു വ്യാഖ്യാനമെഴുതുവാൻ രാമാനുജൻ ആ യുവാവിനെ ഏല്പിച്ചു. അങ്ങനെ പരാശരഭട്ടിൻെറ ആ ഗ്രന്ഥംമൂലം അലവന്തരോട്ട് ഏററിരുന്ന രണ്ടാമത്തെ കാര്യം നിറവേററുവാൻ രാമാനുജനു സാധിക്കുകയും ചെയ്തു.

**മൂന്നാമത്തെ വാഗ്ദാനം നിറവേററൽ:**—തിരുവായ്മൊഴിയുടെ ഗ്രന്ഥകൎത്താവായ നമ്മൽവാരുടെ പേർ നിലനിൎത്തുവാനുള്ള വഴി കണ്ടുപിടിക്കേണ്ടഭാരമാണ് രാമാനുജന് ഇനി ബാക്കിയുള്ളതു്. താൻതന്നെ അതിന് ഒരു വ്യാഖ്യാനമെഴുതിയാലോ എന്നു് ആലോചിക്കയുണ്ടായി. ഒരു ദിവസം അദ്ദേഹം ഒരു അറയിലിരുന്നു്, വാതിൽ ഭദ്രമായടച്ചു്, ഒരു പ്രത്യേകശ്ലോകത്തിൻെറ അൎത്ഥം ഗാഢമായി ആലോചിക്കുകയായിരുന്നു. അപ്പോൾ വാതിലിലെ ഒരു സുഷിരത്തിൽക്കൂടി അകത്തേയ്ക്കു നോക്കിയ 'പിള്ളൻ' എന്ന യുവാവു് ചോദിച്ചു:—"ഗുരോ, തിരുമലിരൺചോലയിലെ ദേവനെപ്പററിയുള്ള ശ്ലോകം ആലോചിക്കുകയാണോ?'

യുവാവിൻെറ ബുദ്ധിസാമൎത്ഥ്യം കണ്ടു് രാമാനുജനു് സമാധാനമായി. അപ്പോൾത്തന്നെ തിരുവായ്മൊലിയ്ക്കു വ്യാഖ്യാനമെഴുതുവാൻ അവനെ ഏല്പിക്കുകയും ചെയ്തു. അങ്ങനെ മൂന്നാമത്തെ വാഗ്ദാനവും രാമാനുജൻ നിറവേററി.

ഇതെല്ലാം കഴിഞ്ഞതിൽപ്പിന്നെ രാമാനുജൻ ഈശ്വരധ്യാനവും ചെയ്ത്, സ്വൈരമായി ജീവിതം നയിച്ചുപോരുകയായിരുന്നു. എന്നാൽ അതിന്നും ഇടയ്ക്ക് ചില പ്രതിബന്ധങ്ങൾ നേരിടുകയുണ്ടായി. ഭരണാധികാരി മാറുന്നതോടുകൂടി ഭരണസമ്പ്രദായവും, മതവിശ്വാസവും മാറിക്കാണുന്നതു പതിവാണ്. അക്കാലത്ത് ചോളരാജാവായ കുലോത്തുംഗൻ, 'ശിവനു മീതെ ഒരു വലിയ ദൈവവും ഇല്ല,' എന്ന് എല്ലാവരേയും സമ്മതിപ്പിക്കുവാൻ ശ്രമിച്ചു. രാമാനുജൻെറ തത്വങ്ങൾക്കും പ്രസംഗങ്ങൾക്കും നേർവിപരീതമായിരുന്നു അതു്. അതിലിടയ്ക്ക് ചില പ്രമാണികൾ വൈഷ്ണവമതം അവലംബിക്കുകയും ചെയ്തിരുന്നു. അതിനെയെല്ലാം അമർച്ച ചെയ്യണമെന്നായിരുന്നു കുലോത്തുംഗൻെറ ഉദ്ദേശം. ഇതിനു തക്ക മറുപടി പറവാനുള്ള മഹാൻ രാമാനുജനാണെന്ന് എല്ലാവരും പറഞ്ഞുതുടങ്ങി.

കുലോത്തുംഗൻ രാമാനുജനെ രാജസദസ്സിലേയ്ക്ക് കൂട്ടിക്കൊണ്ടുവരുവാൻ കല്പന കൊടുത്തു. വല്ല ആപത്തും നേരിട്ടേയ്ക്കുമോ എന്ന സംശയം അദ്ദേഹത്തിൻെറ സ്നേഹിതന്മാർക്കുണ്ടാകാതിരുന്നില്ല. അതുകൂടാതെ കഴിപ്പാൻവേണ്ടി കുരത്തൽവാർ, രാമാനുജൻെറ വേഷത്തിൽ ചെല്ലുവാൻ ഉറച്ച്, ഒരു സന്യാസിയുടെ വസ്ത്രവും ധരിച്ച്, ഭക്തനായ പെരിയ നമ്പിയുടെകൂടെ ചോളരാജധാനിയിലേയ്ക്കു ചെന്നു. രാമാനുജനാവട്ടെ, ഒരു ഗൃഹസ്ഥാശ്രമിയുടെ വേഷത്തിൽ കുറെ ആശ്രിതന്മാരോടുകൂടി ഹോയ്സാലബിട്ടിദേവൻെറ രാജ്യത്തിലേയ്ക്കും പുറപ്പെട്ടു. കാവേരീനദീതീരത്തിൽക്കൂടി സഞ്ചരിച്ച് സാളിഗ്രാമത്തിൽ എത്തി. പന്ത്രണ്ടു കൊല്ലം

അദ്ദേഹം അവിടെ താമസിച്ചു അക്കാലത്തു് ഭിട്ടിദേവൻ വിക്രമാദിത്യന്റെ ചാലൂക്യരാജ്യത്തിന്റെ തെക്കും, ചോള രാജ്യത്തിന്റെ വടക്കു പടിഞ്ഞാറും ഒരു രാജ്യം സ്ഥാപിക്കുവാൻ വേണ്ട ശ്രമങ്ങൾ ചെയ്യുകയായിരുന്നു.

ഭിട്ടിദേവന്റെ പുത്രിയ്ക്കു് ചില ബാധോപദ്രവങ്ങൾ ഉണ്ടായിരുന്നതു് ആൎക്കും മാററിക്കൊടുക്കുവാൻ സാധിക്കാതെ വന്നപ്പോൾ രാമാനുജനെ കൂട്ടിക്കൊണ്ടുപോയി. തൽക്ഷണം പ്രേതം അവളെ വിട്ടുമാറി. സന്തുഷ്ടചിത്തനായിത്തീൎന്ന ഭിട്ടിദേവൻ രാമാനുജന്റെ ശിഷ്യത്വം സ്വീകരിച്ചു. രാജാവു് ഒരു ജൈനമതക്കാരനായിരുന്നതിനാൽ, രാമാനുജനു് ജൈനരെ വാദത്തിൽ തോല്പിക്കേണ്ടതായി വന്നു. അനന്തരം ഭൂരിപക്ഷംജൈനരും രാമാനുജദൎശനം അവലംബിച്ചു. അതിനു് ഇഷ്ടപ്പെടാത്തവരെ ചക്കിലിട്ടാട്ടുവാൻ കല്പനയും കൊടുത്തു. ആ ശിക്ഷ രാമാനുജന്റെ ആവശ്യപ്രകാരം വേണ്ടെന്നുവെയ്ക്കുയും ചെയ്തു.

**മേലുക്കോട്ടിക്ഷേത്രസ്ഥാപനവും ശ്രീരംഗത്തേയ്ക്കു മടങ്ങലും:**—ജൈനരെ വൈഷ്ണവമതത്തിലേയ്ക്കു ചേൎത്തതിൽപ്പിന്നെ രാമാനുജൻ സാളിഗ്രാമത്തിലേയ്ക്കുതന്നെ മടങ്ങി. അവിടെ താമസിക്കുന്ന കാലത്തു് വൈഷ്ണവന്മാർ നെററിയിൽ നാമമിടുവാൻ ഉപയോഗിയ്ക്കുന്ന ഭസ്മം രാമാനുജൻ സൂക്ഷിച്ചിരുന്നതെല്ലാം തീൎന്നുപോയി. അദ്ദേഹത്തിനു് സങ്കടം തോന്നി. തൊണ്ടന്നൂരിൽനിന്നു് അധികം ദൂരെ അല്ലാത്ത ഒരു കുന്നുണ്ടെന്നും, അതിൽ ആ സാധനം ധാരാളമുണ്ടെന്നും ഒരു രാത്രി അദ്ദേഹം സ്വപ്നം കണ്ടു. ഭിട്ടിദേവന്റെ ഉപദേശപ്രകാരം അദ്ദേഹം അവിടെച്ചെന്നു് കഴിച്ചു

നോക്കി. ആശ്ചര്യം! അതാ അടിയിൽ ഒരു ചെറിയ ക്ഷേത്രം! രാമാനുജൻ അതിന് തിരുനാരെറനപുരം എന്ന പേർ ഇട്ടു.

ആ ക്ഷേത്രത്തിനു യോജിച്ച ഒരു ചെറിയ വിഗ്രഹം വേണമല്ലൊ. അതിനെപ്പററി ആലോചനയായി. അപ്പോറം, ഡെൽഹിരാജപുത്രിയുടെ കൈവശം "രാമപ്രിയ" എന്ന ഒരു വിഗ്രഹമുണ്ടെന്ന് രാമാനുജനു സ്വപ്നത്തിൽ തോന്നി. അതിനാൽ വീണ്ടും ഉത്തരേന്ത്യയിലേയ്ക്കു ചെന്നു. ഈശ്വരാനുഗ്രഹത്താൽ ആ വിഗ്രഹം ലഭിച്ചു.

രാജകുമാരിയ്ക്കു് വിഗ്രഹം ഉപേക്ഷിയ്ക്കുവാൻ വൈമനസ്യമുണ്ടായി. രാജാവു് ഉടനെ രാമാനുജനെ കൂട്ടിക്കൊണ്ടു വരുവാൻ ആളയച്ചു. ആ സമയത്തു് അദ്ദേഹം പഞ്ചമന്മാരുടെ ചേരിയിൽ രക്ഷ പ്രാപിച്ചു. തനിയ്ക്കു ചെയ്തു ഉപകാരത്തിനു പ്രതിഫലമായി രഥോത്സവദിവസം ക്ഷേത്രത്തിൽ കടക്കുവാൻ അവർക്കു് അനുവാദം നൽകി. എ. ഡി. 1099-ലായിരുന്നു ക്ഷേത്രം പൂർത്തിയാക്കി, അതിൽ വിഗ്രഹം പ്രതിഷ്ഠിച്ചതു്. അവിടെവെച്ചും തൻെറ സ്ഥാനം സുസ്ഥിരമാക്കുവാൻ രാമാനുജന്നു് വാദപരീക്ഷ നടത്തേണ്ടതായിവന്നു. പത്മഗിരിയിലെ ബൗദ്ധന്മാരായിരുന്നു കക്ഷികഠം.

മേൽ പ്രസ്താവിച്ച കാര്യങ്ങഠം രാമാനുജൻ ചെയ്തു കൊണ്ടിരിക്കുമ്പോഠം രാജകല്പനയനുസരിച്ച് കൂരത്തലവാരും, പെരിയ നമ്പിയും ചോളരാജധാനിയിലേയ്ക്കു ചെന്നു. രാജാവു് അവരോടു് ഇങ്ങനെ ചോദിച്ചു:—"ഏററവും ശക്തിയുള്ള ഈശ്വരൻ ശിവനാണു് എന്നു നിങ്ങഠം വിശ്വസി

ക്കുന്നുണ്ടോ ?" കുരത്തലവർ ഭക്തിയോടുകൂടി, "ശിവനുമീതെ ദ്രോണരുണ്ടു" എന്നു് മറുപടി പറഞ്ഞു.

ആ വാക്കുകൾ രാജകോപത്തെ ഉജ്ജ്വലിപ്പിച്ചു. അദ്ദേഹം ആ രണ്ടു വൈഷ്ണവരുടേയും കണ്ണു കുത്തിപ്പൊട്ടിക്കുവാൻ കല്പന കൊടുത്തു. വൃദ്ധനായ പെരിയ നമ്പി വഴിയിൽവെച്ചുതന്നെ മരിച്ചു. എന്നാൽ ബലവാനായ കുരത്തലവരാകട്ടെ, യാതൊരാപത്തും കൂടാതെ ശ്രീരംഗത്തിലെത്തിച്ചേരുകയും ചെയ്തു.

കുറച്ചുമാസം കഴിഞ്ഞപ്പോഴെയ്ക്കും ചോളരാജാവു് പ്രമേഹം പിടിപെട്ടു് അന്തരിച്ചു. രാമാനുജൻെറ ഭക്തന്മാരോടു കാണിച്ച ക്രൂരതയുടെ ഫലമാണു് അതെന്നു് ജനങ്ങൾ വിശ്വസിച്ചുപോന്നു. കുരത്തലവനു നേരിട്ട ആപത്തുകളിൽ തൻെറ സഹതാപം രേഖപ്പെടുത്തുവാൻ രാമാനുജൻ ദൂതന്മാരെ അയച്ചിരുന്നു. അവർ മടങ്ങിവന്നപ്പോഴാണു് ചോളരാജാവിൻെറ മരണവൃത്താന്തം അദ്ദേഹം അറിഞ്ഞതു്.

**ഗോവിന്ദരാജക്ഷേത്രസ്ഥാപനം:**—കുരത്തലവരെ നല്ലവണ്ണം സമാധാനപ്പെടുത്തിയതിന്നുശേഷം രാമാനുജനു് അദ്ധ്യയനോത്സവത്തിനുള്ള ഏൎപ്പാടുകൾ ചെയ്യേണ്ടതായിവന്നു. തമിഴകവികളുടെ ഗ്രന്ഥങ്ങൾ കൊല്ലത്തിലൊരിയ്ക്കൽ പാരായണം ചെയ്വാനുള്ള ഒരു ഏൎപ്പാടായിരുന്നു ആ ഉത്സവം. അതിന്നു് തിരുനൽവേലിജില്ലയിൽനിന്നു് നമ്മൽവാരുടെ വിഗ്രഹം കൊണ്ടുവരണമെന്നതായിരുന്നു പതിവു്. അക്കൊല്ലം അതികഠിനവൎഷമുണ്ടായിരുന്നതിനാൽ അക്കാൎയ്യം കുറെ വിഷമമേറിയതായിത്തീൎന്നു. അതിനാൽ രാമാനു

ജൻ ശ്രീരംഗത്തുതന്നെ ഒരു ക്ഷേത്രം പണിതു് അാംവാരുടെ വിഗ്രഹം സ്ഥാപിച്ചു. മേലാൽ അത്തരം ബുദ്ധിമുട്ടുകൾ കൂടാതെ കഴിപ്പാനായിരുന്നു അങ്ങനെ ചെയ്തതു്.

ആ ഉത്സവദിവസം കുരത്തലവരുടെ ഒരു ശിഷ്യൻ രാമാനുജൻെറ സ്മാരകമായി ഒരു ശതകം സമപ്പിക്കയുണ്ടായി. ശതകത്തിൻെറ ഗ്രന്ഥകാരനായ അമുഡൻ ശ്രീരംഗത്തിലെ സ്മാത്തക്ഷേത്രത്തിൻെറ മാനേജരായിരുന്നു. വൈഷ്ണവശിഷ്യന്മാരെ അയാാം ഗണ്യമായി കരുതിയിരുന്നില്ല. വൃദ്ധയായ മാതാവു് മരിക്കാറായപ്പോൾ അയാാം ചോദിച്ചു: "അമ്മേ! ഞാൻ അമ്മയ്ക്കു ചെയ്തുതരേണ്ട വല്ല കാര്യവും ഉണ്ടോ?"

അമ്മ:—എൻെറ ശവസംസ്കാരസദ്യയ്ക്കു് രാമാനുജനേയോ, അദ്ദേഹം നിശ്ചയിക്കുന്ന ആളെയോ ക്ഷണിച്ചു ഭക്ഷണം കൊടുക്കണം."

അമുഡൻ ധമ്മസങ്കടത്തിൽ പെട്ടു. അപേക്ഷയുംകൊണ്ടു് രാമാനുജൻെറ അടുത്തു ചെന്നു. തൻെറ ധൈര്യശാലിയായ കുലത്തലവരോടു ചോദിച്ചാൽ മതി എന്നായിരുന്നു അതിനു് രാമാനുജൻെറ മറുപടി. കുരത്തലവർ ക്ഷണം സ്വീകരിക്കയും ചെയ്തു. ഇതോടുകൂടി അമുഡൻെറ പൂർവ്വവിശ്വാസവും മാറി. പരീക്ഷിക്കുവാൻവേണ്ടി ക്ഷേത്രത്തിലെ താക്കോൽ ആവശ്യപ്പെട്ടു. തൽക്ഷണം അമുഡൻ അവയെ കൊടുത്തു് കുരത്തലവരുടെ ശിഷ്യനായിത്തീൎന്നു. ഈ അമുഡനായിരുന്നു ശതകമെഴുതി സമപ്പിച്ചതു്.

രാമാനുജൻ ആ ശതകം സ്വീകരിച്ചു്, അവയെ 4000 പ്രബന്ധങ്ങളിൽ ചേൎക്കുവാൻ അനുവാദം നൽകി.

അനന്തരം അൽവാർമാരുടേയും അൻഡാളുടേയും പ്രതിമകാം ഉണ്ടാക്കി ശ്രീരംഗത്തും, മററു പ്രധാനസ്ഥലങ്ങളിലും പ്രതിഷ്ഠിയ്ക്കുകയും ചെയ്തു.

**തീൎത്ഥാടനം:**—രാമാനുജൻ പിന്നെ അൽവാർതിരുനാഗരി സന്ദൎശിച്ചു മടങ്ങി. ആ സമയത്താണ് തിരുപ്പതിയിലെ മാതുലൻ മരിച്ച വിവരം മനസ്സിലാക്കിയതു്. തൽക്ഷണം അവിടെച്ചെന്ന് മൂത്ത പുത്രനെക്കൊണ്ടു ശേഷക്രിയകളെല്ലാം ചെയ്യിപ്പിച്ചു

അങ്ങനെയിരിക്കെ, തിരുപ്പതിയിലെ ഗോവിന്ദരാജക്ഷേത്രം മറിച്ചിട്ട്, വിഗ്രഹത്തെ ആരോ കടലിൽ എറിഞ്ഞുകളഞ്ഞു എന്ന സങ്കടകരമായ വൎത്തമാനം കേഠംക്കുവാനും രാമാനുജന് ഇടവന്നു. ഉടനെതന്നെ അദ്ദേഹം വിഗ്രഹം കടലിൽനിന്നെടുത്തു്, പരിപാവനമായ മലയുടെ അടിവാരത്തിലുള്ള ക്ഷേത്രത്തിൽ സ്ഥാപിക്കുകയും ചെയ്തു.

ഇതെല്ലാം നിൎവ്വഹിച്ചതിന്നുശേഷം കാഞ്ചി, മധുരാന്തകം എന്നീ ദിക്കുകഠം വഴി രാമാനുജൻ ശ്രീരംഗത്തേയ്ക്കു മടങ്ങി. ഏറെത്താമസിയാതെ തെക്കെ ഇന്ത്യയിലെ പ്രസിദ്ധപ്പെട്ട വിഷ്ണുക്ഷേത്രങ്ങഠം സന്ദൎശിക്കുവാൻ പുറപ്പെട്ടു. തിരുമലരിഞ്ചോല, ശ്രീവില്ലി, പുത്തൂർ എന്നിവിടങ്ങളിൽ ചെന്ന് ദൎശനം കഴിച്ചു് മനസ്സമാധാനത്തോടുകൂടി തെക്കെ ഇന്ത്യ മുഴുവനും ചുററി തൻെറ സ്വാധീനശക്തി സ്ഥാപിച്ചു്, വിശിഷ്ടാദ്വൈതവേദാന്തം പ്രചാരപ്പെടുത്തിയതിന്നുശേഷം രാമാനുജന് തൻെറ ജോലി അവസാനിച്ചുവെന്നു തോന്നി.

തൻെറ തത്വം പഠിപ്പിക്കുവാനും, പ്രചാരപ്പെടുത്തുവാനും വേണ്ടി രാമാനുജൻ അനുചരന്മാരിൽ യോഗ്യന്മാരെ 74 പേരെ തിരഞ്ഞെടുത്തു. അവരിൽ നാലു പേർ മഹായോഗ്യന്മാരായിരുന്നു. ആ നാലുപേരിൽനിന്നു് പിള്ളനെ തിരഞ്ഞെടുത്തു് തൻെറ യഥാർത്ഥപിൻഗാമിയാക്കുകയും ചെയ്തു.

രാമാനുജൻെറ നിര്യാണം അടുത്തു. ആ സമയത്തു് തൻെറ ശിഷ്യന്മാരുടെ അപേക്ഷയനുസരിച്ചു് അദ്ദേഹത്തിന്നു് ശ്രീരംഗം, ശ്രീ പെരുമ്പത്തൂർ തിരുനാരൈനപുരം എന്നീ ക്ഷേത്രങ്ങളിൽ തൻെറ പ്രതിമകൾ സ്ഥാപിക്കുവാൻ അനുവാദം നൽകേണ്ടതായി വന്നു. അതിനെ അടിസ്ഥാനമാക്കിയായിരിക്കണം തെക്കെ ഇന്ത്യയിലെ വിഷ്ണുക്ഷേത്രങ്ങളിൽ ഒരു ചെറിയ ക്ഷേത്രം രാമാനുജനായി സങ്കല്പിച്ചുവെച്ചിരിക്കുന്നതു്. തൻെറ ചുററും ഇരുന്നു് കണ്ണുനീർ പൊഴിക്കുന്ന ശിഷ്യഗണങ്ങളേയും, സ്നേഹിതന്മാരേയും സമാധാനപ്പെടുത്തിയതിന്നുശേഷം, രാമാനുജാചാര്യർ 120-ാം വയസ്സിൽ ദിവംഗതനായി.

**അവസാനം:**—പതിനൊന്നാം നൂററാണ്ടിൽ തെക്കെ ഇന്ത്യ മതപരമായ ക്ഷോഭംകൊണ്ടു കലങ്ങി മറിയുകയായിരുന്നു. ആ കാലത്താണു് രാമാനുജൻ തൻെറ സിദ്ധാന്തങ്ങളെ സ്ഥാപിക്കുവാൻ പരിശ്രമിച്ചതും, ആ ഉദ്യമത്തിൽ താൻ വിജയശ്രീലാളിതനായതും. ഭക്തിയാണു് പരിശുദ്ധത നേടുവാനുള്ള ഏകമാർഗ്ഗം. അതുള്ളവനു് പാപരഹിതനായും, സ്വാർത്ഥരഹിതനായും ഈ ലോകത്തിൽ ജീവിക്കുവാൻ കഴിയും. മോക്ഷപ്രാപ്തിക്കുള്ള ഒരേവഴിയും അതു

തന്നെ. 'ഭക്തിതന്നെ ജ്ഞാനം,' ഇതാണ് രാമാനുജൻെറ സിദ്ധാന്തം. വിഷ്ണുവിൻെറ പിതൃത്വം, ലക്ഷ്മിയുടെ മാതൃത്വം, മനുഷ്യൻെറ സാഹോദര്യം എന്നിവയുടെ ആശയം ഭാരതത്തിൽ പ്രചാരപ്പെടുത്തുവാൻ ഈ ആചാര്യന്നു നല്ലവണ്ണം സാധിച്ചിട്ടുണ്ട്. ഭാരതചരിത്രത്തിൽ രാമാനുജാചാര്യൻെറ ഉപദേശങ്ങൾ തങ്കമഷിയിൽ എഴുതിവെച്ചിരിക്കുന്നു. ഭാരതീയരുടെ അമൂല്യസമ്പത്താണ് അവ. അവയിൽനിന്നുൽഗമിക്കുന്ന ജ്ഞാനകിരണങ്ങൾ അജ്ഞാനിഹൃദയങ്ങൾക്ക് മാർഗ്ഗദർശികളായിത്തീരുന്നു.

# 3. ഖാൻ സഹോദരന്മാർ

**ജനനം:—** ഭാരതീയസ്വാതന്ത്ര്യസമരത്തിന് മഹാത്മാഗാന്ധിയോടൊപ്പം പോരാടിയ മഹാന്മാരിൽ ഖാൻ സഹോദരന്മാരുടെ പേര് ഒരിക്കലും മാഞ്ഞുപോകുന്നതല്ല. അതിർത്തിഗാന്ധി എന്ന അപരനാമധേയത്താൽ പ്രഖ്യാതനായ ഖാൻ അബ്ദുൾഗഫൂർഖാനും, ജ്യേഷ്ഠൻ ഡാക്ടർ ഖാൻ സാഹിബ്ബുമാണ് ആ സഹോദരന്മാർ.

അവിഭാജ്യഭാരതത്തിൽ പെട്ടിരുന്ന വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനത്തിലെ പെഷവാറിൽനിന്ന് ഇരുപതു് മൈൽ ദൂരെയായി 'ചാർസാദ്ധ' എന്ന ഒരു പ്രദേശമുണ്ട്. ചാർസാദ്ധയിൽനിന്ന് സുമാർ രണ്ടു നാഴിക അകലെയുള്ള സ്വാററ് നദീതീരത്തിൽ 'ഉററ്മാൻസായ്' എന്ന അതിമനോഹരമായ ഗ്രാമത്തിലെ പ്രമാണിയായിരുന്ന ഖാൻസാഹിബ്ബ് ബൈറാംഖാൻെറ പുത്രന്മാരായി

1883-ൽ ഡാക്ടർ ഖാൻ സാഹിബ്ബും, ഏഴ് കൊല്ലത്തിനു ശേഷം ഖാൻ അബ്ദുൾ ഗഫൂർഖാനും ജനിച്ചു. 'മൊമ്യാഡ്സായ്" വർഗ്ഗത്തിൽപെട്ടിരുന്ന ഖാൻ കുടുംബങ്ങളിൽ ഒന്നായിരുന്നു അവരുടേതും. 'ഖാൻ' എന്ന പദത്തിൻെറ അത്ഥം പ്രമാണി എന്നാകുന്നു.

പ്രകൃതിസൗന്ദര്യത്താൽ അനുഗൃഹീതമായ അത്തരം പ്രദേശത്തിൽ ജനിച്ചു വളൎന്ന ആ സഹോദരന്മാൎക്ക് ആദ്യകാലങ്ങളിൽ നവീനപരിഷ്കാരങ്ങളിൽ വലിയ അഭിരുചി ഒന്നും ഉണ്ടായതായി കണ്ടിരുന്നില്ല. തികഞ്ഞ ഈശ്വരഭക്തനായിരുന്ന പിതാവ് പുത്രന്മാരെ വളൎത്തുന്ന കാര്യത്തിൽ ശരിയായ പങ്കു വഹിച്ചിരുന്നു. മാതാപിതാക്കന്മാൎക്ക് എഴുതുവാനും, വായിപ്പാനും നിശ്ചയമുണ്ടായിരുന്നില്ല. എന്നാലും ആത്മീയചിന്തയോടുകൂടിയ ജീവിതമായിരുന്നു അവർ നയിച്ചുവന്നിരുന്നത്. പുണ്യവതിയായ മാതാവ് പ്രാത്ഥനയ്ക്കുശേഷം നിശ്ശബ്ദമായി ഗാഢാലോചനയിൽ കുറെ നേരം ഇരിക്കുക പതിവായിരുന്നു.

ജീവിതകാലത്തിൽ ബൈറാംഖാന് ശത്രുക്കളായി ആരുംതന്നെ ഉണ്ടായിരുന്നില്ലെന്നു പറയുന്നത് തികച്ചും വാസ്തവമാണ്. പ്രതികാരം എന്തെന്ന് അദ്ദേഹത്തിനറിയില്ല. ചതിക്കപ്പെട്ടുന്നതിൽ അവമാനമില്ലെന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം. വാക്കിനു ധാരാളം വ്യവസ്ഥയുണ്ടായിരുന്ന ആ മഹാനെ എല്ലാവരും സത്യസന്ധനായിട്ടായിരുന്നു കണ്ടിരുന്നത്. അനേകം പേർ അവരുടെ സമ്പാദ്യം മുഴുവനും അദ്ദേഹത്തിൻെറ കൈയിൽകൊടുത്തു് ഒരു രശീതിപോലും വാങ്ങാതെ കൃതകൃത്യരായി പോകും.

'പൊളിയാത്ത ബാങ്കാണ് ബൈറാംഖാൻ' എന്നായിരുന്നു ജനങ്ങളുടെ ധാരണ. ഏററവും വലിയ ബ്രിട്ടീഷുദ്യോഗസ്ഥന്മാർകൂടി അദ്ദേഹത്തെ 'അമ്മാമൻ' എന്നായിരുന്നു വിളിച്ചുവന്നിരുന്നത്.

കാലോചിതമായ ഭരണപരിഷ്കാരങ്ങളിൽ ഉറച്ച വിശ്വാസമുണ്ടായിരുന്ന ബൈറാംഖാൻ, ആധുനികവിദ്യാലയങ്ങളിലേയ്ക്കു കുട്ടികളെ അയയ്ക്കുന്ന കാര്യത്തിൽ വെറുപ്പു കാണിച്ചിരുന്ന മതാധിപന്മാരെ ആക്ഷേപിക്കയുണ്ടായി. റൗലററ് ബിൽ സംബന്ധിച്ചുണ്ടായ ലഹളയിൽ ഗഫർഖാനും പങ്കെടുത്തിരുന്നതിനാൽ അദ്ദേഹത്തെ അറസ്റ്റുചെയ്തു. അതിനെ തുടൎന്ന് ഉത്മൻസായിൽ കൂടിയിരുന്ന വമ്പിച്ച മീററിങ്ങിനു ഹാജരായി എന്ന കാരണത്താൽ വൃദ്ധനായ ബൈറാംഖാനേയും അറസ്റ്റുചെയ്തു, പുത്രൻെറ കൂടെ ഒരേ ജെയിലിൽ പാൎപ്പിച്ചു. മൂന്നു മാസത്തിനുശേഷം അദ്ദേഹത്തെ വിമുക്തനാക്കുകയുണ്ടായി അ പുണ്യാത്മാവു് 1926-ൽ തൻെറ 95-ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിയുകയും ചെയ്തു.

'അഹിംസാബോധം, ഔദാര്യം, ആർദ്രത, സത്യസന്ധത എന്നീ വിശിഷ്ടഗുണങ്ങളാണു് ഞങ്ങളുടെ വന്ദ്യപിതാവു് ഞങ്ങൾക്കു തന്ന സ്വത്ത്', എന്നു പറഞ്ഞു നടക്കുന്നതിൽ ഖാൻ സഹോദരന്മാർ അഭിമാനം കൊണ്ടിരുന്നു. അത്രയ്ക്കു സൽഗുണസമ്പൂൎണ്ണനായിരുന്നു ആ വൃദ്ധൻ.

**ആദ്യകാലങ്ങൾ:**—അക്കാലത്തു് പശ്ചിമോത്തര സംസ്ഥാനത്തിലെ മിക്ക ജില്ലകളിലും ജനങ്ങൾ വിദ്യാഭ്യാസവിഷയത്തിൽ അത്ര അഭിരുചി പ്രദർശിപ്പിച്ചിരുന്നില്ല.

മൗൽവികൾ പള്ളികളിൽ കൊറാൻ മാത്രം പഠിപ്പിച്ചിരുന്നു. എന്നാൽ ബ്രിട്ടീഷുകാരുടെ ആധിപത്യം മൗൽവിമാരുടെ ജോലിക്ക് അറുതി വരുത്തി. നാട്ടനീളെ പുതിയ സ്കൂളുകൾ സ്ഥാപിതങ്ങളായി. അവയെ ജനങ്ങൾ വെറുപ്പോടുകൂടിയായിരുന്നു വീക്ഷിച്ചുവന്നിരുന്നത്.

'ഒരു പിതാവ് പുത്രനു കൊടുക്കേണ്ട ഏററവും വലിയ സ്വത്ത് വിദ്യയാണ്,' എന്ന തത്വത്തിൽ ദൃഢവിശ്വാസമുണ്ടായിരുന്ന ബൈറാംഖാൻ, തൻെറ പുത്രന്മാരെ പെഷവാറിലെ ഒരു മിഷ്യൻസ്കൂളിലേയ്ക്കാണ് ആദ്യമായി അയച്ചത്. ജ്യേഷ്ഠൻ പഞ്ചാബ് സർവ്വകലാശാലയിൽ മട്രിക്കുലേഷൻ പരീക്ഷ പാസ്സായി, ബോംബെയിലെ ഗ്രാൻറ് മെഡിക്കൽ കോളേജിൽ ഒരു കൊല്ലം പഠിച്ചശേഷം, ഉപരിപഠനാർത്ഥം ഇംഗ്ലണ്ടിലേയ്ക്കു പോയി. അദ്ദേഹത്തെ ഇംഗ്ലണ്ടിലേയ്ക്കയയ്ക്കുവാൻ തീർച്ചപ്പെടുത്തിയപ്പോൾ അവരുടെ ജാതിക്കാരുടെ ഇടയിൽ ചില അഭിപ്രായവ്യത്യാസങ്ങളുണ്ടായത്രെ. ചിലർ പറഞ്ഞു അദ്ദേഹം ക്രിസ്തുമതം അവലംബിക്കുമെന്ന്. നാട്ടിലേയ്ക്കു മടങ്ങാതെ ഇംഗ്ലണ്ടിൽത്തന്നെ സ്ഥിരമായി താമസിയ്ക്കുമെന്നായിരുന്നു മററു ചിലരുടെ അഭിപ്രായം. വേറെ ചിലർ അദ്ദേഹം ഒരു ഇംഗ്ലീഷുകാരിയെ കല്യാണം ചെയ്യുമെന്നും പറഞ്ഞുനടന്നു. പിതാവിന് അക്കാര്യത്തിൽ വിശാലാഭിപ്രായമുണ്ടായിരുന്നതിനാൽ, പുത്രന്മാരുടെ വിദ്യാഭ്യാസത്തിൽ ഒരു പ്രതിബന്ധവും കൂടാതെ കഴിപ്പാൻ ശ്രമിച്ചു. നാട്ടുകാർ പറഞ്ഞതുപോലെ തന്നെ ഖാൻസാഹിബ്ബ് ഒരു ഇംഗ്ലീഷുകന്യകയെ കല്യാണം കഴിക്കുകയും ചെയ്തു.

അബ്ദുൾഗഫൂർഖാനാവട്ടെ, മട്രിക്കുലേഷൻ പരീക്ഷ പാസ്സായില്ല. എന്നാലും അദ്ദേഹത്തേയും ഇംഗ്ലണ്ടിലേ യ്ക്കയയ്ക്കുന്ന കാര്യത്തെപ്പററി ആലോചനയായി. അ പ്പോഴെയ്ക്കും കുടുംബത്തിൽ രണ്ടുമൂന്നു മരണങ്ങൾ ഉണ്ടാ യി. അക്കാരണത്താൽ ഇംഗ്ലണ്ടുയാത്ര അശുഭമായിത്തീരു മെന്നോർത്തു് അദ്ദേഹം പുറപ്പെട്ടില്ല. വീട്ടിലെ അത്തരം സംഭവങ്ങളും, അന്ധവിശ്വാസങ്ങളും, അദ്ദേഹത്തിനു് എ ത്രയും വിലയേറിയ രണ്ടു കൊല്ലങ്ങൾ നഷ്ടമാക്കി. അതി നും പുറമെ ജ്യേഷ്ഠൻ ഒരു ഇംഗ്ലീഷുപെൺകുട്ടിയെ വിവാ ഹംചെയ്ത സംഗതി യാത്രയ്ക്കു് ഒരു പൂർണ്ണവിരാമം ഇടുകയും ചെയ്തു.

മിഷ്യൻസ്കൂളിലെ ചുരുങ്ങിയ അദ്ധ്യയനകാലത്തു് ഗഫൂർഖാനു് ചില പാഠങ്ങൾ പഠിയ്ക്കുവാൻ സംഗതി യായി. അവിടത്തെ പ്രിൻസിപ്പാളായിരുന്ന വിഗ്രാമിൻെറ സൽസ്വഭാവവും, ത്യാഗശീലവും ആ യുവാവിൻെറ ഹൃദയ ത്തിൽ പതിഞ്ഞു. മിഷ്യനെ സേവിക്കുവാൻ പ്രിൻസി പ്പാൾ കച്ച കെട്ടിയിറങ്ങിയപോലെ, സമുദായത്തെ സേവി യ്ക്കുവാൻ താനും ഇറങ്ങുകതന്നെയെന്നു് ഗഫൂർഖാൻ തീച്ച പ്പെടുത്തി. പട്ടാളത്തിൽ ചേരണമെന്ന മോഹവും അദ്ദേ ഹത്തിനുണ്ടായി. പത്താൻവർഗ്ഗക്കാർ സ്വതേ പട്ടാളക്കാ രാണു്. അതിനും പുറമെ, കുലീനകുടുംബത്തിലെ അംഗ മായിരുന്നതുകൊണ്ടു് അദ്ദേഹത്തിൻെറ ഹർജി സ്വീകരിക്കു വാൻ ഒരു തടസ്ഥവും നേരിട്ടില്ല. രണ്ടു മോഹമായിരുന്നു അദ്ദേഹത്തെ മിലിട്ടറിയിൽ ചേരുവാൻ പ്രേരിപ്പിച്ചതു്. ഒന്നു് ഉയന്ന ഉദ്യോഗത്തിൽ ഇരിക്കുന്ന തൻെറ സ്നേഹിത

ന്മാരുടെ കൂടെ പെരുമാറാം; മറേറതു് ഇംഗ്ലീഷുകാരുടെ പദവിക്കു തുല്യമായ പദവി തനിക്കും ലഭിക്കും. എന്നാൽ ദൈവഹിതം മറിച്ചായിരുന്നു. ഒരു ദിവസം അദ്ദേഹം മിലിട്ടറിയിലുള്ള ഒരു സ്നേഹിതനെ കാണ്മാൻ ചെന്നു. കീഴുദ്യോഗസ്ഥനായ ഒരു ഇംഗ്ലീഷുകാരൻ അയാളെ കലശലായി ശകാരിച്ചു് അവമാനിക്കുന്ന സമയമായിരുന്നു അതു്. ആ കാഴ്ച ഗഫൂർഖാൻെറ മനസ്സിൽ ഒരു അവജ്ഞയുണ്ടാക്കി. അതോടുകൂടി പട്ടാളത്തിൽ ചേരുവാനുണ്ടായിരുന്ന മോഹവും അസ്തമിച്ചു.

ഇതിനുശേഷം ഗഫൂർഖാൻ ഒരു കൊല്ലം അലിഗറിൽ കഴിച്ചുകൂട്ടി. അവിടത്തെ വാസം അദ്ദേഹത്തിനു് ഉർദുഭാഷയിൽ പ്രത്യേകം അഭിരുചി ജനിപ്പിച്ചുകൊടുത്തു. മൗലാനാസാഫർ ആലിഖാൻെറ 'സെമിൻഡാറി', മൗലാനാ അബ്ദുൾകലാം ആസാദിൻെറ 'അൽഹിലാൽ' എന്നീ മാസികകൾ വായിച്ചു് പരിജ്ഞാനം വർദ്ധിപ്പിയ്ക്കുകയും ചെയ്തു. അതോടുകൂടി രാഷ്ട്രീയകാര്യങ്ങളിലും പ്രവേശിച്ചുതുടങ്ങി. സംസ്ഥാനത്തിൽ ദേശീയവിദ്യാലയങ്ങൾ സ്ഥാപിക്കുവാനുണ്ടായ പ്രസ്ഥാനത്തിൽ സജീവമായ ഒരു പങ്കു വഹിച്ചു. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം റൗലററ്ബിൽ പാസ്സായതോടുകൂടി അദ്ദേഹം മഹാത്മാഗാന്ധി ആരംഭിച്ച സമരത്തിൽ ചേരുവാൻ മടിച്ചതേയില്ല. അതിത്തിസംസ്ഥാനത്തിൽ നാട്ടുനിളെ മുമ്പൊരിക്കലും ഉണ്ടാകാത്തവിധത്തിൽ, ഹാർത്താലുകൾ ഉണ്ടായി. അതിൻെറ ഫലമായി അദ്ദേഹത്തെ അറസ്റ്റു് ചെയ്തു.

കൈയിൽ വിലങ്ങ വെച്ചായിരുന്നു ഗഫൂർഖാനെ ജയിലിലേയ്ക്കു കൊണ്ടുപോയതു്. തടവിൽ പാക്കുമ്പോഴം ചങ്ങലയുണ്ടായിരുന്നു. അന്നു് അദ്ദേഹം തടിച്ചിരുന്നതിനാൽ കാലിന്നു പാകത്തിൽ ആമമിട്ടുവാൻ സാധിക്കാതെ വന്നു. എന്നാലും മേലധികാരികൾ ഒരു ജോടി കണ്ടുപിടിച്ചു് കാലിൽ ഇട്ടു പൂട്ടി. കഷ്ടം! ആ മഹാന്റെ ഞെരിയാണിക്കു മീതെനിന്നു രക്തം ഒലിച്ചു തുടങ്ങി.

ഇതിലിടയ്ക്കു ഗഫൂർഖാന്റെ ജ്യേഷ്ഠൻ സെൻറ് തോമസ് ആസ്പത്രിയിൽ നിന്നു് എം. ആർ. സി. എസ്സ്. (ലണ്ടൻ) എന്ന ഡിഗ്രിയെടുത്തു യുദ്ധത്തിൽ ചേർന്നുകഴിഞ്ഞു. യുദ്ധം അവസാനിച്ചതിൽപ്പിന്നെ അദ്ദേഹം ഫ്രാൻസിൽ ജോലി ചെയ്യുകയായിരുന്നു. അപ്പോഴായിരുന്നു ഇന്ത്യയിൽ അസ്വാസ്ഥ്യം ഉണ്ടായതു്. ഇന്ത്യയിൽ നിന്നു് ഒരു കത്തുപോലും അദ്ദേഹത്തിന്നു കിട്ടുകയുണ്ടായില്ല. നാട്ടിലേയ്ക്കു മടങ്ങുവാൻ അദ്ദേഹം ശ്രമിച്ചു. അതിന്നു് കപ്പൽ കിട്ടുവാൻ ആറുമാസം ലണ്ടനിൽ താമസിക്കേണ്ടതായിവന്നു. ഇന്ത്യയിൽ വന്നെത്തിയതിന്നുശേഷം അദ്ദേഹം ആദ്യമായി ചെയ്തതു് ഉദ്യോഗം രാജിവെക്കുകയായിരുന്നു. അതിന്നു് വളരെ ബുദ്ധിമുട്ടുണ്ടായിരുന്നുവത്രെ.

ഡാക്ടർ ഖാൻസാഹിബ്ബ് പ്രാക്ടീസ് തുടങ്ങി. ഗഫൂർഖാൻ കാൺഗ്രസ്സിൽ ചേർന്നു് ശ്രമവും ആരംഭിച്ചു. ഒരിയ്ക്കൽ അദ്ദേഹം മഹാത്മജിയോടിങ്ങനെ പറകയുണ്ടായി. "മഹാത്മജി! മനുഷ്യർ കഷ്ടാനുഭവങ്ങൾകൊണ്ടാണു് പലതും പഠിക്കുന്നതു്. ഒരു സുഖജീവിതം എനിയ്ക്കുണ്ടായി. ജയിൽവാസം അനുഭവിക്കാതിരുന്നെങ്കിൽ, അതു് എനിക്കു്

എങ്ങനെ സംഭവിക്കുമായിരുന്നുവെന്നു ഞാൻ ആലോചി ക്കുകയാണു്. എന്റെ ജീവിതാരംഭത്തിൽത്തന്നെ അച്ചടക്ക ബോധം ഉണ്ടാകുവാൻ ഇടവരുത്തിത്തന്നതിന്നു് ഞാൻ ദൈവത്തോടു നന്ദിയുള്ളവനാണു്."

1920-ൽ നാഗപ്പൂരിൽവെച്ചു നടന്ന കാൺഗ്രസ്സിൽ ഡാക്ടർ ഖാൻസാഹിബ്ബ് സന്നിഹിതനായി. അദ്ദേഹം കിലാഫത്ത് പ്രസ്ഥാനത്തിൽ സജീവമായ പങ്കു വഹിച്ചു. എന്നാൽ സംസ്ഥാനസംഘത്തിന്റെ പ്രസിഡണ്ടുസ്ഥാനം രാജി വെക്കുകയുണ്ടായി. അവരുടെ വൃദ്ധനായ പിതാവും ആ പ്രസ്ഥാനത്തിൽ ചേരുവാൻ ആഗ്രഹിച്ചു. പക്ഷെ, അദ്ദേഹത്തെ ആ ഉദ്യമത്തിൽനിന്നു വിരമിപ്പിക്കുവാൻ വളരെ പ്രയാസപ്പെടേണ്ടതായി വന്നു.

1921-ൽ അതിൎത്തി ക്രിമിനിൽറെഗുലേഷൻസെ ക്ഷൻ 40 പ്രകാരം ഖാൻ അബ്ദുൾഗഫൂർഖാനെ അറ സ്റ്റുചെയ്തു. നാഗപ്പൂർ കാൺഗ്രസ്സ് കഴിഞ്ഞഉടൻ അദ്ദേ ഹം തന്റെ ഗ്രാമത്തിൽ ദേശീയവിദ്യാലയങ്ങൾ സ്ഥാപി ക്കുകയും, സംസ്ഥാനം മുഴുവനും വിദ്യാഭ്യാസം പരത്തുവാൻ വേണ്ട ശ്രമങ്ങൾ ചെയ്യുകയും ചെയ്തു. നിയമലംഘനപ്രസ്ഥാ നത്തിന്റെ ആലോചനയേ അക്കാലത്തുണ്ടായിരുന്നില്ല. സമുദായോന്നമനത്തിനുള്ള അത്തരം സേവനങ്ങൾ അദ്ദേ ഹത്തിനു് ആനന്ദപ്രദായിത്തോന്നി. അതുംകൂടി മേലധികാ രികൾക്കു ഭയത്തിന്നു കാരണമായിത്തീൎന്നു. അദ്ദേഹത്തിനു് സംസ്ഥാനത്തിൽ സഞ്ചരിക്കുവാൻ പാടില്ലെന്നും, ജാമ്യം വേണമെന്നും അവർ കല്പിച്ചു. ചീഫ്കമ്മീഷണരുടെ പ്രേ രണമൂലം പിതാവു് പുത്രനോടു് സ്കൂളുകൾ പൂട്ടിയി

ടുവാനാവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു, "അച്ഛാ! ദേശീയവിദ്യാഭ്യാസം ഈശ്വരപ്രാർത്ഥനപോലെയാണ്. ഞാൻ പ്രാർത്ഥന വേണ്ടെന്നു വെയ്ക്കുന്നപക്ഷം, അതും വേണ്ടെന്നുവെയ്ക്കാം. അങ്ങനെ ചെയ്യാൻ അച്ഛൻ ആവശ്യപ്പെടുമോ?"

ഈ വാക്കുകൾ കേട്ടഉടൻ വൃദ്ധൻെറ കുഴിഞ്ഞ കണ്ണുകളിൽനിന്ന് ആനന്ദാശ്രു ഒഴുകിത്തുടങ്ങി. ഒട്ടും താമസിയാതെ തന്നെ അദ്ദേഹം പുത്രൻെറ അഭിപ്രായത്തോടു യോജിച്ചു. അങ്ങനെ ചീഫ്കമീഷണരുടെ ശ്രമം ഫലിക്കാതെ പോയി. അതിനാൽ ഗഫർഖാനെ മൂന്നുകൊല്ലത്തേയ്ക്കു ശിക്ഷിക്കുകയും ചെയ്തു. വിദ്യാഭ്യാസപ്രചരണത്തിന് ഉത്സാഹിച്ചു എന്നതാണ് അദ്ദേഹത്തിൻെറ പേരിലുള്ള കുററം!

ഗഫർഖാന് ജെയിലിൽ വളരെ കഷ്ടങ്ങൾ അനുഭവിക്കേണ്ടതായി വന്നു. ഏകാന്തവാസം, ശൃംഖലാബന്ധനം ജയിൽജോലി ഇതെല്ലാം അദ്ദേഹത്തിൻെറ ആരോഗ്യം നശിപ്പിച്ചു. തൂക്കത്തിൽ 55 റാത്തൽ കുറഞ്ഞു. പോരാത്തതിന് ഒരു രോഗിയുമായിത്തീൎന്നു. എന്നാലും മനോധൈര്യം പതിന്മടങ്ങു വൎദ്ധിച്ചുവന്നതേയുള്ളു. ഭീതിപ്പെടുത്തലും, പ്രേരണകളും കൂടക്കൂടെ ഉണ്ടായെങ്കിലും അവകൊണ്ട് യാതൊരു ഫലവുമുണ്ടായില്ല. ഒരിക്കൽ സേർജാൺ, "ഉത്ത്മൻ സായിൽ ദേശീയസ്കൂളുകൾ നടത്തുന്നതിന് വിരോധമില്ല; എന്നാൽ സംസ്ഥാനത്തിൽ സഞ്ചരിക്കുവാൻ പാടില്ല; അതിനു സമ്മതിക്കുന്നപക്ഷം ജയിലിൽനിന്നു വിമുക്തനാക്കാം," എന്ന സന്ദേശവുംകൊണ്ട് ഖാൻബഹദൂർ

അബ്ദുൾറഹിംഖാനെ ഗഫൂർഖാൻെറ അടുക്കലേയ്ക്കയച്ചു. എന്നാൽ അദ്ദേഹമുണ്ടോ അതു സ്വീകരിക്കുന്നു?

ജയിൽവാസം ഗഫൂർഖാൻെറ മാനസികവും, ആത്മീയവുമായ വിചാരങ്ങളെ തട്ടിയുണർത്തി. അദ്ദേഹം ഒരു മാതൃകാതടവുപുള്ളിയായിരുന്നു. ജയിലിലെ അച്ചടക്കം ഒരിക്കലും അതിലംഘിച്ചില്ല. ഉദ്യോഗസ്ഥന്മാർ നിയമവിരോധമായി ചില ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാമെന്നു പറഞ്ഞു. പക്ഷെ, അതിനു സമ്മതിച്ചില്ല. വാർഡർമാർ അദ്ദേഹത്തിൻെറ ജോലിചെയ്തുകൊടുക്കാമെന്നു പറഞ്ഞപ്പോൾ അതിനും ഇഷ്ടപ്പെട്ടില്ല. ഇതെല്ലാം കണ്ടപ്പോൾ മേലധികാരികളുടെ കണ്ണു മിന്നി. അതിനാൽ അവർ അദ്ദേഹത്തെ പഞ്ചാബ് ജയിലിലേയ്ക്കു മാററുകയുണ്ടായി. അവിടെയും അച്ചടക്കത്തോടുകൂടിയ ഒരു മാതൃകാതടവുപുള്ളിയായിത്തന്നെ കഴിച്ചുകൂട്ടി. പഞ്ചാബ് ജയിൽവാസവും അദ്ദേഹത്തിൻെറ ആത്മീയബോധത്തെ വൾദ്ധിപ്പിക്കയുണ്ടായി. ആ മഹാൻെറ ആദർശം ഇതായിരുന്നു, "നാം ഒരിക്കൽ തത്വം തെററിനടന്നാൽ ഞാൻ, സത്യം തെററിനടക്കുക മാത്രമല്ല ചെയ്യുന്നതു്, നമ്മുടെ സ്വാഭിമാനംകൂടി നഷ്ടമാക്കുകയാണു്."

ഗഫൂർഖാനു് ഹിന്ദുക്കളും, സിക്കുകാരുമായി വളരെ സ്നേഹിതന്മാരുണ്ടായിരുന്നു. അദ്ദേഹം അവരുടെ മതതത്വങ്ങൾ പഠിച്ചു. ഗീത, ഗ്രന്ഥസാഹെബ്, ബൈബിൾ എന്നിവ വായിക്കയുണ്ടായി. എന്നാൽ ഗീത പ്രയാസമുള്ളതായി തോന്നി. ആൻഡമാനിലെ പണ്ഡിററാ്ജഗത്രാം എന്ന ആളായിരുന്നു അദ്ദേഹത്തിനു് 1930-ൽ ഗീതയിലെ തത്വ

ങ്ങാം മുഴുവൻ മനസ്സിലാക്കിക്കൊടുത്തതു്. അന്നുമുതൽക്കാണു് അദ്ദേഹത്തിനു് "അതൃത്തിഗാന്ധി" എന്ന പേർ സിദ്ധിച്ചതും. ഗാന്ധിജിയുടെ ജീവിതം അദ്ദേഹം നല്ലപോലെ പഠിക്കുകയും, അതുപ്രകാരം തന്റെ ജീവിതം നയിക്കുവാൻ തീച്ച്പ്പെടുത്തുകയും ചെയ്തു. ജയിലിൽ പാക്കുന്ന കാലത്തും അദ്ദേഹം ആഴ്ചയിൽ ഒരു ദിവസം ഉപവാസവും, ഒരു ദിവസം മൌനവ്രതവും അനുഷ്ഠിച്ചുവന്നിരുന്നു. ഇതെല്ലാംകൊണ്ടായിരിക്കാം ആ സ്ഥാനം ലഭിച്ചതു്. തന്റെ സ്വന്തം ആൾക്കാർ അദ്ദേഹത്തെ ഒരു ഹിന്തുവാണെന്നു പറഞ്ഞു് ആക്ഷേപിക്കാൻ തുടങ്ങുകയും ചെയ്തു.

ഹിന്ദുമുസ്ലിംലഹള മൂർദ്ധന്യദശയിൽ എത്തിയതു് 1924 മുതൽ 1929വരെയുള്ള കാലത്തായിരുന്നു. ഗഫൂർ ഖാൻ അതിൽ പങ്കെടുക്കാതെ ഒഴിഞ്ഞുമാറിയാണു് നിന്നതു്. 'ഒരു മതത്തിന്റെ ശക്തി അതിന്റെ അനുയായികളുടെ എണ്ണത്തിന്റെ ശക്തിയല്ല,' എന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. ഒരു യഥാത്ഥമുസൽമാനായിരുന്ന അദ്ദേഹം പ്രാത്ഥന ഒരിക്കലും ഉപേക്ഷിച്ചിരുന്നില്ല. സഹോദരസ്നേഹവും അദ്ദേഹത്തിൽ പ്രശോഭിച്ചിരുന്ന മറെറാരു ഗുണമായിരുന്നു. ജേഷ്ഠനു് യൂറോപ്യൻ പര്യടനംകൊണ്ടു് പല രാജ്യക്കാരേയും, മതക്കാരേയും സ്നേഹിതന്മാരായി ലഭിക്കയുണ്ടായെങ്കിലും, പിതാവിനുണ്ടായിരുന്ന മതവിശ്വാസം അനുകരിക്കുവാൻ അതു തടസ്ഥമായിത്തീന്നില്ല. പലപ്പോഴും തമാശയായി അദ്ദേഹം ഇങ്ങനെ പറയും:—"എനിക്കുവേണ്ടിയും എന്റെ അനുജൻ പ്രാത്ഥിക്കുന്നുണ്ടു്." എന്നാൽ ആരെങ്കിലും, മതത്തിന്റെ യഥാത്ഥതത്വങ്ങളെ

അധിക്ഷേപിച്ചു പറഞ്ഞാൽ അപ്പോഠംകാണാം അദ്ദേഹ ത്തിൻെറ ക്ഷുപ്പാട്ട്.

**മതത്തെ സംബന്ധിച്ച അഭിപ്രായം:**—ഹിന്ദു മുസ്ലീം മൈത്രിക്കുവേണ്ടി തിവ്രയത്നംചെയ്ത മഹാന്മാരിൽ പ്രഥമസ്ഥാനം ലഭിച്ചതു് ഖാൻസഹോദരന്മാൎക്കാണു്. ഒരിക്കൽ ഗാന്ധിജി ഡാക്ടർ ഖാൻസാഹിബിൻെറ ഇംഗ്ലീഷുകാരിയായ ഭാൎയ്യ ഇസ്ലാംമതം സ്വീകരിക്കയുണ്ടായോ എന്നു് അന്വേഷിക്കയുണ്ടായി. അതിന്നു് ഗഫൂർഖാൻ ഇങ്ങനെ സമാധാനം പറഞ്ഞു, "അവൾക്കു് ഇഷ്ടപ്രകാരം ഏതുമതം അവലംബിക്കുന്നതിനും പൂൎണ്ണസ്വാതന്ത്ര്യമുണ്ടു്. എന്തുകൊണ്ടു് ഒരു ഭാൎയ്യക്കും ഭൎത്താവിനും അവരവൎക്കിഷ്ടമുള്ള മതം സ്വീകരിച്ചുകൂടാ? വിവാഹം ഒരു വ്യക്തിയുടെ മതമാററത്തിന്നു് എന്തിനു കാരണമായിത്തീരുന്നു? മതസ്പൎദ്ധയും മററും ഉണ്ടാകുന്നതു് അതിനാലാണു്. സമുദായം അധഃപതിക്കുന്നതും അതുകൊണ്ടുതന്നെ."

ഗഫൂർഖാൻ ഗീതയും ഖൊറാനും ഒരുമിച്ചു പഠിച്ചു. ഗീത മൂന്നുപ്രാവശ്യമാണു് വായിച്ചതു്. എല്ലാ മതങ്ങളിലും അനുയായികളുടെ ആത്മീയശുദ്ധിക്കുള്ള തത്വങ്ങൾ അടങ്ങീട്ടുണ്ടെന്ന പരമാൎത്ഥം ജനങ്ങൾ ഗ്രഹിക്കാത്ത കാരണത്താലാണു് മതസ്പൎദ്ധയുണ്ടാകുന്നതെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. "ദൈവം എല്ലാ രാഷ്ട്രങ്ങളിലേയ്ക്കും ഉപദേഷ്ടാക്കളെ അയയ്ക്കുന്നുണ്ടു്. അവരുടെ നബികളാണു് അവർ. എല്ലാ മതങ്ങളുടേയും മൌലികതത്വങ്ങൾ ഒന്നുതന്നെയാണു്. എന്നാൽ പ്രതിപാദനവിഷയം വ്യത്യസ്തപ്പെട്ടിരിക്കും എന്നേയുള്ളു. ഒരു മതത്തിൻെറ സ്വഭാവം എറെ

3953

ക്കാറൊ അതിൻെറ ജന്മദേശത്തിൻെറ സ്വഭാവത്തെ ആശ്രയിച്ചിരിക്കും. ഉദാഹരണമായി ഒരു ചെറിയ സംഗതി പരിശോധിക്കാം. ഇസ്ലാംമതവും ഹിന്ദുമതവും ശുചിത്വത്തിൻെറ പ്രാധാന്യതയെ വിലമതിക്കുന്നുണ്ട്. എന്നാൽ ആചാരം വ്യത്യാസപ്പെട്ടും കാണുന്നു. ഹിന്ദുക്കൾക്ക് നിത്യം കുളിക്കണമെന്നു നിഷ്കൃഷ്ടയുണ്ട്. ഇസ്ലാംമതക്കാർ ആഴ്ചയിൽ ഒരിക്കലെങ്കിലും കുളിക്കണമെന്നും പറയുന്നു. ഈ സംഗതി ഹിന്ദുമതം ജലക്ഷാമമില്ലാത്ത ഗംഗാതീരത്തിൽനിന്നും, ഇസ്ലാംമതം വെള്ളം കിട്ടാത്ത മരുപ്രദേശത്തുനിന്നും ആണ് ഉദയംകൊണ്ടതെന്ന് കാണിക്കുന്നു. അതിനാൽ ഓരോ മതത്തിൽ കാണുന്ന ആചാരവ്യത്യാസം, അവ ഓരോ പ്രത്യേകസ്ഥിതിയിലുള്ള പ്രദേശങ്ങളിൽനിന്നാണ് ഉത്ഭവിച്ചതെന്നതിനു മതിയായ തെളിവാകുന്നു. "അവനവൻെറ മതം മാററിട്ട് കാര്യമില്ല, ആരേയും അക്കാര്യത്തിനു നിർബ്ബന്ധിക്കുകയും അരുത്." എന്നായിരുന്നു ആ മഹാൻ പറഞ്ഞിരുന്നത്.

ഒരിക്കൽ ഖാൻ അബ്ദുൾഗഫൂർഖാനു ഡേറഗാസിഖാൻജയിലിൽ കിടക്കേണ്ടിവന്നു. അവിടെ സസ്യാഹാരം മാത്രം ഉപയോഗിക്കുന്ന മററു തടവുകാരുടെ പേരിലുള്ള ബഹുമാനംകൊണ്ട് അദ്ദേഹം മാംസാഹാരം ഉപേക്ഷിക്കയുണ്ടായി. തൻെറ ആരോഗ്യം നശിച്ചു. ഡാക്ടർമാർ മിശ്രിതാഹാരം ഉപയോഗിക്കണമെന്നും, അല്ലെങ്കിൽ പല്ലെല്ലാം കൊഴിഞ്ഞുപോകുമെന്നും പറഞ്ഞപ്പോൾ, മനസ്സില്ലാമനസ്സോടുകൂടി അദ്ദേഹം അതിനു സമ്മതിച്ചു. അപ്പോഴേയ്ക്കും മാംസം പാകംചെയ്യുന്നതിനെപ്പററി തർക്കമായി. അതു ചെ

തുവായ അടുക്കളയിൽ പാകംചെയ്യണമെന്നു ജെയിൽസൂപ്രേണ്ട് പറഞ്ഞു. ഗഫൂർഖാൻ അതിനു സമ്മതിച്ചില്ല. മാംസം ഭക്ഷിക്കാത്ത മററു സഹോദരന്മാക്ക് അങ്ങനെചെയ്യുന്നതു് മനസ്സമാധാനക്കേടിനു കാരണമായിത്തീരുമെന്നറിഞ്ഞതിനാലായിരുന്നു അദ്ദേഹം അതു പ്രത്യേകമട്ടുക്കളയിൽ പാകംചെയ്യേണ്ടതാണെന്നു പറഞ്ഞതു്. അല്ലെങ്കിൽ തനിക്കു് ഭക്ഷണം വേണ്ടെന്നും ശഠിച്ചു. സൂപ്രേണ്ടിനു് അതു് സമ്മതിക്കാതിരിപ്പാൻ തരമില്ലാതെവന്നു.

1931ൽ ശ്രീ ദേവദാസ്ഗാന്ധി ഡാക്ടർ ഖാൻസാഹിബ്ബിൻെറ അതിഥിയായിരുന്നകാലം മുഴുവനും വീട്ടിൽ ആരുംതന്നെ മാംസമുപയോഗിക്കരുതെന്നു ഗഫൂർഖാൻ പറകയുണ്ടായി. അദ്ദേഹത്തിനു് സ്നേഹിതന്മാരോടുള്ള സ്നേഹബഹുമാനാദികളെ കാണിക്കുന്ന സംഭവമാണിതു്. അതുപോലെ ഹിന്ദുക്കൾക്കും മുസൽമാന്മാരുടെ ആചാരങ്ങളിൽ ബഹുമാനമുണ്ടായിരിക്കണം. 1922ൽ ഡാക്ടർമാരുടെ ഉപദേശപ്രകാരം അദ്ദേഹം മാംസം ഉപയോഗിച്ചുതുടങ്ങി. അപ്പോൾ ഹിന്ദുസ്നേഹിതന്മാരും, സിക്കുസ്നേഹിതന്മാരും അതിനു വിരോധം കാണിച്ചു. അതു ചീത്തയാണു്; പരസ്പരം ബഹുമാനമില്ലെങ്കിൽ ഹിന്ദുമുസ്ലീംമൈത്രി ഒരിക്കലും കൈവരുന്നതല്ലെന്നു് അദ്ദേഹം അഭിപ്രായപ്പെടുകയുംചെയ്തു.

ഒരിയ്ക്കൽ ഒരു മൗൽവി ഗഫൂർഖാനോടു്, "ഹിന്ദുക്കൾ വിഗ്രഹാരാധനക്കാരാണു്. നമുക്കു് അവരുമായി എങ്ങനെ സമ്പക്കുണ്ടാകും? നിങ്ങൾ ഇസ്ലാംമതതത്വങ്ങൾക്കു് വിപരീതമായിട്ടാണു് പ്രവൎത്തിക്കുന്നതു്" എന്നെല്ലാം പറഞ്ഞു് ആക്ഷേപിച്ചു. "അവർ വിഗ്രഹാരാധനക്കാ

രാണെങ്കിൽ നാം ആരാണ്? ശവകുടീരത്തെ വെച്ചു പൂജി ക്കുന്ന നമ്മുടെ ഏർപ്പാട് എന്താണ്? അവർ ഒരേ ഈശ്വ രനിൽ വിശ്വസിക്കുന്നുവെന്ന് എനിയ്ക്കറിയാം. ആ സ്ഥി തിക്ക് അവരും ഈശ്വരഭക്തന്മാർതന്നെ. നിങ്ങൾക്കു നൈ രാശ്യം വേണ്ട," എന്നായിരുന്നു അതിനുള്ള മറുപടി.

വേറൊരവസരത്തിൽ ഒരു മുസൽമാൻപത്രാധിപർ ഇങ്ങനെ പറഞ്ഞു. "നിങ്ങൾ എന്തിനാണ് മണലിൽ ഉഴുന്നതു്? ഈ ഹിന്ദുക്കളെ ഒരിക്കലും വിശ്വസിക്കുവാൻ പാടില്ല. നിങ്ങൾക്കു ശിവാജിയെ അറിയില്ലേ?" അതിന്നു് ഗഫൂർഖാൻ പറഞ്ഞതിതാണ്. "ഓഹോ! നിങ്ങൾക്കു ശിവാജിയെ അറിയാമല്ലോ! നിങ്ങളുടെ അടുക്കൽ ഒരു ഹിന്ദു വന്ന് അറംഗസീബിനെ അധിക്ഷേപിക്കയും മുസ ൽമാന്മാരെ വിശ്വസിക്കുവാൻ പാടില്ലെന്നു പറയുകയും ചെയ്താൽ നിങ്ങൾ എന്തു പറയും? ശിവാജിയും അറംഗ സീബും മരിച്ചുകഴിഞ്ഞു. അവരെപ്പററി ഒന്നും പറഞ്ഞു കഷ്ടപ്പെടേണ്ട. നിങ്ങൾക്ക് മഹാത്മാഗാന്ധിയെപ്പററി എന്തു പറവാനുണ്ടു്? അദ്ദേഹം വിശ്വസിക്കപ്പെടാവുന്നവ നാണെന്നു് ബോദ്ധ്യമുള്ളേടത്തോളംകാലം നല്ലതുതന്നെ. നാം വിശ്വസിക്കപ്പെടുവാൻ യോഗ്യന്മാരാണെങ്കിൽ, നമു ക്ക് ഹിന്ദുക്കളോട് നമ്മെ വിശ്വസിക്കണമെന്നു പറയാം. ഒരു സമുദായത്തെ നിർണ്ണയിക്കേണ്ടതു് ചീത്ത ജനങ്ങളെ നോക്കീട്ടല്ല. അതിലെ നല്ല ആളുകളെ നോക്കീട്ടാണ്.

ഗഫൂർഖാൻ കാൺഗ്രസ്സിൽചേൎന്നു പ്രവൎത്തിച്ചതി നെപ്പററിയും പല മുസൽമാന്മാരും ആക്ഷേപിക്കയുണ്ടായി ട്ടുണ്ടു്. അതിനുള്ള മറുപടി ഇതായിരുന്നു:—"കാൺഗ്രസ്സ്

ഒരു ദേശീയസ്ഥാപനമാണ്. അതിൻെറ നിയമങ്ങളും, ആദർശങ്ങളും, ഘടനയും എല്ലാമുസ്ലിംസഹോദരന്മാരും പഠിക്കണം. അടിമത്വത്തിൽനിന്നു ജനങ്ങളെ വിമോചിപ്പിക്കുകയാണ് കാൺഗ്രസ്സിൻെറ ലക്ഷ്യം. അനേകലക്ഷം സാധുക്കാംക്കു ഉണ്ണാനും ഉടുക്കാനും കൊടുക്കുവാൻ ആ സ്ഥാപനം പരിശ്രമിക്കുന്നു. ഓരോ മുസൽമാനും ഇസ്ലാംചരിത്രം പഠിക്കണം. നബിയുടെ സന്ദേശമെന്താണെന്നു മനസ്സിലാക്കണം. അടിമകളെ സ്വതന്ത്രരാക്കുക, ദരിദ്രക്കു ഭക്ഷണവും വസ്ത്രവും കൊടുക്കുക എന്നതാണ് ആ ആദർശം. അതിനാൽ കാൺഗ്രസ്സിൻെറ ജോലി നബിയുടെ ജോലിതന്നെയാകുന്നു. ഇതു സൂര്യപ്രകാശംപോലെ അത്ര തെളിമയോടുകൂടിയതാണ്. അതിനാൽ മുസൽമാന്മാർ കാൺഗ്രസ്സിൽനിന്ന് അകന്നുനില്ക്കുന്ന കാരണം എനിക്കു മനസ്സിലാകുന്നില്ല. അഹിംസയാണ് മററാരാദർശം. ഒരു മുസൽമാൻ ആ ആദർശത്തോടനുകൂലിക്കുന്നതിൽ എന്താണ് തെററു? പുതിയ ആദർശമല്ല അതു്. നബി മെക്കയിൽ ഇരുന്നകാലത്തു് 1400 കൊല്ലങ്ങാംക്കുമുമ്പു് ആ ആദർശം അനുസരിക്കപ്പെട്ടിരുന്നു. അതിനെ നാം മറന്നു്, മഹാത്മാഗാന്ധി അതിനെ പുനർജ്ജീവിപ്പിച്ചപ്പോഠം അദ്ദേഹം ഒരു പുതിയ തത്വവും കൊണ്ടു വന്നിരിക്കയാണെന്നു നാം വിചാരിച്ചു. ഹിന്ദുക്കളോടും മുസൽമാന്മാരോടും എനിക്കു ഒരേഒരു കാര്യം മാത്രമേ പറവാനുള്ളു. അതായതു് ഈ സമരം സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ളതാണെന്നു്."

**ദൈവസേവകന്മാർ:—** 1924ൽ ജയിലിൽനിന്നു വിമുക്തനായതിനുശേഷം അബ്ദുൽഗഫൂർഖാൻ സമുദായ

സേവനത്തിനു ശ്രമം തുടങ്ങി. എന്നാൽ എല്ലാ കാൺഗ്രസ്സ് നടപടികളിലും പങ്കുകൊള്ളാതിരുന്നതും ഇല്ല. അനാഡംബരനും, കുററം സമ്മതിക്കുന്നവനുമായ അദ്ദേഹത്തെ പലരും സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്യുന്നതിൽ അത്ഭുതമില്ല. 1921ൽ അദ്ദേഹം ഉത്ത്മൻസായിൽ ഒരു ദേശീയവിദ്യാലയം സ്ഥാപിക്കയുണ്ടായല്ലോ. ആ സ്ഥാപനമാണ് വളരെ സമുദായസേവനക്കാരെ വാർത്തുവിട്ടതു്. അഹമ്മദ്ബാദിലെ ഗുജറാത്തു് വിദ്യാപീഠത്തിന്റെ അനുഭവംതന്നെയാണു് അതിനും 1932ൽ ഉണ്ടായതു്. ആ ജോലിക്കാർ പിന്നീട് 'കുദൈകിഡ്മട്ട്ഗാർസ്'—ദൈവസേവകന്മാർ—എന്ന സംഘമായിത്തീൎന്നു. സമുദായപരിഷ്കരണത്തിനാണു് അവർ ആദ്യമായി പുറത്തിറങ്ങിയതു്. പഠാൻവർഗ്ഗക്കാരെ നിയമലംഘനത്തിൽനിന്നും, കൊള്ളയിൽനിന്നും പിൻതിരിപ്പിക്കുക, അവൎക്ക് വിദ്യാഭ്യാസം നൽകുക, വിവാഹങ്ങൾക്ക് ചെലവു് ചുരുക്കിപ്പിക്കുക എന്നിവയായിരുന്നു അവരുടെ ചുമതലകൾ. 1929ൽ ഖാൻ സാഹിബ്ബ് ആ സംഘത്തെ കാൺഗ്രസ്സിന്റെ മുഴുവൻ പരിപാടിയും നിൎവ്വഹിക്കുവാനുള്ള ഒരു സംഘമാക്കിത്തീൎത്തു ചുമതലപ്പെടുത്തുകയുണ്ടായി.

ഈ സംഘക്കാർ കാൺഗ്രസ്സിന്റെ പരിപാടിയിൽപ്പെട്ടു് വിദേശവസ്ത്രബഹിഷ്കരണം, മദ്യവൎജ്ജനം എന്നിവയെ നടപ്പിൽ വരുത്തുവാൻ പരിശ്രമിച്ചു. അവൎക്ക് ദിവസേന മിലിററി സമ്പ്രദായത്തിൽ കായികാഭ്യാസം പരിശീലിക്കണം. എന്നാൽ ആയുധങ്ങൾ ഒന്നും ഉപയോഗിക്കുവാൻ പാടില്ല. അച്ചടക്കം ശരിക്കും പാലിക്കണം. അതു്

തെററി ആരെങ്കിലും നടന്നാൽ അവരെ ഡിസ്മിസ് ചെയ്യുകയും ചെയ്യും.

**കുററാരോപണങ്ങളും പരമാത്ഥങ്ങളും:**—ഖാൻ സഹോദരന്മാരുടെ പേരിലുള്ള കുററമെന്താണ്? ഗവമ്മേണ്ടിൻെറ ദൃഷ്ടിയിൽ കുപ്രസിദ്ധനായി കാണപ്പെട്ട ഒരാളുടെ സഹോദരനാണെന്നതാണ് ഡക്ടർ ഖാൻസാഹിബ്ബിൻെറ പേരിലുള്ള കുററം. ഗഫൂർഖാൻെറ പേരിലുള്ള കുററങ്ങളോ? അവ പലതുമാണ്.

മഹാത്മജി വട്ടമേശസമ്മേളനത്തിൽ പങ്കുകൊള്ളുവാൻ പോയപ്പോഠം നിവ്വാഹകസംഘത്തിൻെറ ഉപദേശമനുസരിച്ച് ഗഫൂർഖാൻ പശ്ചിമോത്തരസംസ്ഥാനത്തിൽ ഒരു പര്യടനം നടത്തി കാൺഗ്രസ്സിൻെറ ആദശങ്ങളെ പരത്തുവാൻ ശ്രമിച്ചു. നിരോധനകല്പനയെ ലംഘിച്ച് ഗ്രാമങ്ങളിൽ സഞ്ചരിച്ചു. പള്ളികളിൽ രാഷ്ട്രീയപ്രസംഗങ്ങഠം ചെയ്തു, ഭൂനികുതിയും, ജലനികുതിയും കൊടുക്കരുതെന്നു ജനങ്ങളെ ഉപദേശിച്ചു. ജനങ്ങഠം ഗവമ്മേണ്ട് തോട്ടിൽനിന്നു വെള്ളം ഉപയോഗിച്ചിരുന്നതിനെ വിലക്കി. ചെങ്കുപ്പായക്കാരുടെ സഹായത്തോടുകൂടി അതിത്തിപ്രദേശങ്ങളിൽ പ്രവത്തിച്ചു. തനിക്കും കാൺഗ്രസ്സിനും ഒരേ ഒരു ആദശമേയുള്ളു—അതായതു് ബ്രിട്ടീഷുകാരെ ഇന്ത്യയിൽനിന്നു് ആട്ടിഓടിക്കുക എന്നു് ഒരു മീററിങ്ങിൽ പ്രസംഗിച്ചു.

തങ്ങളിൽ ആരോപിച്ച കുററങ്ങളിൽ ചിലതെല്ലാം ഡാക്ടർ ഖാൻസാഹിബ്ബ് സമ്മതിച്ചു. താൻ അക്രമം പ്രവത്തിക്കണമെന്നു് ഒരിക്കലും ഉപദേശിച്ചിട്ടില്ല; അങ്ങനെ ചെയ്തിരുന്നുവെങ്കിൽ കാര്യം വളരെ വൈഷമ്യത്തിലാകു

മായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ആ ആക്ഷേപങ്ങളെപ്പററി ഗഫൂർഖാൻെറ അഭിപ്രായം ഇതായിരുന്നു:—"ഞാൻ മരിക്കില്ലെങ്കിൽ, ഇംഗ്ലീഷുകാർ എൻെറ രാജ്യം ഭരിക്കുന്നതിനെ ഞാൻ തടുക്കും. ഈശ്വരൻെറ സഹായത്തോടുകൂടി എൻെറ ഉദ്യമം സഫലീകരിക്കും. ബ്രിട്ടീഷുകാർ കാൺഗ്രസ്സിൻേറയും, പത്താൻവർഗ്ഗക്കാരുടേയും ശത്രുക്കളാണ്. ഞാൻ കാൺഗ്രസ്സിൽ ചേരുവാനുള്ള ഏക കാരണം അതുതന്നെ. ഞങ്ങൾക്ക് നിറവേറേണ്ടതായ രണ്ടു കാര്യങ്ങൾ ഉണ്ട്. ഒന്ന് നമ്മുടെ രാജ്യത്തെ സ്വാതന്ത്ര്യപ്പെടുത്തുക; മറേറത് ജനങ്ങൾക്ക് ഭക്ഷണവും, വസ്ത്രവും കൊടുക്കുക. വെടിയുണ്ടകളേയും, ബോംബിനേയും കൂട്ടാക്കരുത്."

**ഇംഗ്ലീഷുകാർ അറിയേണ്ട സംഗതികൾ:**—മേൽ പ്രസ്താവിച്ച കുററങ്ങൾ ഖാൻസഹോദരന്മാരിൽ ചുമത്തി അവരെ ഗവമ്മേണ്ട് മൂന്നുകൊല്ലം ശിക്ഷിച്ചു. അങ്ങിനെയിരിക്കെ, സേർമൈക്കൾ ഒഡയർ ഗഫൂർഖാനെപ്പററി ഇങ്ങനെ പറഞ്ഞു:—അതിർത്തി ഗാന്ധി അക്രമം പ്രവത്തിക്കുന്ന അഫ്ഘനാണ്. കമ്മ്യൂണിസ്റ്റ്റഷ്യയുടെ നയം സ്വീകരിച്ച് ബ്രിട്ടീഷുകാരെ ഇന്ത്യയിൽനിന്ന് ഓടിക്കുവാൻ ശ്രമിക്കുന്ന അയാൾ ഗാന്ധിജിയുടെ അഹിംസാതത്വം സ്വീകരിച്ചിരിക്കുന്നുവെന്നു പറയുന്നത് വെറും വ്യാജമാകുന്നു. അതിർത്തിവർഗ്ഗക്കാരോട് അയാൾ അടുത്തുപെരുമാറുന്നുണ്ട്. നമ്മുടെ പരമശത്രുവായ തുറാങ്ങ്സായിലെ ഹാജിയുടെ ശ്വശ്രുരനാണ് അയാൾ."

ഖാൻസാഹിബ്ബിൻെറ ജാമാതാവു് രാജാറിലെ സുൽത്താൻ മുഹമ്മദ്ഖാനായിരുന്നു. അദ്ദേഹം മരിച്ചുപോയി. അദ്ദേഹത്തെ ഇംഗ്ലീഷുദ്യോഗസ്ഥന്മാൎക്കു് നല്ലപോലെ അറിയാം. തുറാങ്ങ്സായ്ഗ്രാമത്തിലെ ഹാജി 1911ൽ സമുദായപരിഷ്കാരങ്ങൾക്കായി സ്വന്തം സ്കൂളുകൾ സ്ഥാപിച്ചു. അതോടുകൂടി അദ്ദേഹം പ്രസിദ്ധനായിത്തീൎന്നു. സംസ്ഥാനത്തിൽ ദേശീയവിദ്യാഭ്യാസത്തിൻെറ മാൎഗ്ഗദൎശിയായ അദ്ദേഹവുമായി ഗഫൂർഖാൻ പരിചയപ്പെട്ടു. സേർമൈക്കൾ അവിടെ ഉദ്യോഗസ്ഥനായിരുന്ന കാലത്തായിരുന്നു ഇതെല്ലാം നടന്നതു്. പിന്നീടു് ഹാജി ഗവൎമ്മേണ്ടു് ദൃഷ്ടിയിൽ കുപ്രസിദ്ധനായിത്തീൎന്നു. അപ്പോൾ ആ ഉദ്യോഗസ്ഥൻ കെട്ടിയുണ്ടാക്കിയ നുണയായിരുന്നു ഗഫൂർഖാൻ ഹാജിയുടെ ശത്രുരനാണെന്നതു്. ഹാജിയുടെ സ്കൂളുകളെ 1915ൽ ഇടിച്ചു തകൎത്തു അതിനെത്തുടൎന്നു് അയാൾ നാടുവിട്ടോടിപ്പോകയും ചെയ്തു.

ഖാൻസാഹിബ്ബു് അതിൎത്തിവൎഗ്ഗക്കാരുമായി കൂട്ടുകെട്ടുണ്ടായിരുന്നു എന്ന സംഗതിയെപ്പററി ചിന്തിക്കാം. അതിൎത്തിവൎഗ്ഗക്കാരുടെ രാജ്യം മലമ്പ്രദേശമാണു്. ആ പ്രദേശത്തെ സ്വതന്ത്രജില്ലകൾ എന്നു വിളിക്കുന്നു. പത്താൻവൎഗ്ഗക്കാരാണു് അവിടെ അധിവസിക്കുന്നതു്. ബ്രിട്ടീഷുകാർ ഭരിക്കുന്ന ജില്ലയുടെ അഞ്ചിരട്ടി വലിപ്പമുണ്ടു് അവയ്ക്കു്. ബ്രിട്ടീഷുജില്ലയുടെ ഗവൎണ്ണൎക്കു് ആ ജില്ലകളിലും ഭരണാധികാരമുണ്ടു്. പത്താൻവൎഗ്ഗക്കാർ അപരിഷ്കൃതന്മാരും, ഇണക്കമില്ലാത്തവരും ആണെങ്കിലും, അയൽരാജ്യങ്ങളിൽ നടക്കുന്നതൊന്നും അറിയാതിരിക്കത്തക്ക ബുദ്ധിയില്ലാത്തവരല്ല.

ലാത്തികൊണ്ടു തല്ലുകൊണ്ടാൽക്കൂടിയും അവക്ക് ദേഷ്യം വരാറില്ല. ക്ഷമയോടുകൂടി അതെല്ലാം സഹിക്കും. ക്രമേണ അവരുടെ പ്രകൃതിക്കും വ്യത്യാസം വന്നുതുടങ്ങി. 1921ൽ ഖാൻസാഹിബ്ബ് സ്ഥാപിച്ച അസാദ്സ്കൂളിലേക്ക് മലക്കണ്ടു്, ബജോർ, സ്വാററ് മുതലായ സ്ഥലങ്ങളിൽനിന്ന് അവർ കുട്ടികളെ അയച്ചുതുടങ്ങി. അവരിൽ ചിലർ ദൈവസേവാസംഘത്തിൽചേന്ന് ജെയിൽവാസം വരിക്കുകയുണ്ടായി. ആ വഗ്ഗക്കാരെ മുഴുവനും സമാധാനതല്പരരാക്കിത്തീക്കുവാൻ ഗഫൂർഖാൻ ആഗ്രഹിച്ചു. എന്നാൽ അദ്ദേഹത്തെ അതിത്തി കടന്നുപോവാൻ ഒരിക്കലും അനുവദിച്ചിരുന്നില്ല. ദേവദാസ്ഗാന്ധിയുടെകൂടെ 1931ൽ ചക്ക്ധരപാലം കാണ്മാൻ പോകുവാൻകൂടി ഖാൻസാഹിബ്ബിനെ അനുവദിച്ചില്ലത്രെ. അതിത്തിവഗ്ഗക്കാർ കൂടക്കൂടെ ബ്രിട്ടീഷുജില്ലകളെ ആക്രമിച്ചുകൊണ്ടിരിക്കുന്നു എന്നായിരുന്നു ഇംഗ്ലീഷുകാരുടെ ആക്ഷേപം. അഹിംസാതത്വങ്ങളിൽ ഖാൻസാഹിബ്ബിന് ഉറച്ചവിശ്വാസമുണ്ടു്. അദ്ദേഹവും ഗാന്ധിജിയുമായുള്ള ബന്ധം അഭേദ്യമാണു്. വല്ല അക്രമികളുടേയോ, കൊള്ളക്കാരുടേയോ ഉപദ്രവമുണ്ടാകുമ്പോഴം ആത്മരക്ഷാത്ഥം ബലം പ്രയോഗിക്കുവാൻ ഒരു ദൈവസേവകനെ അനുവദിക്കുമോ എന്നുംകൂടി അദ്ദേഹം ഗാന്ധിജിയോട് ചോദിക്കയുണ്ടായിട്ടുണ്ടു്. സത്യാവസ്ഥ ഇങ്ങനെയിരിക്കെ, എന്തൊരു നുണയാണു് സേർമൈക്കാംഒഡ്വയർ പറയുന്നതു്! ഖാൻസാഹിബ്ബ് ഗാന്ധിജിയുടെ അഹിംസാതത്വങ്ങളെ പരിഹസിക്കുന്നുവത്രെ! തൻെറ സംസ്ഥാനം അക്രമം പ്രവത്തിക്കുന്നില്ലെന്ന് അദ്ദേഹം പറയുന്നില്ല.

അതിനെ ഇല്ലായ്മ ചെയ്യാനാണ് അദ്ദേഹത്തിന്റെ ശ്രമം മുഴുവനും. അതിനുവേണ്ടിയാണ് അഹിംസാതത്വം അംഗീകരിച്ചിരിക്കുന്നതും.

ഖാൻ സഹോദരന്മാരുടെ കുടുംബചരിത്രം നോക്കിയാലും ബ്രിട്ടീഷുകാർക്ക് അവരെപ്പററി യാതൊരാശങ്കയ്ക്കും അവകാശമില്ല. ഡാക്ടർ ഖാൻസാഹിബ്ബിന്റെ ഭാര്യ ഇംഗ്ലീഷുകാരിയാണ്. അവർ ഇന്ത്യയിൽ പാർക്കുന്ന കാലത്ത് ഗവർണ്ണരുടെ ഭാര്യയും, മററ് ഇംഗ്ലീഷ് അതിഥികളും അവരുടെ ഗൃഹത്തിൽ കൂടക്കൂടെ പോയിരുന്നു. ഒരു മകൻ ലണ്ടൻ മട്രിക്കുലേഷൻ പരീക്ഷ പാസ്സായി ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ അക്കാലത്തു പഠിക്കുകയായിരുന്നു. അദ്ദേഹത്തിന്റെയും അനുജന്റെയും പുത്രിമാരും ഒരു ഇംഗ്ലീഷ് സ്കൂളിലായിരുന്നു പഠിച്ചിരുന്നത്. ഡാക്ടർ ഖാൻസാഹിബ്ബിന്നു് ആദ്യത്തെ ഭാര്യയിൽ ഉണ്ടായ മൂത്ത പുത്രൻ ലോമ്പറെ എഞ്ചിനീയറിങ്ങ് കോളേജിൽ നിന്നാണ് ഡിഗ്രിയെടുത്തത്. അയാൾ 1930 ൽ ഇംഗ്ലണ്ടിൽനിന്നു മടങ്ങി. രണ്ടാമത്തെ മകനായ അബ്ദുള്ളഖാൻ മലിരാശിയിൽനിന്നു തോൽവ്യവസായം പരിശീലിച്ച് ഉപരിപഠനാർത്ഥം ഇംഗ്ലണ്ടിലേയ്ക്കു പോകുവാൻ പുറപ്പെട്ടു. ആ സമയത്ത് വാടക കൊടുത്തില്ല എന്ന കാരണത്താൽ അയാളെ അറസ്ററുചെയ്തു. ഖാൻ അബ്ദുൾഗഫൂർഖാന്റെ മൂത്ത പുത്രൻ രണ്ടു കൊല്ലം ഇംഗ്ലണ്ടിലും, വളരെക്കൊല്ലം അമേരിക്കയിലും പഞ്ചസാരശുദ്ധീകരണസമ്പ്രദായം പരിശീലിച്ചുകൊണ്ടിരുന്നു. രണ്ടാമത്തെ മകൻ ഡേറാഡൂണിൽ കേണൽബ്രൗണിന്റെ സ്കൂളിൽ പഠിച്ചു്

കെയിംബ്രിഡ്ജ് പരീക്ഷ പാസ്സായി. ഒടുവിലത്തെ മകൻ അക്കാലത്തു് വാർദ്ധായിലുമായിരുന്നു.

ഖാൻ സഹോദരന്മാർ വൈഗ്രാമിൻെറ ശിഷ്യന്മാരായിരുന്നുവെന്നു പറഞ്ഞുവല്ലോ. അദ്ദേഹത്തിൽനിന്നു് പല വിശിഷ്ടഗുണങ്ങളും അവക്കു പഠിക്കുവാൻ സാധിച്ചു. അവർ മരിച്ചതിനുശേഷവും വൈഗ്രാംകുടുംബക്കാരുമായുള്ള മൈത്രി നിലനിത്തിവന്നു. ആ ഗുരുവിൻെറ സഹോദരനായ ഡാക്ടർ വൈഗ്രാമിൻെറ സഹായത്താലായിരുന്നു ഡാക്ടർ ഖാൻസാഹിബ്ബിനു ലണ്ടനിലെ സെൻറ്തോമസ്സ് ആസ്പത്രിയിൽ പ്രവേശനം ലഭിച്ചതു്. ഇന്ത്യയിലെ മെഡിക്കൽ സെർവീസ്സിലെ പല യോഗ്യന്മാരും അദ്ദേഹത്തിൻെറ ആത്മസ്നേഹിതന്മാരായിരുന്നു. പെഷവാർ ക്ലബ്ബിലെ മെമ്പറായ അദ്ദേഹത്തെ അതിലെ ഭൂരിപക്ഷം അംഗങ്ങളായ മിലിട്ടറി ഉദ്യോഗസ്ഥന്മാർ ബഹുമാനിക്കയുണ്ടായി. ഒരു സ്ക്കൗട്ട് കമ്മീഷണരുംകൂടിയായിരുന്നു ഡാക്ടർ ഖാൻ സാഹിബ്ബ്. കൃഷി ഡിപ്പാർട്ടുമെണ്ടിലെ ഒരു ഉയന്ന ഉദ്യോഗസ്ഥൻ അദ്ദേഹത്തിൻെറ ആത്മമിത്രമായിരുന്നു. ഉദ്യോഗമൊഴിഞ്ഞു് അദ്ദേഹം ആസ്ത്രേലിയയിൽ താമസിക്കുന്ന കാലത്തുകൂടി സഹോദരന്മാരുടെ ക്ഷേമവത്തമാനങ്ങൾ അന്വേഷിച്ചു് കത്തുകൾ അയച്ചിരുന്നു. ഒരു കത്തിൽ ഗഫൂർ ഖാനെപ്പററി ഇങ്ങനെ എഴുതി കണ്ടു:—"ഗഫൂർഖാനെപ്പോലെ ഉത്തമനും, വിശാലമനസ്കനുമായ ഒരു മാന്യനെ ഞാൻ കണ്ടിട്ടേയില്ല."

ഇങ്ങനെയെല്ലാമാണെങ്കിലും ബ്രിട്ടീഷുകാർ ഖാൻ സഹോദരന്മാരെ അഫ്ഘാൻ വിപ്ലവക്കാർ എന്നും, സോ

വിയററ് റഷ്യൻ റിപ്പബ്ലിക്കിൻെറ പ്രോത്സാഹകന്മാർ എന്നും മററും പറഞ്ഞു് അധിക്ഷേപിച്ചുതുടങ്ങി. അതു് തെററാണു്. ഇന്ത്യയിൽ ബോൾഷെവിസം കടക്കരുതെന്ന പക്ഷക്കാരായിരുന്നു ആ സഹോദരന്മാർ. ബ്രിട്ടീഷുഭരണം വെറുത്തിരുന്നപോലെ അവർ റഷ്യക്കാരേയും വെറുത്തിരുന്നു. സമുദായോന്നമനത്തിനുവേണ്ടി പ്രവൎത്തിക്കയാണു് നല്ലതെന്നു് അവർ തീർച്ചപ്പെടുത്തി. "നമ്മുടെ നാട്ടിൽ അനേകം നെയ്ത്തുകാർ ഉണ്ടു്. എന്നാൽ അവർ ക്രമേണ നശിച്ചുകൊണ്ടേയിരിക്കുന്നു. അവരെ നന്നാക്കിത്തീർക്കണം. നെയ്ത്തിൻെറ മാഹാത്മ്യം അവരെ ധരിപ്പിക്കണം," എന്നു് ഗഫർഖാൻ പറഞ്ഞു് ആ ജില്ലയിലെ എല്ലാ ഗ്രാമങ്ങളും സന്ദർശിച്ചു. താൻതന്നെ നൂൽ നൂല്ക്കുവാൻ പഠിക്കുകയും ചെയ്തു. "ഗാന്ധിജിയേക്കാൾ ഒരു യഥാൎത്ഥസോഷ്യലിസ്ററുകാരനെ കാണിച്ചുതരൂ. എന്നാൽ നമുക്കു് അദ്ദേഹത്തെ അനുകരിക്കാം," എന്നു് സോഷ്യലിസ്റ്റ് സിദ്ധാന്തത്തെപ്പററി തൎക്കിക്കുവാൻ വരുന്നവരോടു് ആ സഹോദരന്മാർ പറയുക പതിവായിരുന്നു.

**കുടുംബം മുഴുവനും ജയിലിൽ:**—സമാധാനകാലത്തും നികുതി കൊടുത്തില്ല എന്ന കാരണത്താൽ അതിൎത്തിപ്രദേശങ്ങളിലെ ദൈവസേവകന്മാരെ പ്രാസിക്യൂട്ടു് ചെയ്തിരുന്നു. അവിടെ അക്കാലത്തു് നികുതിനിരോധപ്രസ്ഥാനമുണ്ടായിരുന്നില്ല. ഡാക്ടർ ഖാൻ സാഹിബ്ബിൻെറ രണ്ടാമത്തെ പുത്രനായ അബ്ദുള്ളഖാൻ നികുതി വകയിൽ ബാക്കി വെച്ചിരുന്ന 300ക കുവേണ്ടി അറസ്ററുചെയ്യപ്പെട്ടു. തന്നെ പാർപ്പിച്ചിരുന്ന ജയിലിലെ വൃത്തികേടെല്ലാം കണ്ടു്

അയാളം നിരാഹാരവ്രതം അനുഷ്ഠിക്കയുണ്ടായി. അയാളെ വിട്ടതിന്നുശേഷം പ്രത്യേകകല്പനപ്രകാരം ഗ്രാമത്തിൽ വെച്ചു് വീണ്ടും അറസ്ററു ചെയ്തു. അതിനെ തുടൎന്നായിരുന്നു സഹോദരന്മാരുടേയും, കുടുംബാംഗങ്ങളുടേയും അറസ്ററുണ്ടായതു്. ഡർബാറിനു സന്നിഹിതരാകുവാനുണ്ടായ ക്ഷണം നിഷേധിച്ചതായിരുന്നു അവരുടെ അറസ്റ്റിനുള്ള കാരണങ്ങളിൽ ഒന്നു്. ഗഫൂർഖാൻ ഗാന്ധിജിയെ കാണ്മാൻ ബോംബെയിലേയ്ക്കും, ഡാക്ടർ ഖാൻ സാഹിബ്ബ് നെഹ്രുവിൻെറ ക്ഷണം അനുസരിച്ചു് അലഹബാദിലേയ്ക്കും പോകുവാൻ ഒരുങ്ങിയിരിക്കുമ്പോഴായിരുന്നു അവർ രണ്ടുപേരേയും അറസ്ററു ചെയ്തു് അട്ടാക്ക് ബ്രിഡ്ജിലേയ്ക്കു കൊണ്ടുപോയതു്. ജ്യേഷ്ഠസഹോദരൻെറ മൂത്ത മകൻ ഇംഗ്ലണ്ടിൽനിന്നു മടങ്ങി സംസ്ഥാനകാൺഗ്രസ്സ്കമ്മിററി സെക്രട്ടറിയായി. അയാളേയും അറസ്ററു ചെയ്തു. ഖാൻ സാഹിബ്ബിൻെറ ഭാൎയ്യ നാട്ടിൻപുറത്തുള്ള വീട്ടിലേയ്ക്കു രണ്ടു ദിവസം മുമ്പു് പോയിരുന്നു. ഉദ്യോഗസ്ഥന്മാർ ഒരു ദിവസം അൎദ്ധരാത്രി അവരെയെല്ലാം ഉണൎത്തി വീടു പരിശോധനയ്ക്കു വിട്ടു തരേണമെന്നാവശ്യപ്പെട്ടു. അവിടെവെച്ചായിരുന്നു രോഗപീഡിതനായി കിടന്നിരുന്ന അബ്ദുള്ളഖാനെ അറസ്ററുചെയ്തതു്.

അച്ഛന്മാരും മക്കളും ഒപ്പം അറസ്ററുചെയ്യപ്പെട്ടുവെങ്കിലും, അവർ ഒരേ ജയിലിൽ പാൎപ്പിക്കപ്പെട്ടില്ല. ജ്യേഷ്ഠനെ പ്രത്യേകവണ്ടിയിൽ കയററി അലഹബാദിലെ നൈനി ജെയിലിലേയ്ക്കു കൊണ്ടുപോയി. അനുജനെ കൊണ്ടുപോയതു് ഹസ്സറിബോഗ്ജയിലിലേയ്ക്കുമായിരുന്നു. മൂത്ത

മകൻ സാഡുള്ളഖാനെ കാശി ജയിലിലേയ്ക്കും. കുറെ ലഹളകൂട്ടിയതിൽപ്പിന്നെ ഡാക്ടർ ഖാൻ സാഹിബ്ബിനെ അനുജൻെറ കൂടെ ഹസ്സറിബാഗ് ജയിലിലേയ്ക്കും മാററുകയുണ്ടായി. വീട്ടിൽ ബാക്കി ശേഷിച്ചതു് ഡാക്ടരുടെ ഭാര്യമാരും, മൈനർമാരായ കുട്ടികളും മാത്രം. അനുജൻെറ ഭാര്യ മരിച്ചിട്ടു് 10 കൊല്ലമായി. അവരുടെ രണ്ടു സഹോദരിമാരും ആ പ്രസ്ഥാനത്തിൽ ചേൎന്നു. അവരെ അറസ്ററുചെയ്തില്ല. എന്നാൽ അവരുടെ പുത്രന്മാരേയും, അടുത്തതും ദൂരത്തുള്ളതുമായ ചാൎച്ചക്കാരേയും അറസ്ററുചെയ്യുകയുണ്ടായി. അതിനെ തുടൎന്നു് ദൈവസേവകന്മാരിൽ പ്രമാണികളേയും.

ഗഫൂർഖാനെ ബോംബെയ്ക്കു പോകുവാൻ അനുവദിക്കുകയും ബോംബെയ്ക്കു പോകുന്ന വഴിയ്ക്കു് നെഹ്രുവിനെ അറസ്ററു ചെയ്യാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ചരിത്രം ഒന്നു മാറുമായിരുന്നു. വെല്ലിങ്ങ്ടൺ പ്രഭുവുമായി കൂടിക്കാഴ്ചയ്ക്കു ഗാന്ധിജിയെ അനുവദിച്ചിരുന്നുവെങ്കിലും സ്ഥിതി ഇതായിരിക്കയില്ല. ഗവമ്മേണ്ടു് തൽക്കാലസന്ധിയ്ക്കു വിപരീതമായിരുന്നു പ്രവൎത്തിച്ചതും, ഖാൻസഹോദരന്മാരെ അറസ്ററു ചെയ്തതും. അതിനെപ്പററി സംസാരിയ്ക്കുവാനായിരുന്നു ഗാന്ധിജി ആഗ്രഹിച്ചതു്. തന്നെ അറസ്ററു ചെയ്തു് അല്പദിവസങ്ങൾക്കുള്ളിൽ ഗാന്ധിജി ഒരു തടവുകാരൻെറ നിലയ്ക്കു് വൈസ്രായിക്കു് ഒരു കത്തയയ്ക്കുകയുണ്ടായി. പക്ഷെ, അതിനു് ഒരു മറുപടിപോലും അദ്ദേഹത്തിനു് ലഭിച്ചില്ല.

ധൈര്യശാലിയായ അബ്ദുള്ളഖാനെ ലുഡ്ഡിയാനയിലേയ്ക്കും, പിന്നീട് മുൾട്ടാനിലേയ്ക്കും കൊണ്ടുപോയി. നാട്ടുകാരുടെ ആക്ഷേപങ്ങളുടെ ഫലമായി ഒടുവിൽ സയൽക്കോട്ട് ജയിലിലേയ്ക്കു മാററുകയുണ്ടായി. അവിടെവെച്ച് അയാളുടെ ആരോഗ്യം വർദ്ധിച്ചുതുടങ്ങി. എന്നാൽ വീണ്ടും മുൾട്ടാൻ ജെയിലിലേയ്ക്കുതന്നെ മാററപ്പെട്ടു. അവിടെ എത്തിയ ഉടനെ അയാൾ നിരാഹാരവ്രതം കൈക്കൊണ്ടു. തൻെറ ആരോഗ്യത്തിനു പററിയ സ്ഥലത്ത് താമസിക്കുവാൻ അനുവദിക്കാതിരുന്നതായിരുന്നു ആ വ്രതത്തിനു കാരണം. 78 ദിവസം നീണ്ടുനിന്ന ആ വ്രതം ചരിത്രപ്രധാനമായ ഒന്നായിത്തീർന്നു. ഒടുവിൽ ഗവമ്മേണ്ടിനുതന്നെ കീഴടങ്ങേണ്ടതായി വന്നു. അയാളെ സയൽക്കോട്ട് ജയിലിലേയ്ക്കു മാററുകയും ചെയ്തു.

തൻെറ മകനെപ്പററി ഡാക്ടർ പറഞ്ഞതു നോക്കുക: "അവൻ ഏതു ദുഷ്കരകർമ്മം ചെയ്യുന്നതിന്നും ഉറച്ച ഒരു യുവാവാണ്."

അബ്ദുള്ളയുടെ നിരാഹാരവ്രതത്തെപ്പററി ഖാൻ സഹോദരന്മാർക്ക് ചിലപ്പോഴെല്ലാം വർത്തമാനപത്രങ്ങൾ വഴിയ്ക്ക് അറിയുവാൻ കഴിഞ്ഞിരുന്നു. പുത്രൻെറ ദേഹസ്ഥിതിയെപ്പററി ഗവമ്മേണ്ട് അവരെ അറിയിക്കയുണ്ടായില്ല. അവനെ കാണ്മാൻ തങ്ങളെ അനുവദിക്കണമെന്ന് അവർ ഒരിക്കലും ഗവമ്മേണ്ടിനോട്ട് അപേക്ഷിക്കയും ഉണ്ടായില്ല. മകൻെറ മരണം തീർച്ചയാണെന്നു കടലാസ്സു വഴിയ്ക്ക് അവർ മനസ്സിലാക്കിയപ്പോൾ ശവം മാവു ചെയ്യേണ്ടതു് ഇന്ന പള്ളിയിൽ ഇന്നിന്ന വിധത്തിലായിരിക്കണെ

മെന്ന് ആ ധീരസഹോദരന്മാർ ഗവർമ്മേണ്ടിനെ അറിയിക്കുക മാത്രം ചെയ്തു. ഈ കത്തു് അയച്ചു രണ്ടു ദിവസം കഴിഞ്ഞില്ല. അപ്പോഴേയ്ക്കും അബ്ദുള്ള ജയിച്ചുവെന്നും, സയൽക്കോട്ട് ജയിലിൽവെച്ചു നിരാഹാരവ്രതം അവസാനിപ്പിച്ചുവെന്നും ഉള്ള സന്തോഷകരമായ വൎത്തമാനം ആ പിതാക്കൾ കേട്ടു. ഈ പരീക്ഷണങ്ങൾ അനുഭവിക്കുന്നുണ്ടെങ്കിലും മക്കൾക്കോ അച്ഛന്മാൎക്കോ യാതൊരു പരിഭവവും ഉണ്ടായിരുന്നില്ല. ഡാക്ടർ പുഞ്ചിരി തൂകിക്കൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞതിതായിരുന്നു:—"ഗവർമ്മേണ്ടു് ഒരു കാര്യം ചെയ്തു. അവർ അവനെ വ്രതത്തിനുശേഷം നല്ലവണ്ണം ശുശ്രൂഷിച്ചു. ആ ശുശ്രൂഷ ചെയ്തതിനാണ് ഞാൻ ഗവർമ്മേണ്ടിനോട്ട് നന്ദി പറയുന്നതു്." ഡാക്ടരുടെ ഒടുവിലത്തെ പുത്രനായ ഹിഡിയാത്തുള്ളഖാൻ ഇതിലൊന്നും പങ്കുകൊണ്ടിരുന്നില്ല. ബോംബെയിലെ ഗ്രാൻറ് മെഡിക്കൽ കോളേജിലെ ഒരു വിദ്യാൎത്ഥിയായിരുന്ന ആ കുട്ടിയേയും ഉത്ത്മാൻസായിൽവെച്ചു് അറസ്റ്റുചെയ്തു് 6 മാസം തടവിലിട്ടുകയും ചെയ്തു.

പ്രത്യേകതകൾ:—ഈ സഹോദരന്മാരെയാണ് ഇന്ത്യയിലെ 'പബ്ലിക്ക് ശത്രുക്കൾ' എന്നു വിളിച്ചുവന്നിരുന്നതു്. അവർ അസാധാരണമായ ത്യാഗം ചെയ്തു. വളരെ ചുരുക്കം പേർ മാത്രം അനുഭവിച്ചിരുന്ന കഷ്ടപ്പാടുകളും അനുഭവിച്ചു. അവരെ സ്ഥിരമായി ജയിലിൽ പാൎപ്പിക്കുന്നതു് സ്വാതന്ത്ര്യസമരത്തിനു നാട്ടുകാരെ പ്രോത്സാഹിപ്പിക്കുവാൻ കാരണമായിത്തീരുന്നതാണ്. അതായിരുന്നു ബ്രിട്ടീഷു ഗവർമ്മേണ്ടിനുണ്ടായിരുന്ന ഭയം. അവർ എപ്പോഴെ

ങ്കിലും അക്രമം പ്രവൎത്തിക്കുവാൻ ജനങ്ങളെ ഉപദേശിക്കുക യാണെങ്കിൽ, അവരെ വെടി വെയ്ക്കുവാൻ ഗവൎമ്മെണ്ടു തീ ച്ചപ്പെടുത്തി. ജനങ്ങൾക്ക് അവരുടെ പേരിൽ ഇത്രത്തോ ളം സ്നേഹവും ബഹുമാനവുമുണ്ടായതു് അവരുടെ ത്യാഗവും, കഷ്ടാനുഭവങ്ങളും കണ്ടിട്ടായിരുന്നു. പുറമെ, അവരുടെ നിത്യജീവിതം മാതൃകാപരവും. അനുജൻ ഈശ്വരന്റെ ആളാണു്; ജ്യേഷ്ഠനോ, ഒരു വീരയോദ്ധാവും. അസത്യം, അവാസ്തവം എന്നിവയെ അവർ നിന്ദ്യമായി വീക്ഷിച്ചു വന്നു. കുലീനകുടുംബത്തിൽ ജനിച്ചിട്ടും അനാഡംബരമായ ജീവിതമായിരുന്നു അവർ നയിച്ചു പോന്നതു്.

1931-ൽ ഗഫൂർഖാൻ ബാർഡോളിക്കു പോയപ്പോ ൾ സർദാർ വല്ലഭായി പട്ടേൽ മുതലായ മഹാന്മാർ അദ്ദേ ഹം രണ്ടാം ക്ലാസ്സ് മുറിയിൽനിന്നിറങ്ങുമെന്നു പ്രതീക്ഷി ച്ചുംകൊണ്ടു് സ്റ്റേഷനിൽനിന്നിരുന്നു. എന്നാൽ അതാ മൂന്നാംക്ലാസ്സ മുറിയിൽനിന്നു് കൈയിൽ വെറും ഒരു സഞ്ചി യുമായി ഉയൎന്നു മെലിഞ്ഞ ഒരു ശരീരം ഇറങ്ങുന്നു! സഞ്ചി യിൽ മാറി ഉടുക്കുവാനുള്ള വസ്ത്രവും, ഒരു ടൈംടേബിളും മാത്രമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹം ഒരു ഫക്കീറിനെ പ്പോലെ കാണപ്പെട്ടു. ഏററവും ദരിദ്രരും താണവരുമായ പത്താൻ അനുയായികളുടെ കൂട്ടത്തിൽനിന്നു് അദ്ദേഹത്തെ തിരിച്ചറിയുവാൻ പ്രയാസമാണു്. അദ്ദേഹത്തിൽ കുടികൊ ണ്ടിരുന്ന വിനയം, നിസ്സ്വാൎത്ഥത എന്നി ഗുണങ്ങൾ ഒരു മന്ത്രവടിപോലെ മററുള്ളവരെ തന്നിലേയ്ക്കാകൎഷിച്ചിരുന്നു. ജയിലിൽനിന്നു പുറത്തുവന്നതിനുശേഷം സമുദായോന്നമന ത്തിനുവേണ്ട വഴികൾ ആരായുക, പ്രസംഗങ്ങൾ നടത്തുക

എ നിവയിൽത്തന്നെ അദ്ദേഹം വ്യാപൃതനായി. നിവൃത്തിയില്ലാത്ത സന്ദർഭങ്ങളിൽ മാത്രമേ വാഹനങ്ങളിൽ സഞ്ചരിച്ചിരുന്നുള്ളു. അതും ചുരുങ്ങിയ വാടകക്കുള്ള വണ്ടികൾ. മററുള്ള ദിക്കുകളിലേക്കു നടക്കുകതന്നെ ചെയ്യും. സർവ്വ ആഡംബരങ്ങളേയും ഉപേക്ഷിച്ച്, ചുരുങ്ങിയ തോതിൽ ജീവിതം നയിച്ചുപോന്ന അദ്ദേഹം എവിടെച്ചെന്നാലും ഒരു മാതൃകാപുരുഷനായി ആരാധിക്കപ്പെട്ടുന്നതിൽ എന്താണ് അത്ഭുതം?

ഗഫൂർഖാൻ ഒരിക്കൽ പറകയുണ്ടായി, "ഞാൻ ജന്മനാ ഒരു യോദ്ധാവാണ്. അങ്ങനെയായിത്തന്നെ മരിക്കുകയും ചെയ്യും." എന്നാൽ വാസ്തവത്തിൽ അനേകായിരം യോദ്ധാക്കൾ പറഞ്ഞതു കേൾക്കുവാനുള്ള ഒരു യോദ്ധാവായിരുന്നു അദ്ദേഹം. നടിത്തം, അസാദ്ധ്യത—ഇവ രണ്ടും അദ്ദേഹത്തിൻെറ നിഘണ്ടുവിൽ ഇല്ല. മഹത്തായ സേവനം അനുഷ്ഠിക്കുവാൻ കഴിയാത്ത നായകത്വം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല.

ബ്രിട്ടീഷുകാരുടെ സദുദ്ദേശങ്ങളെപ്പററി ഗഫൂർഖാന് ബഹുമാനമില്ലാതായി. 'വിഭജിക്കുക' 'ഭരിക്കുക', എന്ന തത്വമാണ് അവർ കൈക്കൊണ്ടിരുന്നത്. എന്നാൽ വ്യക്തിപരമായി അദ്ദേഹത്തിന്ന് യാതൊരു ഇംഗ്ലീഷുകാരനോടും ശത്രുതയില്ല. ഉദ്യോഗസ്ഥന്മാരിൽ ജ്യേഷ്ഠൻെറ സ്നേഹിതന്മാരെല്ലാം അദ്ദേഹത്തിൻേറയും സ്നേഹിതന്മാരായിരുന്നു.

ഈശ്വരനു കീഴടങ്ങുന്ന സ്വഭാവമാണ് ഗഫൂർഖാനിൽ കണ്ടിരുന്ന മറെറാരു ഗുണം. ഇസ്ലാംമതത്തിൽ ഉത്തമവിശ്വാസിയായിരുന്ന അദ്ദേഹം ഒരിക്കൽ ഇപ്രകാരം പറ

കയുണ്ടായി, ഗാന്ധിജിയുടെ പേരും പെരുമയുമല്ല എന്നെ അദ്ദേഹത്തിലേയ്ക്കാകർഷിച്ചതു്. എന്നാൽ പരിശുദ്ധമായ ജീവിതവും, ആത്മശുദ്ധിയും ആയിരുന്നു. ഗാന്ധിജി ജീവിതത്തിൽ പ്രയാസമേറിയ ഘട്ടം വരുമ്പോഴും പ്രധാനമായ തീർപ്പു കല്പിക്കുമ്പോഴും ഈശ്വരനെ കുറെ നേരം ധ്യാനിക്കും. അപ്പോൾ മനസ്സിൽ ഉദിക്കുന്നതു് ഈശ്വരകല്പനയാണെന്നു വിചാരിക്കും. ഈശ്വരൻ ദുർമ്മാർഗ്ഗത്തിൽ ചാടിക്കയില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. അദ്ദേഹം ഈശ്വരനു് കീഴടങ്ങിട്ടുള്ള മഹാനാണു്."

ഡാക്ടർ ഖാൻ സാഹിബ്ബിന്റെ സ്വഭാവം വേറൊരു തരം. അദ്ദേഹം വിദേശങ്ങളിൽ സഞ്ചരിച്ചു് പലതരം ജനങ്ങളേയും കണ്ടിട്ടുണ്ടു്. അനുജൻ ആത്മീയക്ഷേത്രത്തിൽ ഇരുന്നു വിശ്രമിക്കുന്നു. ജ്യേഷ്ഠൻ പുതിയ പുതിയ ആളുകളുമായി പരിചയപ്പെട്ടു് അറിവു സമ്പാദിക്കാൻ ഇഷ്ടപ്പെടുന്നു. അനുജൻ സ്വയം അച്ചടക്കത്തിനു് വലിയ പ്രാധാന്യം കല്പിച്ചു. അതിൽ ആനന്ദിക്കുന്നു. ജ്യേഷ്ഠൻ അവസരം വരുമ്പോൾ അതിനെ സന്തോഷത്തോടുകൂടി സ്വീകരിക്കുന്നു. അനുജൻ ശത്രുക്കളോടു് ഭക്തിയോടുകൂടി പെരുമാറുന്നു. ജ്യേഷ്ഠൻ അവരോടു് സാധാരണക്കാരുടെ നിലക്കും പെരുമാറുന്നു. അനുജനു വിദ്യാർത്ഥികളോടു സംസാരിച്ചു് അവരുടെ ചങ്ങാത്തം സമ്പാദിക്കുവാൻ പ്രയാസമാണു്. ജ്യേഷ്ഠനു് അവരോടു തമാശയായി സംസാരിക്കാനും, അവരുടെ സ്നേഹം സമ്പാദിക്കാനും എളുപ്പത്തിൽ കഴിയും.

എല്ലാ കളികളിലും പ്രത്യേകപാടവമുണ്ടായിരുന്നു ഡാക്ടർക്കു്. കോളേജിലെ ക്രിക്കറ്റ് ടീമിന്റെ ക്യാപ്റ്റനാ

യിരുന്ന അദ്ദേഹം ഇംഗ്ലണ്ടിൽവെച്ചു നടന്ന കളിയിൽ പേരെടുത്തു. ജീവിതത്തെയും കളിയുടെ നിലക്ക് മാത്രമേ അദ്ദേഹം കരുതിവന്നിരുന്നുള്ളു. ജീവിതം നമുക്കുവേണ്ടി ധാരാളം സുഖം തരുന്നുണ്ടെങ്കിൽ, അതുപോലെ നമ്മിൽ നിന്നു ദുഃഖങ്ങളെ തടയാതിരിക്കുകയും ചെയ്യുന്നുണ്ട് എന്നായിരുന്നു ഡാക്ടരുടെ ഉറച്ച വിശ്വാസം.

ജ്യേഷ്ഠന് ദൗത്യത്തിനുപോവാൻ വലിയ ഇഷ്ടമാണ്. എന്നാൽ അനുജൻ അതിൽനിന്ന് ഒഴിഞ്ഞുമാറും. ഒന്നാം തരം ജോഡിയായ അവർ പരസ്പരം ഘടകങ്ങളുമാകുന്നു. രണ്ടുപേർക്കും ദൈവസേവകന്മാർ എന്ന പേർ കണ്ണിനുപീയൂഷമായി തോന്നിയിരുന്നുവത്രെ.

**ഗൃഹത്തിൽ:**—ഹസ്സാറിബാഗ് ജയിൽവിമോചനത്തിനുശേഷം ഖാൻസഹോദരന്മാർ സെത്ത്ജെംനലാൽബജാജിന്റെ ക്ഷണം സ്വീകരിച്ച് വാർധയിലുള്ള അദ്ദേഹത്തിന്റെ ഭവനത്തിൽ താമസമാക്കി. ഗാന്ധിജിയും ബജാജിന്റെ അതിഥിയായി വാർധയിൽ പാർക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സേവനം ആഗ്രഹിച്ചായിരുന്നു അവർ അവിടെയ്ക്കുപോകുവാൻ തീർച്ചപ്പെടുത്തിയതു്. ഗാന്ധിജിയുടെ കല്പനപ്രകാരം അവർ മധ്യജില്ലകൾ, ബങ്കാൾ ഐക്യസംസ്ഥാനം എന്നിവിടങ്ങളിൽ സഞ്ചരിച്ചു. അദ്ദേഹത്തിന്റെ ആവശ്യപ്രകാരമായിരുന്നു ഡാക്ടർ ഖാൻസാഹിബ്ബ് അസംബ്ലി എലക്ഷനു നിന്നതും, ഖാൻസാഹിബ്ബ് സർവ്വേന്ത്യാസ്വദേശിപ്രദർശനം ഉൽഘാടനംചെയ്യാൻ പോയതും; കാൺഗ്രസ്പ്രവർത്തകസമിതിയിൽ മെമ്പറായിരുന്നതും മഹാത്മജിയുടെ അനുവാദം വാങ്ങിട്ടായിരുന്നു.

"ഞാൻ ഉദ്യോഗത്തിനു പററിയ ആളല്ല. ഒരു താണ വേലക്കാരനായിരിക്കാം," എന്നു് അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു. സർവ്വേന്ത്യാഗ്രാമവ്യവസായസംഘത്തിൻെറ പ്രവർത്തകസമിതിയിൽ ഗാന്ധിജി അദ്ദേഹത്തെ ഒരു മെമ്പറാക്കി. അദ്ദേഹം അതു സമ്മതിക്കുകയും ചെയ്തു.

ഡാക്ടർ ഖാൻസാഹിബ്ബിനു് അനുജനേക്കാൾ അധികം സ്നേഹിതന്മാരുണ്ടായിരുന്നു. അദ്ദേഹം ബജാജിൻെറ കുടുംബത്തിലെ രോഗികളെ ചികിത്സിച്ചും, പരിചരിച്ചും സമയം കഴിച്ചുകൂട്ടി. ഗാന്ധിജിയെ കാണ്മാൻ വന്നിരുന്ന അനേകംപേർ അതുകണ്ടു് അഭിനന്ദിച്ചു. പിന്നീടു് വാർദ്ധയിലുള്ള ബാലികമാരുടേയും, സ്ത്രീകളുടേയും ആശ്രമത്തിൽ തൻെറ സേവനങ്ങൾ വിനിയോഗിച്ചുതുടങ്ങി. രോഗികളെ ചികിത്സിക്കുവാനും, നഗരശുചീകരണത്തിൻെറ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുവാനുംവേണ്ടി ദിവസേന 15 നാഴികവീതം നടന്നു് പല ഗ്രാമങ്ങളിലും എത്തിയിരുന്നു. ഇന്ത്യൻ മെഡിക്കൽ സെർവീസ്സിലായിരുന്ന അദ്ദേഹത്തിനു ജോലി ചെയ്യുന്നതിൽ യാതൊരു മടിയുമില്ല. രോഗികളുടെ അടുത്തിരുന്നു ശുശ്രൂഷിക്കുക, അവർക്കുവേണ്ടി പച്ചക്കറിസൂപ്പുണ്ടാക്കുക എന്നിവയെല്ലാം ചെയ്യുന്നതിന്നു ഡാക്ടർക്കു് വലിയ ഉത്സാഹമാണു്. അതിരാവിലെ ആശ്രമത്തിലെത്തി മഹാത്മജിയുടെകൂടെ നടക്കാൻ പോകുകയും ചെയ്തിരുന്നു.

കാൺഗ്രസ്ചരിത്രത്തിൽ ഇതുപോലെ ഉറച്ചവിശ്വാസവും, സ്വാഭാവികമായ ബന്ധവും ഉണ്ടായിരുന്ന രണ്ടു് വ്യക്തികളെ കാണ്മാൻ പ്രയാസമായിരുന്നു. അവർ അവരുടെ കുടുംബകാര്യങ്ങളെ സംബന്ധിച്ചുപോലും മഹാത്മാ

വിൻെറ അഭിപ്രായം ആരാഞ്ഞിരുന്നുവത്രെ. വാൎദ്ധയിലെ അല്പകാലത്തെ താമസത്തിനിടയ്ക്കു് ഗഫൂർഖാന് ബാലികമാരുടേയും, സ്ത്രീകളുടേയും ആശ്രമം കാണ്മാൻ ഇടയായി. അവിടത്തെ അനാഡംബരമായ ജീവിതം, സമാധാനകരമായ അന്തരീക്ഷം, പരിശുദ്ധത, സ്വാതന്ത്ര്യം, കരകൗശലം എന്നിവകണ്ടു് അദ്ദേഹത്തിൻെറ മനസ്സ് അവയിലേയ്ക്കു് പതിഞ്ഞു. ഉടനെതന്നെ ലണ്ടനിൽ അമ്മായിയുടെ കൂടെ പാൎത്തിരുന്ന തൻെറ പുത്രിയെ ഇന്ത്യയിലേയ്ക്കു് വരുത്തി ആശ്രമത്തിൽ ബാലികമാരുടെകൂടെ പരിശീലനത്തിനേല്പിക്കുവാൻ തീൎച്ചപ്പെടുത്തി. ഉത്തമമായ ഒരു തീൎപ്പായിരുന്നു അതു്. ഇംഗ്ലണ്ടിലേയ്ക്കയച്ച് ഇംഗ്ലീഷുസ്കൂളിൽ പഠിപ്പിക്കുന്ന ഒരു പത്താനിപ്പെൺകുട്ടിയെ എന്തുകൊണ്ടു് വാൎദ്ധയിലെ കന്യാശ്രമത്തിൽ പഠിപ്പിച്ചുകൂടാ? ആശ്രമത്തിലെ മീറാബെന്നിനേക്കാൾ ഉത്തമയായ ഒരു സ്ത്രീയെ മററവിടെ രക്ഷാകര്ത്തൃത്വം വഹിക്കുവാൻ ലഭിക്കും?,' ഇങ്ങനെയായിരുന്നു അക്കാര്യത്തിൽ ആക്ഷേപം പറഞ്ഞവരോടു് ഗഫൂർഖാൻ വാദിച്ചതു്. അതിന്നു് ഗാന്ധിജി പൂൎണ്ണസമ്മതം നൽകി. അപ്പോൾത്തന്നെ മീറാബെന്നിനു കേബിൾചെയ്തു മടങ്ങിവരുമ്പോൾ മെർട്ടാജിനെ കൂട്ടിക്കൊണ്ടുവരുവാൻ പറഞ്ഞു. അവർ രണ്ടുപേരും നവമ്പർ 22 ാംനു- വാൎദ്ധയിൽ എത്തുകയും ചെയ്തു. മെർട്ടാജ് ഒന്നരക്കൊല്ലത്തിൻശേഷമാണു് പിതാവിനെ കാണുന്നതു്. എന്നാൽ ഡേറാഡൂണിലെ കേണൽബ്രൗൺസ് സ്കൂളിൽ പഠിക്കുന്ന അനുജൻ അച്ഛനെ കണ്ടിട്ടു് നാലുകൊല്ലമായി. ഗഫൂർഖാൻ ഐക്യസംസ്ഥാനത്തിൽ സഞ്ചരിക്കുന്ന കാലത്തു്

അബ്ദുംറംആലിക്കുട്ടി പിതാവിനെ കാണുകയും, അദ്ദേഹത്തിൻെറകൂടെ വാർദ്ധയിലേയ്ക്കു വരുകയും ചെയ്തു.

തങ്ങളുടെ വന്ദ്യപിതാവിനെ ഡിസംബർ 7-ാംനു- അറസ്റ്റ്ചെയ്തു എന്ന ദാരുണസംഭവം അറിഞ്ഞ ഉടൻ ആ കുട്ടികളുടെ ഹൃദയം എത്ര വ്യാകുലപ്പെട്ടിരിക്കും എന്നു് ഊഹിച്ചുനോക്കുവിൻ. ബജാജ് അബ്ദുംറംആലിയെ ആ വിവരം അറിയിച്ചപ്പോൾ 12 വയസ്സായ ആ ബാലൻ പറഞ്ഞതിതായിരുന്നു, "നിങ്ങളും, ഗാന്ധിജിയും സ്വതന്ത്രന്മാരായിരിക്കുമ്പോൾ എൻെറ അച്ഛനെമാത്രം അറസ്റ്റ്ചെയ്യാൻ കാരണമെന്താണ്?" കരഞ്ഞുംകൊണ്ടിരുന്ന ആ ബാലനോട്, ബജാജ്, "നിൻെറ അച്ഛൻ ബോംബെയിൽവെച്ച് ഗവൺമെണ്ടിനു വിപരീതമായി പ്രസംഗിച്ചു," എന്നു പറഞ്ഞു് അവനെ സമാധാനപ്പെടുത്തി.

ഗഫൂർഖാനു മകൻെറ കാര്യത്തിൽ യാതൊരു മനസ്സമാധാനക്കേടും ഉണ്ടായിരുന്നില്ല. ബജാജിൻേറയും ഗാന്ധിജിയുടേയുംകൂടെ പാർക്കുന്ന കുട്ടിയെപ്പററി അദ്ദേഹം എന്തിനു ഖേദിക്കുന്നു? വാർദ്ധയിലെ അല്പദിവസത്തെ താമസം ഖാൻസഹോദരന്മാർക്കു് വലിയ ഉപകാരപ്രദമായിത്തീർന്നു. ഗാന്ധിജിയുടേയും, ബജാജിൻേറയും പേരിൽ അവർക്കുണ്ടായിരുന്ന സൗഹാർദ്ദത്തേയും, ആത്മീയബന്ധത്തേയും വർദ്ധിപ്പിക്കുവാൻ അക്കാലത്തു് അവർക്കു സാധിച്ചു. രാഷ്ട്രീയകാര്യങ്ങളെപ്പററിയല്ല, ആത്മീയസംഗതികളെപ്പററിയായിരുന്നു അവർ അവിടെവെച്ചു സംസാരിച്ചിരുന്നതു്. ഗാന്ധിജി വായിക്കുന്ന തുളസീരാമായണം കേൾപ്പാൻ ദിവസേന കാലത്തു് ഗഫൂർഖാൻ ആശ്രമത്തിലെത്തും. കാല

ത്തേയും, വൈകുന്നേരത്തേയും പ്രാർത്ഥനയ്ക്കും സന്നിഹിതനാവും. "ഭജനയിലെ സംഗീതം എൻെറ ഹൃദയത്തെ നിറയ്ക്കുന്നു. ആ പദങ്ങളെ ഉർദുഭാഷയിൽ എഴുതി ഒരു പ്രതി എനിക്കു തരൂ," എന്നു് അദ്ദേഹം പെരിലാലിനോട്ട് പറഞ്ഞിരുന്നു. ഇത്തരം ഒതുങ്ങിയ സ്വഭാവമുള്ളവനും, യാതൊരു ഒച്ചപ്പാടുമുണ്ടാക്കാതെ പ്രവർത്തിക്കുന്നവനും ആയതുകൊണ്ടായിരുന്നു ഗാന്ധിജി ഗഫൂർഖാനെ ബങ്കാളിലേയ്ക്കു ക്ഷണിക്കുവാൻ തീർച്ചപ്പെടുത്തിയതു്. അവിടത്തെ നാട്ടിൻപുറങ്ങളിൽ അദ്ദേഹം ഗ്രാമവ്യവസായങ്ങളെ പുനർജ്ജീവിപ്പിക്കുവാൻ പ്ലാനിട്ടു. ഡിസംബർ 9-ാംനു- പുറപ്പെടാമെന്നും നിശ്ചയിച്ചു. എന്നാൽ ബജാജിൻെറ ആവശ്യപ്രകാരം ഗ്രാമവ്യവസായസംഘസ്ഥാപനകർമ്മത്തിൽ പങ്കെടുക്കേണ്ടിവന്നതിനാൽ യാത്ര ഡിസംബർ 15-ാംനു-ക്കു് നീട്ടുകയുണ്ടായി. അങ്ങിനെയിരിക്കെ 7-ാംനു- വൈകുന്നേരം പോലീസ്സ് സൂപ്രേണ്ടു് അറസ്റ്റ്‌വാറണ്ടുംകൊണ്ടു വന്നു. ആ വീരപത്താൻ അതു പുഞ്ചിരിയോടുകൂടി സ്വീകരിക്കുവാൻ തയ്യാറായി. തൻെറ സ്നേഹിതന്മാരേയും, മക്കളേയും, സഹോദരനേയും കാണ്മാൻവേണ്ടി കുറെ സമയം നീട്ടിക്കൊടുത്തു. പുറപ്പാടായപ്പോൾ ഗാന്ധിജി ഇങ്ങനെ പറഞ്ഞു, "ഖാൻ സാഹിബ്ബ്! ഇത്തവണ ഞങ്ങൾ വാദിക്കുവാൻ പോകയാണ്." ഗഫൂർഖാനു് അത്ഭുതം തോന്നി. 1919 മുതൽക്ക് എടുത്തുവന്നിരുന്ന സമ്പ്രദായം തെററിക്കരുതെന്നു് അദ്ദേഹം ഗാന്ധിജിയോടപേക്ഷിച്ചു, ഗാന്ധിജിയാവട്ടെ അതിനു് ഇങ്ങനെ സമാധാനം പറഞ്ഞു, "നിങ്ങളുടെ വിചാരം എനിക്കു് മനസ്സിലായി. എന്നാൽ ഇതല്ല അതിനുള്ള അവ

സരം. നിവൃത്തിയുണ്ടെങ്കിൽ ജേലിൽ പോകാതെ കഴിക്കണം." "നിങ്ങളുടെ ഇഷ്ടംപോലെ," എന്നായിരുന്നു അതിർത്തിഗാന്ധിയുടെ മറുപടി.

ജ്യേഷ്ഠന് അനുജനെ വിട്ടുപിരിയുവാൻ വല്ലരെ കഷ്ടം തോന്നി. എന്നാൽ അനുജനുണ്ടോ തന്നെ സംബന്ധിച്ച് ദുഃഖം തോന്നുന്നു? അദ്ദേഹം കുട്ടികളെ വിളിച്ച് ഇങ്ങനെ ഉപദേശിച്ചു, "മക്കളേ! അച്ഛൻ പോകുന്നുവെന്നു വിചാരിച്ച് നിങ്ങൾ സങ്കടപ്പെടരുത്. ധൈര്യത്തോടുകൂടി ഇരിക്കുവിൻ; അനാഡംബരജീവിതം നയിക്കുവിൻ; അച്ചടക്കം പരിപാലിക്കുവിൻ, വളർത്തുപിതാക്കന്മാരായ ഗാന്ധിജിയുടെയും, ബജാജിന്റെയും കീഴിൽ പഠിക്കുവിൻ; ഈശ്വരനെ സ്മരിക്കുവിൻ."

എന്നാൽ ആ മഹാന്റെ മുഖത്ത് ഒരു ദുഃഖം മാത്രം നിഴലിച്ചുകണ്ടു. "ഞാൻ ബങ്കാളിലെ സാധുക്കളായ മുസൽമാന്മാരോടുചെയ്ത വാഗ്ദാനം നിറവേറുന്നതെങ്ങിനെ? അവരുടെകൂടെ താമസിച്ച്, അവർക്കുവേണ്ടി ജോലിചെയ്യാമെന്നു ഞാൻ ഏററുവല്ലോ. ആ ചെറിയ സേവനംപോലും അനുഷ്ഠിക്കുവാൻ എനിക്ക് തരപ്പെട്ടില്ലല്ലോ," എന്ന് ദീർഘശ്വാസത്തോടുകൂടി അദ്ദേഹം പറഞ്ഞു. വീണ്ടും തുടന്നു, "അതിർത്തിപ്രദേശത്തെ സംബന്ധിച്ച് എന്താണ് ചെയ്യേണ്ടതെന്ന് എനിക്കറിയില്ല. എന്റെ അറസ്റ്റ് നാട്ടുകാരെ ലഹളയ്ക്ക് പ്രേരിപ്പിക്കരുതേ! അവർ അതിനെ ക്ഷമയോടുകൂടി സ്വീകരിച്ച്, സൗമ്യമായി ജോലിചെയ്ത്, ഐകമത്യത്തോടുകൂടിയിരിക്കട്ടെ. എന്റെ സംസ്ഥാനം ഒരു കൊലപാതകസംസ്ഥാനമാണെന്നു ഗവൺമെണ്ട് പറയുന്നു. കഷ്ടമാണിത്!

യാതൊരുവിധത്തിലും രാഷ്ട്രീയകാര്യങ്ങളുമായി ബന്ധമി ല്ലാത്ത വിദ്യാഭ്യാസം, ഗ്രാമോദ്ധാരണം, സാമുദായികപരി ഷ്കരണം എന്നിവയെപ്പററി സാധുക്കളും, അജ്ഞാനികളു മായ പത്താൻവർഗ്ഗക്കാരെ പറഞ്ഞുമനസ്സിലാക്കവാൻകൂടി പാടില്ലെന്നു വന്നുവല്ലോ!''

ബോംബെയ്ക്കുപോകേണ്ട സമയമടുത്തു. അപ്പോൾ ഈശ്വരൻെറ യഥാൎത്ഥഭൃത്യനായ ആ വീരൻെറ—അതി ൎത്തിഗാന്ധിയുടെ—ഹൃദയത്തിൽനിന്ന് ദുഃഖം ആവിയായി പൊങ്ങിപ്പോയി. ബജാജിനോടും, പത്നി ജാനകീദേവി യോടും വിട്ടുപിരിയുമ്പോൾ ഇങ്ങനെ പറഞ്ഞു, "ഇതെല്ലാം ഈശ്വരൻെറ പ്രവൃത്തികളാണ്. ഞാൻ പുറത്തു് ജോലി ചെയ്യണമെന്നു വന്നപ്പോൾ എന്നെ വെളിക്കുവിട്ടു. ഇ പ്പോൾ അകത്തിരുന്നു ജോലിചെയ്യണമെന്നായിരിക്കാം അഭിമതം. ഈശ്വരനെന്തിഷ്ടമോ, അതുതന്നെയാണ് എൻെറയും ഇഷ്ടം.''

ഈ നിസ്സ്വാൎത്ഥസേവകരായ സഹോദരന്മാരെയാണ് ഇപ്പോൾ പാക്കിസ്ഥാൻ ഗവമ്മേണ്ടു് അനിശ്ചിതകാലത്തേ യ്ക്കു് ജയിലിൽ പാൎപ്പിച്ചുകൊണ്ടിരിക്കുന്നതു്. അവരുടെ സ്വദേശം ഭാരതത്തിൽനിന്നു വേർപെട്ടു് പാക്കിസ്ഥാനിൽ ചേൎന്നുവെങ്കിലും, അവർ യഥാൎത്ഥസ്വരാജ്യസ്നേഹികളായി ത്തന്നെ പാക്കിസ്ഥാൻ ഗവമ്മേണ്ടിനെ സേവിച്ചുവരുന്നു എന്നാൽ ചില അഭിപ്രായവ്യത്യാസങ്ങൾകൊണ്ടു് അ വരെ തടവിൽ പാൎപ്പിച്ചിരിയ്ക്കുയാണ്. അവരുടെ ആരോ ഗ്യം വളരെ ക്ഷയിച്ചുതുടങ്ങി. നാനാദേശത്തുനിന്നും ആ വീരസന്താനങ്ങളെ വിമോചിപ്പിക്കണമെന്ന അപേക്ഷകൾ

പാക്കിസ്ഥാൻ ഗവമ്മേണ്ടിന്ന കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. ആ ഗവമ്മേണ്ട് അതൊന്നും വകവെയ്ക്കുന്നില്ല. ഈശ്വരൻതന്നെ ആ ഗവമ്മേണ്ടിന് അവരെ വിട്ടവാനുള്ള സൽബുദ്ധി നൽകട്ടെ!! ഭാരതത്തിൻെറ വീരമൂർദ്ധാമണികളായിരുന്ന ആ സഹോദരന്മാരെ സഹായിക്കുവാൻ സ്വാതന്ത്ര്യഭാരതംകൂടി അശക്തയായിത്തീന്നിരിക്കുന്നു. നെഹ്രു കഴിയുന്നതും ശ്രമിച്ചുനോക്കി.

ഏറെത്താമസിയാതെ തന്നെ ആ സഹോദരന്മാർ ജയിലിൻെറ ഇരുമ്പഴികൾക്കുള്ളിൽനിന്ന പുറത്തുവന്ന് പണ്ടത്തെപ്പോലെ സമുദായസേവനംചെയ്ത്, ലോകോപകാരികളായി കുറെക്കാലം ജീവിച്ചിരിക്കട്ടെ! ഭാരതം അവരോടുള്ള കടമ എന്നും മറക്കാതിരിക്കട്ടെ!

ശുഭം.